വാല്യം 6, ലക്കം 22

# ന്യൂ ഇന്ത്യ സമാചാർ

മെയ് 16-31, 2026

സൗജന്യവിതരണത്തിന്

भारत की जनगणना

2027

CENSUS OF INDIA

जनगणना से जन कल्याण

# സെൻസസ് രാഷ്ട്രത്തിന്റെ പുരോഗതിയുടെ ചാലകശക്തി

സെൻസസിനു സവിശേഷമായ ദേശീയ പ്രാധാന്യമുണ്ട്; വരുംവർഷങ്ങളിൽ നമ്മുടെ നയങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകുന്നതിനുള്ള അടിത്തറ പാകുന്നതു സെൻസസ് വിവരങ്ങളാണ്. അതിനാൽ, വിശ്വസനീയമായ വിവരങ്ങൾ നൽകുക എന്നത് ഓരോ പൗരന്റെയും കടമയാണ്.

ഇ-പകർപ്പിന്

@NISPIBIndia ഫോളോ ചെയ്യൂ...

# രാഷ്ട്രനിർമാണത്തിൽ സിവിൽ ആണവ പദ്ധതിയുടെ അമൂല്യമായ പങ്ക്



***ജനപ്രിയ റേഡിയോ പരിപാടിയായ 'മൻ കീ ബാത്തി'ന്റെ 133-ാം ലക്കത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലും ലോകമെമ്പാടുമുള്ള ജനങ്ങളുമായി ഒരിക്കൽക്കൂടി തന്റെ ചിന്തകൾ പങ്കുവച്ചു. ഏപ്രിൽ 26-നു പ്രക്ഷേപണംചെയ്ത ഈ പ്രഭാഷണത്തിൽ, ശാസ്ത്രം, സാങ്കേതികവിദ്യ, രാജ്യത്തിന്റെ നേട്ടങ്ങൾ എന്നിവയ്ക്ക് അദ്ദേഹം ഊന്നൽ നൽകുകയും രാഷ്ട്രപുരോഗതിയിൽ ശാസ്ത്രജ്ഞർ വഹിക്കുന്ന പങ്കിനെ അഭിനന്ദിക്കുകയും ചെയ്തു. പവനോർജം, സൗരോർജം തുടങ്ങിയ മേഖലകളിൽ രാജ്യത്തിന്റെ വർധിച്ചുവരുന്ന കരുത്തിനെക്കുറിച്ച് അദ്ദേഹം എടുത്തുപറഞ്ഞു. കൂടാതെ, സെൻസസ് യജ്ഞം ഉൾപ്പെടെയുള്ള നിരവധി പ്രധാന വിഷയങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. 'മൻ കീ ബാത്തി'ൽനിന്നുള്ള എഡിറ്റ് ചെയ്ത ഭാഗങ്ങൾ ഇവിടെ നൽകുന്നു...***

- **ആണവോർജ പദ്ധതി:** ഇന്ത്യ എപ്പോഴും ശാസ്ത്രത്തെ രാജ്യത്തിന്റെ പുരോഗതിയുമായി ബന്ധിപ്പിച്ചാണു കാണുന്നത്. ഈ കാഴ്ചപ്പാടോടെയാണു നമ്മുടെ ശാസ്ത്രജ്ഞർ സിവിൽ ആണവോർജ പദ്ധതിയുമായി മുന്നോട്ടു പോകുന്നത്. സുസ്ഥിരമായ ഊർജ പ്രതിവിധികൾ നൽകിയും ആണവ സാങ്കേതികവിദ്യയിലെ പുരോഗതിയിലൂടെ ദേശീയ സുരക്ഷ ശക്തമാക്കിയും അവരുടെ പരിശ്രമങ്ങൾ രാഷ്ട്രനിർമാണത്തിൽ സുപ്രധാന സംഭാവനകൾ നൽകുന്നു.

- **ക്രിട്ടിക്കാലിറ്റി കൈവരിക്കൽ:** നമ്മുടെ ആണവ ശാസ്ത്രജ്ഞർ മറ്റൊരു വലിയ നേട്ടത്തിലൂടെ ഇന്ത്യയുടെ അഭിമാനം ഉയർത്തിയിരിക്കുന്നു. തമിഴ്നാട്ടിലെ കൽപ്പാക്കത്തുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടർ 'ക്രിട്ടിക്കാലിറ്റി' കൈവരിച്ചു. യഥാർഥത്തിൽ, ഒരു റിയാക്ടർ ആദ്യമായി സ്വയം നിലനിൽക്കുന്ന ആണവ ശൃംഖലാപ്രവർത്തനം വിജയകരമായി കൈവരിക്കുന്ന ഘട്ടമാണു ക്രിട്ടിക്കാലിറ്റി.

- **പവനോർജം:** ഇന്ത്യയുടെ വികസനത്തിന്റെ പുതിയൊരു കഥയാണു പവനോർജം രചിക്കുന്നത്. കാറ്റിൽനിന്നുള്ള ഊർജ മേഖലയിൽ ഇന്ത്യ അടുത്തിടെ പ്രധാന നാഴികക്കല്ലു പിന്നിട്ടു. രാജ്യത്തിന്റെ പവനോർജ ഉൽപ്പാദനശേഷി ഇപ്പോൾ 56 ജിഗാവാട്ട് കവിഞ്ഞിരിക്കുകയാണ്.

- **ടീമിനെക്കുറിച്ച് അഭിമാനം:** ഫ്രാൻസിലെ ബോർഡോയിൽ നടന്ന യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ നമ്മുടെ പെൺമക്കൾ എക്കാലത്തെയും മികച്ച പ്രകടനമാണു കാഴ്ചവച്ചത്. കഴിവുറ്റ ഈ ടീമിനെക്കുറിച്ച് എനിക്കു വലിയ അഭിമാനമുണ്ട്. ആഗോളതലത്തിൽ ആറാം സ്ഥാനം നേടാൻ നമ്മുടെ ടീമിനു സാധിച്ചു.

- **ബുദ്ധന്റെ പ്രബോധനങ്ങൾ:** ഭഗവാൻ ഗൗതമ ബുദ്ധന്റെ ജീവിതസന്ദേശം എന്നത്തെയുംപോലെ ഇന്നും പ്രസക്തമാണ്. സമാധാനം നമ്മിൽനിന്നാണ് ആരംഭിക്കുന്നതെന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു; സ്വയം വിജയിക്കുന്നതാണ് ഏറ്റവും വലിയ വിജയമെന്ന പാഠം അദ്ദേഹം നമുക്കു പകർന്നുനൽകി. ലോകം ഇന്നു കടന്നുപോകുന്ന സംഘർഷങ്ങൾക്കും പ്രതിസന്ധികൾക്കുമിടയിൽ ബുദ്ധന്റെ പ്രബോധനങ്ങൾക്കു വലിയ പ്രാധാന്യമുണ്ട്.

- **പാരമ്പര്യങ്ങളിൽ അഭിമാനം:** ഇതാദ്യമായി, ബീറ്റിങ് റിട്രീറ്റിലെ സംഗീതം വേവ്സ് (WAVES) OTT-യിലും ലഭ്യമായി. ഭാവിയിൽ ഇത് മറ്റു പ്ലാറ്റ്ഫോമുകളിലും ലഭ്യമാകും - നിങ്ങൾ ഇതു തീർച്ചയായും കേൾക്കണം. നമ്മുടെ സായുധ സേനയെയും അവരുടെ പാരമ്പര്യങ്ങളെയുംകുറിച്ചു നിങ്ങൾക്കു വലിയ അഭിമാനം തോന്നും.

- **മെച്ചപ്പെട്ട സംരക്ഷണം:** ഛത്തീസ്ഗഢിൽ കൃഷ്ണമൃഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടുതുടങ്ങി. അവയുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിരുന്നുവെങ്കിലും നിരന്തരമായ പരിശ്രമങ്ങൾ സംരക്ഷണം വർധിപ്പിക്കുന്നതിനു കാരണമായി. ഇന്ന് അവ വീണ്ടും തുറസ്സായ പാടങ്ങളിൽ വിഹരിക്കുന്നതു കാണാം. ഗോഡാവൻ എന്നു വിളിക്കപ്പെടുന്ന ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡിന്റെ സംരക്ഷണത്തിലും സമാനമായ പ്രതീക്ഷകൾ ദൃശ്യമാണ്.

- **ബാംബൂ മേഖലയിൽ വടക്കുകിഴക്കൻ മേഖലയുടെ വിജയം:** ഒരുകാലത്തു ബാധ്യതയായി കണ്ടിരുന്ന മുളയെ, 2017-ലെ നിയമഭേദഗതിയിലൂടെ 'മരങ്ങളുടെ' പട്ടികയിൽ നിന്ന് ഒഴിവാക്കി. അന്നുമുതൽ തൊഴിൽ, വാണിജ്യം, നൂതനാശയങ്ങൾ എന്നീ മേഖലകളിൽ മുള മേഖല പുതിയ ഉണർവിനു സാക്ഷ്യംവഹിച്ചു. നമ്മുടെ അമ്മമാരും സഹോദരിമാരുമാണ് ഇതിന്റെ പ്രധാന ഗുണഭോക്താക്കളായി ഉയർന്നുവന്നത്.

- **പ്രത്യേക പോർട്ടൽ:** നാഷണൽ ആർക്കൈവ്സ് പ്രത്യേക പോർട്ടലിലൂടെ സവിശേഷമായ വിവരസഞ്ചയം പങ്കുവച്ചിട്ടുണ്ട്. ഈ സ്ഥാപനം 20 കോടിയിലധികം അമൂല്യരേഖകൾ ഡിജിറ്റൈസ് ചെയ്യുകയും പൊതുജനങ്ങൾക്കു ലഭ്യമാക്കുകയും ചെയ്തു. ഏവരും www.abhilekh-patal.in സന്ദർശിക്കണമെന്നു ഞാൻ അഭ്യർഥിക്കുന്നു.

- **സെൻസസ് 2027:** ദേശീയ സെൻസസ് എന്നത് കേവലം ഗവണ്മെന്റ് ദൗത്യമല്ല. അത് നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്. നിങ്ങളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. വരൂ, നമുക്കേവർക്കും ഈ പ്രക്രിയയിൽ പങ്കാളികളാകാം. 2027-ലെ സെൻസസ് നമുക്കു വിജയകരമാക്കാം.

- **പ്രാദേശികതയിൽനിന്ന് ആഗോളതലത്തിലേക്ക്:** ഇന്ത്യൻ ഉൽപ്പന്നങ്ങൾ ഇപ്പോൾ അതിർത്തികൾ കടന്ന് ആഗോള വിപണികളിലും റെസ്റ്റോറന്റുകളിലും എത്തുന്നു. നാം ഇന്നു "പ്രാദേശികതയിൽനിന്ന് ആഗോളതലത്തിലേക്ക്" ഉള്ള യാത്രയെക്കുറിച്ചു സംസാരിക്കുമ്പോൾ, ഇന്ത്യൻ ചീസ് വരുംകാലത്തേക്കുള്ള ഒരു വഴികാട്ടിയായി നിലകൊള്ളുന്നു.

"മൻ കീ ബാത്ത്" കേൾക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 6, ലക്കം 22 | മെയ് 16-31, 2026

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx

ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ -ൽ* **@NISPIBIndia** പിൻതുടരുക

# ഉൾപ്പേജുകളിൽ..........




സെൻസസ് 2027 കവർ സ്റ്റോറി

ഇന്ത്യയിൽ സെൻസസ് എന്നത് കേവലം ജനസംഖ്യാ കണക്കെടുപ്പ് മാത്രമല്ല; മറിച്ച്, രാജ്യത്തിന്റെ നയരൂപീകരണ ചട്ടക്കൂടിന്റെ നട്ടെല്ലായാണ് ഇത് പ്രവർത്തിക്കുന്നത്. സാധാരണയായി ഓരോ പതിറ്റാണ്ടിന്റെയും തുടക്കത്തിൽ നടക്കാറുള്ള ദശവർഷ സെൻസസ്, ഇത്തവണ കോവിഡ്-19 കാരണം വൈകുകയും 2026 ഏപ്രിലിൽ ആരംഭിക്കുകയും ചെയ്തു. എങ്കിലും, ആധുനിക സാങ്കേതികവിദ്യയുടെയും ഡിജിറ്റൽ വിപ്ലവത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന ഈ സെൻസസ് 'വികസിത ഇന്ത്യ'യുടെ അടിത്തറ പാകാൻ ഇപ്പോൾ സജ്ജമായിരിക്കുകയാണ് |8-26


പ്രധാനമന്ത്രിയുടെ ഉത്തർപ്രദേശ് സന്ദർശനം
**ഗംഗ അതിവേഗപാത: പുതിയ സ്വപ്നങ്ങളിലേക്കും അവസരങ്ങളിലേക്കുമുള്ള കവാടം**



ഗംഗാ അതിവേഗപാത ഉൾപ്പെടെ ആയിരക്കണക്കിനു കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിനു സമർപ്പിക്കുകയും തറക്കല്ലിടുകയും ചെയ്തു |27-29




**വാർത്തകൾ ചുരുക്കത്തിൽ** |4-5

**ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നു**
ധാന്യ സംഭരണ പദ്ധതി രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കു കരുത്തേകുന്നു |6-7

**ന്യൂസിലൻഡിലേക്കുള്ള ഇന്ത്യൻ കയറ്റുമതി നികുതിരഹിതമാകുന്നു**
ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവച്ചു |32-35

**ഇന്ത്യ: ആഗോള സമ്പദ്‌വ്യവസ്ഥയുടെ പ്രധാന സ്തംഭം**
ദക്ഷിണ കൊറിയൻ പ്രസിഡന്റിന്റെ ഇന്ത്യൻ സന്ദർശനം |36-37

**വ്യക്തിത്വം: കുമുദിനി ലാഖിയ**
ഇന്ത്യൻ ശാസ്ത്രീയ നൃത്തത്തിലെ പ്രമുഖ വ്യക്തിത്വം |38



**ആഗോള വിനോദസഞ്ചാരത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രമായി വടക്കുകിഴക്കൻ മേഖല മാറുന്നു**

സിക്കിം സന്ദർശന വേളയിൽ 4,000 കോടി രൂപയിലധികം മൂല്യമുള്ള വികസന പദ്ധതികൾക്കു പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിക്കുകയും തറക്കല്ലിടുകയും ചെയ് തു |30-31



**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail : response-nis@pib.gov.in, RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്...

# സെൻസസ് 2027

## വികസനത്തിലേക്കുള്ള ഇന്ത്യയുടെ പ്രയാണം...

***നമസ്കാരം!***

ലോകത്തിലെ ഏറ്റവും വലിയ ജനസംഖ്യാ കണക്കെടുപ്പായ സെൻസസ് 2027-ന് ഇന്ത്യ തുടക്കംകുറിച്ചു കഴിഞ്ഞു. രാജ്യത്തെ ഏറ്റവും വിപുലമായ, ഭരണപരവും സ്ഥിതിവിവരക്കണക്കുകൾ ക്രോഡീകരിക്കുന്നതുമായ ഈ ദൗത്യത്തിന് ഇതോടെ തുടക്കമായിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി സ്വയം വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യവും പൂർണമായും ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള വിവരശേഖരണവും ഈ സെൻസസിന്റെ പ്രത്യേകതയാണ്. ഓരോ ക്ഷേമപദ്ധതിയും ഓരോ തെരഞ്ഞെടുപ്പ് മണ്ഡലവും വികസനപദ്ധതികളും രൂപീകരിക്കുന്നത് സെൻസസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. കഴിഞ്ഞ 150 വർഷത്തിലേറെയായി ഇന്ത്യയിൽ സെൻസസ് നടന്നുവരുന്നു. ആധുനിക കാലത്തെ ആദ്യത്തെ സമ്പൂർണ സെൻസസ് 1881-ൽ ബ്രിട്ടീഷ് ഭരണത്തിനു കീഴിലാണു നടപ്പാക്കിയത്; അന്നുമുതൽ ഓരോ പത്തു വർഷം കൂടുമ്പോഴും ഇതു തുടർന്നുവരുന്നു. ഇതിനുമുമ്പ് 2011-ലാണു സെൻസസ് നടന്നത്. അടുത്തത് 2021-ൽ നടക്കേണ്ടതായിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരി കാരണം സെൻസസ് മാറ്റിവയ്ക്കേണ്ടിവന്നു. അതിനാൽ, നീണ്ട ഇടവേളയ്ക്കുശേഷം രാജ്യത്തിന്റെ ജനസംഖ്യാപരമായ പുതിയ ചിത്രം നൽകുന്ന 2027-ലെ സെൻസസിനു സവിശേഷ പ്രാധാന്യമുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം ആദ്യമായി ജാതി സെൻസസ് ഈ പ്രക്രിയയുടെ ഭാഗമാക്കി എന്നതും ശ്രദ്ധേയമാണ്. സാമൂഹിക ഐക്യവും നീതിയും പ്രോത്സാഹിപ്പിക്കുന്നതിലേക്കുള്ള നിർണായകമായ ചുവടുവയ്പാണിത്.

ലളിതമായി പറഞ്ഞാൽ, ഒരു രാജ്യത്തെ ഓരോ വ്യക്തിയെയും എണ്ണുന്നതും അവരുമായി ബന്ധപ്പെട്ട സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ ക്രോഡീകരിക്കുന്നതുമാണ് സെൻസസ്. പത്തു വർഷത്തിലൊരിക്കൽ നടക്കുന്ന ഈ പ്രക്രിയയിലൂടെ രാജ്യത്തെ ആകെ ജനസംഖ്യ, പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ നിലവാരം, ലഭ്യമായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവ എളുപ്പത്തിൽ കണ്ടെത്താനാകും. സെൻസസിലൂടെ ലഭിക്കുന്ന വിവരങ്ങളാണ് ഗവണ്മെന്റ് നയരൂപീകരണത്തിന്റെ ആധാരശിലയായി വർത്തിക്കുന്നത്. റോഡുകൾ, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഭവനം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലുമുള്ള ആസൂത്രണം കൃത്യമായി നടപ്പാക്കുന്നത് ഈ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ്. ചുരുക്കത്തിൽ, നയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിലും അവ നടപ്പാക്കുന്നതിലും ഈ കണക്കുകൾ നിർണായക പങ്ക് വഹിക്കുന്നു. സെൻസസിന്റെ വിജയം ഗവണ്മെന്റ് പരിശ്രമങ്ങളെ മാത്രം ആശ്രയിച്ചല്ല; ജനങ്ങളുടെ പങ്കാളിത്തവും അതുപോലെ പ്രധാനമാണ്. കൃത്യവും സമ്പൂർണവുമായ വിവരങ്ങൾ നൽകുക എന്നത് ഓരോ പൗരന്റെയും കടമയാണ്. ഇത് വെറുമൊരു ഔദ്യോഗിക നടപടിക്രമമല്ല; മറിച്ച് രാഷ്ട്രനിർമാണത്തിനായുള്ള ക്രിയാത്മക സംഭാവനയാണ്. വികസിത രാഷ്ട്രത്തിലേക്കുള്ള ഇന്ത്യയുടെ പ്രയാണത്തിൽ സെൻസസിന്റെ പ്രക്രിയ, ലക്ഷ്യങ്ങൾ, പ്രാധാന്യം, ഉപയോഗം, സംഭാവന എന്നിവ വ്യക്തമാക്കുന്ന 'സെൻസസ് 2027' ആണ് നമ്മുടെ ഈ ലക്കത്തിലെ കവർ സ്റ്റോറി.

കൂടാതെ, വ്യക്തിത്വ വിഭാഗത്തിൽ ഇന്ത്യൻ ശാസ്ത്രീയ നൃത്തത്തിലെ പ്രമുഖ വ്യക്തിത്വമായ കുമുദിനി ലാഖിയയെ പരിചയപ്പെടുത്തുന്നു. പ്രധാനപ്പെട്ട ധാന്യ സംഭരണ പദ്ധതി ഉൾപ്പെടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാഴ്ചത്തെ പരിപാടികളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, മാഗസിന്റെ ഉൾക്കവറിൽ 'മൻ കീ ബാത്തി'നെക്കുറിച്ചുള്ള പ്രത്യേക ഉള്ളടക്കവും, പിൻകവറിൽ 'ദേവഭൂമി'യായ ഉത്തരാഖണ്ഡിൽ ചാർ ധാം യാത്ര ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട്, പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കുവച്ച കത്തിലെയും സന്ദേശത്തിലെയും ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.


***നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയക്കുക.***



**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി




**രണ്ടാഴ്ചത്തെ വിശേഷങ്ങളുടെ കലവറ**

ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. ഇതിലെ പത്രാധിപക്കുറിപ്പിലൂടെ മാഗസിനെക്കുറിച്ച് പൊതുധാരണ ലഭിക്കുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വായനക്കാർക്ക് ഈ മാഗസിൻ ഏറെ പ്രയോജനകരമാണെന്ന് തെളിയുന്നു. രണ്ടാഴ്ചത്തെ വിശേഷങ്ങളുടെ കലവറയാണിത്; അതിനാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'വികസിത ഇന്ത്യ' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ഈ മാഗസിൻ നിർണായക പങ്ക് വഹിക്കുന്നു എന്നതിൽ ഞാൻ അഭിമാനിക്കുന്നു.

balkrishnakasar5@gmail.com

**വിപുലമായ വിവരങ്ങൾ നിറഞ്ഞത്**

'ന്യൂ ഇന്ത്യ സമാചാറി'ന്റെ പുതിയ ലക്കം വിപുലമായ വിവരങ്ങൾ ലളിതമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. ഞാൻ ദീർഘകാലമായി ഈ പ്രസിദ്ധീകരണം വായിക്കുന്നുണ്ട്. ഇതിൽ നൽകുന്ന വിവരങ്ങൾ എപ്പോഴും മികച്ചതും ഉജ്വലവുമാണ്. രാജ്യത്തിന്റെ തീരദേശ സമ്പത്തിനെയും ഗതാഗത ശേഷിയെയും കുറിച്ചുള്ള പ്രത്യേക ഉള്ളടക്കം വായനക്കാർക്കു സംതൃപ്തി നൽകുന്ന രീതിയിൽ തയ്യാറാക്കിയതിന് മുഴുവൻ സംഘത്തെയും അഭിനന്ദിക്കേണ്ടതുണ്ട്. വിവരശേഖരണത്തിലും അവതരണത്തിലും ഇത് ഉയർന്ന നിലവാരം പുലർത്തുന്നു. സമുദ്രവ്യാപാരമേഖലയിലെ ഇന്ത്യയുടെ പ്രാധാന്യത്തെയും ആധിപത്യത്തെയും കുറിച്ചുള്ള റഫറൻസ് ഗൈഡായി ഇതിന്റെ പുതിയ പതിപ്പ് മാറുന്നു. അന്തരിച്ച മഹാനായ നേതാവ് ബാബു ജഗ്ജീവൻ റാമിനെക്കുറിച്ച് ആദരവോടെ എഴുതിയ ലേഖനമാണ് ഈ ലക്കത്തിലെ പ്രധാന ആകർഷണം.

**മൻമോഹൻ ബഹേദ് ദാധിച്**

man.bahed82@gmail.com

**മികച്ച ഉള്ളടക്കവും ആഴത്തിലുള്ള സ്വാധീനവും**

ഏപ്രിൽ 5-ലെ 'നാഷണൽ മാരിടൈം സ്പെഷ്യൽ' ലക്കം അതിന്റെ ഉള്ളടക്കത്തിലും സ്വാധീനത്തിലും ഒരുപോലെ മികച്ചതായിരുന്നു. സാമ്പത്തിക ശാസ്ത്ര അധ്യാപിക എന്ന നിലയിൽ, ഈ പ്രത്യേക പതിപ്പിൽനിന്ന് എനിക്ക് വലിയ പ്രയോജനം ലഭിച്ചു. എന്റെ വിദ്യാർഥികൾക്കും ഇന്ത്യയെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന ആർക്കും ഞാൻ ഈ പ്രസിദ്ധീകരണം തീർച്ചയായും ശുപാർശ ചെയ്യും.

**ഡോ. ജിജികുമാരി ടി**

jijikumari@gmail.com

**ഇന്ത്യയെക്കുറിച്ചുള്ള രസകരമായ നിരവധി വിഷയങ്ങൾ മാഗസിനിലുണ്ട്**

ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' ഇ-മാഗസിന്റെ സ്ഥിരം വായനക്കാരിയാണ്. ഇന്ത്യയെ സംബന്ധിച്ച വൈവിധ്യമാർന്നതും രസകരവുമായ നിരവധി വിഷയങ്ങൾ ഉൾക്കൊള്ളുന്ന ആകർഷകമായ പ്രസിദ്ധീകരണമാണിത്.

sangitadatta937@gmail.com

**പുരോഗതിയെയും ക്ഷേമ പദ്ധതികളെയും കുറിച്ച് അറിയാനുള്ള മികച്ച സ്രോതസ്സ്**

ഇന്ത്യാ ഗവണ്മെന്റ് പ്രസിദ്ധീകരിക്കുന്ന 'ന്യൂ ഇന്ത്യ സമാചാർ', രാജ്യത്തിന്റെ പുരോഗതിയെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും അറിയുന്നതിനുള്ള മികച്ച മാധ്യമമാണ്. ഞാൻ ഈ മാഗസിന്റെ സ്ഥിരം വായനക്കാരനാണ്.

**രാജ് കിഷോർ നായക്**

rajkishorenayak405@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003

ഇ-മെയിൽ: response-nis@pib.gov.in

വാർത്തകൾ ചുരുക്കത്തിൽ



## സ്ത്രീകളുടെ തൊഴിൽ നിരക്കിൽ ഏകദേശം ഇരട്ടി വർധന

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ രാജ്യത്തുടനീളമുള്ള സ്ത്രീകൾക്കായി പുതിയതും അനുയോജ്യവുമായ അവസരങ്ങൾ തുറക്കപ്പെടുന്നു. ഇതു സ്ത്രീകളുടെ തൊഴിൽ സൂചികകളിൽ അഭൂതപൂർവമായ പുരോഗതിക്കു കാരണമായി. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കഴിഞ്ഞ ഏഴു വർഷത്തിനിടെ ഗണ്യമായി ഉയർന്നു; 2017-18ൽ 23.3 ശതമാനമായിരുന്നത് 2025-ൽ 40 ശതമാനമായി വർധിച്ചു. ഇതേ കാലയളവിൽ സ്ത്രീകളുടെ തൊഴിലാളി-ജനസംഖ്യാനുപാതം 22 ശതമാനത്തിൽനിന്ന് ഏകദേശം 39 ശതമാനമായി ഉയർന്നു. കൂടാതെ, സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 5.6 ശതമാനത്തിൽനിന്ന് 3.1 ശതമാനമായി കുറഞ്ഞു. തൊഴിൽ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ഇപ്പോൾ കൂടുതൽ വിജയകരമായി ജോലി ലഭിക്കുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇന്ത്യയുടെ സാമൂഹ്യ സുരക്ഷാ പരിരക്ഷ ഏകദേശം മൂന്നിരട്ടി വർധിച്ചതായും 2015-ലെ 19 ശതമാനത്തിൽനിന്ന് 2025-ൽ 64.3 ശതമാനത്തിലധികമായി ഉയർന്നതായും കേന്ദ്ര തൊഴിൽ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പ്രസ്താവിച്ചു. തൊഴിൽ നിയമ പരിഷ്കാരങ്ങൾ, ഡിജിറ്റൽ ഉൾപ്പെടുത്തൽ, ലക്ഷ്യാധിഷ്ഠിത ക്ഷേമപദ്ധതികൾ തുടങ്ങിയ മേഖലകളിലെ നിരന്തരമായ ഇടപെടലുകളുടെ ഫലമാണ് ഈ നേട്ടമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

### സമുദ്രോല്പന്ന കയറ്റുമതി

## എക്കാലത്തെയും ഉയർന്ന നിരക്കിൽ... 72,000 കോടി രൂപ പിന്നിട്ടു


'2047-ഓടെ വികസിത ഇന്ത്യ' എന്ന ലക്ഷ്യം യാഥാർഥ്യമാക്കുന്നതിൽ മത്സ്യബന്ധന മേഖല നിർണായക പങ്കുവഹിക്കുന്നു. അതുകൊണ്ടുതന്നെയാണു മത്സ്യബന്ധനവും ജലജീവിക്കൃഷിയും ശക്തിപ്പെടുത്തുന്നതിനും, മൂല്യവർധിത ശൃംഖലകൾ ആധുനികവൽക്കരിക്കുന്നതിനും, സമുദ്രോല്പന്ന കയറ്റുമതി വ്യാപിപ്പിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റ് നിരന്തരം പ്രവർത്തിക്കുന്നത്. ഈ ശ്രമങ്ങളുടെ ഫലമായി ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതി എക്കാലത്തെയും ഉയർന്ന നിരക്കായ ?72,000 കോടിയിലെത്തി. അളവിന്റെ കാര്യത്തിൽ കയറ്റുമതി 19.32 ലക്ഷം മെട്രിക് ടണ്ണിലെത്തിയിട്ടുണ്ട്. ഇന്ത്യയുടെ റെക്കോർഡ് സമുദ്രോൽപ്പന്ന കയറ്റുമതി കണക്കുകളിൽ ശീതീകരിച്ച ചെമ്മീൻ മാത്രം ?47,973 കോടിയുടെ സംഭാവന നൽകി.




### 2026-ലെ പ്രധാനമന്ത്രി ദേശീയ ബാല പുരസ്കാരത്തിനായുള്ള

## നാമനിർദേശങ്ങൾ

2026-ലെ പ്രധാനമന്ത്രി ദേശീയ ബാല പുരസ്കാരത്തിനു നാമനിർദേശം സമർപ്പിക്കാം. ഇതിനായുള്ള അവസാന തീയതി 2026 ജൂലൈ 31 ആണ്. രാജ്യത്തെ കുട്ടികളുടെ അസാധാരണ നേട്ടങ്ങളെ അംഗീകരിക്കുന്നതിനായി വർഷംതോറും നൽകിവരുന്ന അഭിമാനകരമായ ദേശീയ പുരസ്കാരമാണിത്. ധീരത, കായികം, സാമൂഹ്യസേവനം, ശാസ്ത്ര-സാങ്കേതികവിദ്യ, പരിസ്ഥിതി, കല-സാംസ്കാരികം എന്നീ മേഖലകളിൽ ദേശീയതലത്തിൽ അംഗീകാരം നേടിയ കുട്ടികൾക്കാണ് ഈ പുരസ്കാരം നൽകുന്നത്. 2026 ജൂലൈ 31-ലെ കണക്കനുസരിച്ച് 5-നും 18-നും ഇടയിൽ പ്രായമുള്ള, ഇന്ത്യയിൽ താമസിക്കുന്ന ഏതൊരു ഇന്ത്യൻ പൗരനും ഈ പുരസ്കാരങ്ങൾക്ക് അർഹതയുണ്ട്. നാമനിർദേശങ്ങൾ https://awards.gov.in എന്ന ദേശീയ പുരസ്കാര പോർട്ടൽ വഴി മാത്രമേ സ്വീകരിക്കൂ. പുരസ്കാരങ്ങൾക്കായി നേരിട്ടു സമർപ്പിക്കുന്ന അപേക്ഷകളും മറ്റുള്ളവർ നൽകുന്ന ശുപാർശകളും പരിഗണിക്കുന്നതാണ്.






## ഓൺലൈൻ ഗെയിമിങ് പ്ലാറ്റ്ഫോമുകൾ ഉപഭോക്തൃ വിവരങ്ങൾ ഇന്ത്യയിൽ സംഭരിക്കണം

ഓൺലൈൻ പണമിടപാടു ഗെയിമുകളുടെ വർധിച്ചുവരുന്ന ഭീഷണിയിൽനിന്നു പൗരന്മാരെ സംരക്ഷിക്കുന്നതിനും ഇ-സ്പോർട്സ്, ഓൺലൈൻ സോഷ്യൽ ഗെയിമുകൾ എന്നിവയ്ക്കായി അനുയോജ്യമായ ചട്ടക്കൂടു സ്ഥാപിക്കുന്നതിനുമായി 2025 ഓഗസ്റ്റിൽ പാർലമെന്റ് 'ഓൺലൈൻ ഗെയിമിങ് പ്രോത്സാഹനവും നിയന്ത്രണവും നിയമം, 2025' പാസാക്കിയിരുന്നു. ഈ സംരംഭത്തിന്റെ തുടർച്ചയായി, കേന്ദ്ര ഗവണ്മെന്റ് ഇപ്പോൾ 'ഗെയിമിങ് പ്രോത്സാഹനവും നിയന്ത്രണവും ചട്ടങ്ങൾ, 2026' വിജ്ഞാപനം ചെയ്തു. ഇത് 2026 മെയ് ഒന്നിനു നിലവിൽ വന്നു

- ഒരു പ്രത്യേക ഓൺലൈൻ ഗെയിം 'ഓൺലൈൻ മണി ഗെയിം' (നിരോധിച്ചത്), 'ഓൺലൈൻ സോഷ്യൽ ഗെയിം' അല്ലെങ്കിൽ 'ഇ-സ്പോർട്സ്' എന്നിവയിൽ ഏതാണെന്നു കൃത്യമായി നിർണയിക്കാൻ വ്യക്തവും സുതാര്യവും സമയബന്ധിതവുമായ സംവിധാനം സ്ഥാപിക്കും.
- ഓൺലൈൻ സോഷ്യൽ ഗെയിമുകളുടെയും ഇ-സ്പോർട്സിന്റെയും ഡിജിറ്റൽ റെഗുലേറ്ററായി പ്രവർത്തിക്കാൻ 'ഓൺലൈൻ ഗെയിമിങ് അതോറിറ്റി'ക്കു രൂപംനൽകും.
- പൊതുവെ, ഒരു ഓൺലൈൻ ഗെയിമിന് അതോറിറ്റിയുടെ രജിസ്ട്രേഷൻ ആവശ്യമില്ല; എന്നിരുന്നാലും, ഏതെങ്കിലും പ്രത്യേക ഗെയിമോ വിഭാഗമോ രജിസ്റ്റർ ചെയ്യണമെന്നു കേന്ദ്ര ഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ, അത്തരം രജിസ്ട്രേഷൻ നിർബന്ധമായിരിക്കും.
- ഇ-സ്പോർട്സുകൾ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. 'നാഷണൽ സ്പോർട്സ് ഗവേണൻസ് ആക്ട്, 2025'-നു കീഴിൽ അംഗീകരിക്കപ്പെട്ട ഗെയിമാണെങ്കിൽ അതോറിറ്റി അത് ഇ-സ്പോർട് ആയി രജിസ്റ്റർ ചെയ്യും.
- ഉപഭോക്താക്കളുടെ ഡേറ്റ ഇന്ത്യക്കുള്ളിൽ സംഭരിക്കണമെന്നും നിശ്ചിത കാലയളവു വരെ സുരക്ഷിതമായി സൂക്ഷിക്കണമെന്നും ചട്ടം 17 നിഷ്കർഷിക്കുന്നു.
- 'മണി ഗെയിം' എന്നു വർഗീകരിച്ചിട്ടുള്ള എല്ലാ ഓൺലൈൻ ഗെയിമുകളുടെയും പട്ടികയും (പേരുകളും വിവരങ്ങളും ഉൾപ്പെടെ) അതോറിറ്റി വെബ്സൈറ്റിലോ മൊബൈൽ ആപ്ലിക്കേഷനിലോ പ്രസിദ്ധീകരിക്കും.
- ഓരോ ഗെയിമിങ് കമ്പനിയും ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തണം. കമ്പനിയുടെ മറുപടിയിൽ ഉപഭോക്താവ് തൃപ്തനല്ലെങ്കിൽ, 30 ദിവസത്തിനുള്ളിൽ അതോറിറ്റിക്കു പരാതി നൽകാവുന്നതാണ്.



### ഭക്ഷ്യസംസ്കരണ മേഖലയിലെ പിഎൽഐ പദ്ധതിയിലൂടെ 3.39 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു

2021-22 സാമ്പത്തിക വർഷം മുതൽ നടപ്പു സാമ്പത്തിക വർഷമായ 2026-27 വരെയുള്ള കാലയളവിൽ ഭക്ഷ്യസംസ്കരണ വ്യവസായത്തിനായുള്ള ഉല്പാദനബന്ധിത ആനുകൂല്യ പദ്ധതിക്കായി (PLISFPI) ഗവണ്മെന്റ് ₹10,900 കോടി അനുവദിക്കുന്നു. വില്പന വർധിപ്പിക്കുന്നതിനും ബ്രാൻഡ് പ്രമോഷനും പ്രോത്സാഹനം നൽകി, ആഗോളതലത്തിൽ മുൻനിര ഇന്ത്യൻ ഭക്ഷ്യ ഉൽപ്പാദന കമ്പനികളെ വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിപ്രകാരം, 2026 ഫെബ്രുവരി വരെയുള്ള കണക്കനുസരിച്ച് 274 പ്രോജക്ട് സൈറ്റുകളുമായി ബന്ധപ്പെട്ട 165 അപേക്ഷകൾ അംഗീകരിച്ചു. ഇതിലൂടെ ആകെ ₹2,162.55 കോടിയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. ഈ പദ്ധതികൾ വഴി 3.39 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. കൂടാതെ, ഭക്ഷ്യസംസ്കരണ-സംഭരണ ശേഷിയിൽ പ്രതിവർഷം 3.4 ദശലക്ഷം മെട്രിക് ടണ്ണിന്റെ വർധനയുണ്ടായിട്ടുണ്ട്.



### ശേഖ ഝീൽ പക്ഷിസങ്കേതം

#### ഇന്ത്യയിലെ 99-ാമത് റാംസർ പ്രദേശമായി

ഏപ്രിൽ 22-ന് ഉത്തർപ്രദേശിലെ അലിഗഢിലുള്ള ശേഖ ഝീൽ പക്ഷിസങ്കേതത്തെ ഇന്ത്യയിലെ 99-ാമത് റാംസർ പ്രദേശമായി പരിസ്ഥിതി-വനം-കാലാവസ്ഥാ മന്ത്രി ഭൂപേന്ദർ യാദവ് പ്രഖ്യാപിച്ചു. ഈ അംഗീകാരത്തോടെ ഉത്തർപ്രദേശിലെ ഇത്തരം പ്രദേശങ്ങളുടെ എണ്ണം 12 ആയി ഉയർന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യയുടെ പരിസ്ഥിതി പുനരുജ്ജീവന ദൗത്യത്തിന്, പ്രത്യേകിച്ച് തണ്ണീർത്തടങ്ങളുടെയും പക്ഷിമൃഗാദികളുടെയും സ്വാഭാവിക ആവാസവ്യവസ്ഥ സംരക്ഷിക്കാനുള്ള പ്രതിജ്ഞാബദ്ധതയ്ക്ക് ആഗോള സമൂഹത്തിന്റെ അംഗീകാരം ഒരിക്കൽ കൂടി ലഭിച്ചിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി പ്രസ്താവിച്ചു. മധ്യേഷ്യൻ ഫ്ലൈവേയിലെ പ്രധാന ഇടത്താവളമായ ശേഖ ഝീൽ, ശീതകാലത്തു ദേശാടന പക്ഷികളായ വാത്തകൾ, പെയിന്റഡ് സ്റ്റോർക്ക്സ്, വിവിധയിനം താറാവുകൾ എന്നിവയ്ക്ക് സുപ്രധാന ആവാസവ്യവസ്ഥ ഒരുക്കുന്നു.





# ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ

***രാജ്യത്തിന്റെയും ലോകത്തിന്റെയും വർധിച്ചുവരുന്ന ഭക്ഷ്യധാന്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആരംഭിച്ച ലോകത്തിലെ ഏറ്റവും വലിയ സഹകരണ ധാന്യ സംഭരണ പദ്ധതി കർഷകർക്കു ഗുണകരമായെന്നു മാത്രമല്ല, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കു കരുത്തുപകരുകയും ചെയ്തു. 2023 മെയ് 31-നു കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം ലഭിച്ച്, 2024 ഫെബ്രുവരി 24-നു പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തതോടെ, കർഷകരുടെ വരുമാനത്തിൽ ഗണ്യമായ വർധന സാധ്യമായി.***

സഹകരണ മേഖലയിലെ ലോകത്തിലെ ഏറ്റവും വലിയ ധാന്യ സംഭരണ പദ്ധതിയിലൂടെ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ (PACS) തലത്തിൽ, അനിവാര്യമായ കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതു രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക മാത്രമല്ല, ഭക്ഷ്യധാന്യങ്ങളുടെ പാഴാകൽ കുറയ്ക്കുന്നതിനും ഇടയാക്കുന്നു. കൂടാതെ, കർഷകർക്ക് അവരുടെ ഉല്പാദനത്തിനു മെച്ചപ്പെട്ട വിലയും ലഭിക്കുന്നു. പരീക്ഷണ പദ്ധതിയായി ആരംഭിച്ച ഈ ദൗത്യം അന്തർമന്ത്രാലയ സമിതി, ദേശീയതല ഏകോപന സമിതി, സംസ്ഥാനതല സഹകരണ വികസന സമിതി, ജില്ലാതല സഹകരണ വികസന സമിതി എന്നിവയുടെ നേതൃത്വത്തിലാണ് ഏകോപിപ്പിക്കുന്നത്. രാജ്യത്തെ ഭക്ഷ്യധാന്യ സംഭരണ ശേഷിയുടെ കുറവു പരിഹരിക്കുന്നതിനും കാർഷിക അടിസ്ഥാനസൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനുമായാണു കേന്ദ്ര ഗവണ്മെന്റ് 'സഹകരണ മേഖലയിലെ ലോകത്തിലെ ഏറ്റവും വലിയ ധാന്യ സംഭരണ പദ്ധതിക്ക്' അംഗീകാരം നൽകിയത്. ഈ ദൗത്യത്തിനു കീഴിൽ കാർഷിക അടിസ്ഥാനസൗകര്യ നിധി (AIF), കാർഷിക വിപണന അടിസ്ഥാനസൗകര്യ പദ്ധതി (AMI), കാർഷിക യന്ത്രവൽക്കരണത്തിനുള്ള ഉപദൗത്യം (SMAM), സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ ഔപചാരികവൽക്കരണത്തിനുള്ള പ്രധാനമന്ത്രിയുടെ പദ്ധതി (PMFME) എന്നീ പദ്ധതികളിൽ നിന്നുള്ള ധനസഹായം പ്രയോജനപ്പെടുത്തി സംഭരണശാലകൾ, കാർഷിക യന്ത്രങ്ങൾ വാടകയ്ക്കു ലഭിക്കുന്ന കേന്ദ്രങ്ങൾ, സംസ്കരണ യൂണിറ്റുകൾ, ന്യായവില ഷോപ്പുകൾ എന്നിവയുൾപ്പെടെയുള്ള വിവിധ കാർഷിക അടിസ്ഥാനസൗകര്യങ്ങൾ PACS തലത്തിലും മറ്റു സഹകരണ സംഘങ്ങളിലും സജ്ജമാക്കി വരുന്നു.

AIF പദ്ധതിപ്രകാരം, ഗോഡൗണുകളുടെ നിർമാണത്തിനായി എടുക്കുന്ന വായ്പയ്ക്ക് PACS-കൾക്കു പലിശ ഇളവു നൽകും.

*പങ്കെടുക്കുന്ന സഹകരണ സംഘങ്ങളുടെ സാമ്പത്തിക ബാധ്യത ഗണ്യമായി കുറയ്ക്കുന്നതിനു നബാർഡിന്റെ പ്രത്യേക പുനർവായ്പാദൗത്യവും ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. കാർഷിക അടിസ്ഥാനസൗകര്യനിധിക്കു (AIF) കീഴിൽ ലഭ്യമായ 3% പലിശ ഇളവു കൂടി ചേരുമ്പോൾ, ലോകത്തിലെ ഏറ്റവും വലിയ ധാന്യ സംഭരണ ദൗത്യത്തിനു കീഴിൽ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്കുള്ള (PACS) വായ്പാ പലിശനിരക്ക് 1% ആയി കുറയുന്നു.*

### ധാന്യ സംഭരണത്തിനായുള്ള AMI പദ്ധതി ഭേദഗതി ചെയ്തു

സ്വന്തമായി നിക്ഷേപിക്കേണ്ട തുകയുടെ ആവശ്യകത 20 ശതമാനത്തിൽനിന്ന് 10 ശതമാനമായി കുറച്ചു.

**സമതല പ്രദേശങ്ങൾ**

**7,000**

രൂപ (മെട്രിക് ടണ്ണിന്): മെട്രിക് ടണ്ണിനു നിർമാണച്ചെലവ് 3,000-3,500 രൂപ എന്നതിൽനിന്നു പരിഷ്കരിച്ചു.

**വടക്കുകിഴക്കൻ മേഖല**

**8,000**

രൂപ (മെട്രിക് ടണ്ണിന്): മെട്രിക് ടണ്ണിനു നിർമാണച്ചെലവ് 4,000 രൂപ എന്നതിൽനിന്ന് വർധിപ്പിച്ചു.

- PACS-കൾക്കുള്ള സബ്സിഡി 25 ശതമാനത്തിൽനിന്ന് 33.33 ശതമാനമായി വർധിപ്പിച്ചു (കൃത്യമായി പറഞ്ഞാൽ, സമതല പ്രദേശങ്ങളിൽ മെട്രിക് ടണ്ണിന് 875 രൂപയിൽനിന്ന് 2,333 രൂപയായും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മെട്രിക് ടണ്ണിന് 1,333.33 രൂപയിൽനിന്ന് 2,666 രൂപയായും വർധിപ്പിച്ചു).
- ആഭ്യന്തര റോഡുകൾ, വെയ്ബ്രിഡ്ജുകൾ, അതിർത്തി ഭിത്തികൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കായി PACS- കൾക്ക് ആകെ അനുവദനീയമായ സബ്സിഡിയുടെ മൂന്നിലൊന്നിന് തുല്യമായ അധിക സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥയും ഏർപ്പെടുത്തി.



### ഈ പദ്ധതിക്കു കീഴിൽ സ്ഥാപിച്ചുവരുന്ന സൗകര്യങ്ങൾ...

- PACS/സഹകരണ സംഘങ്ങൾക്ക് കീഴിൽ ഗ്രാമതലത്തിലുള്ള സംഭരണശാലകൾ
- യന്ത്രസാമഗ്രികൾ വാടകയ്ക്കു നൽകുന്ന കേന്ദ്രങ്ങൾ
- സംസ്കരണ യൂണിറ്റുകൾ
- ന്യായവില ഷോപ്പുകൾ (റേഷൻ കടകൾ)

## ധാന്യ സംഭരണ പദ്ധതിയുടെ പുരോഗതി

| | |
|---|---|
| **560** | സഹകരണ സംഘങ്ങളെ ധാന്യ സംഭരണ ദൗത്യത്തിനു കീഴിൽ കണ്ടെത്തിയിട്ടുണ്ട്. |
| **120** | സംഭരണശാലകൾ സഹകരണ സംഘങ്ങൾക്കു കീഴിൽ നിർമിച്ചു. |
| **426** | DPR-കൾ സംഭരണശാലകളുടെ നിർമാണത്തിനായി സമർപ്പിച്ചു. |
| **72,702** | മെട്രിക് ടൺ സംഭരണ ശേഷി ഇതിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ടു. |

*(ശ്രദ്ധിക്കുക: കണക്കുകൾ 2026 ജനുവരി 20 വരെയുള്ളത്.)*

### ധാന്യ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന രീതി

- സംസ്ഥാന സഹകരണ വകുപ്പ് PACS/സഹകരണ സംഘങ്ങളെ കണ്ടെത്തുന്നു.
- അതതു സ്ഥലത്തിന് അനുയോജ്യമായ രീതിയിൽ DPR (പദ്ധതി റിപ്പോർട്ട്) തയ്യാറാക്കുന്നു.
- നിശ്ചയിച്ചിട്ടുള്ള രൂപരേഖയ്ക്കും ഗുണനിലവാര മാനദണ്ഡങ്ങൾക്കും അനുസൃതമായി നിർമാണ പ്രവർത്തനം ആരംഭിക്കുന്നു.
- ഏകദേശം 6 മാസത്തിനുള്ളിൽ സംഭരണശാലകളുടെ നിർമാണം പൂർത്തിയാക്കുന്നു.

**9 വർഷം**

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (FCI) ഈ കാലയളവിലേക്ക് വാടക ഈടു നൽകുന്നു.

കുറഞ്ഞ പലിശ **(ഏകദേശം 1%)**

33% വരെയുള്ള സബ്സിഡിക്കൊപ്പം കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാണ്.



AMI പദ്ധതിക്കു കീഴിൽ ഭക്ഷ്യധാന്യ സംഭരണശാലകളുടെ നിർമാണത്തിന് 33% സബ്സിഡിയും നൽകിവരുന്നു. കൃഷി-കർഷക ക്ഷേമ വകുപ്പ്, AIF പദ്ധതിപ്രകാരം PACS-കൾക്കുള്ള വായ്പ ഉറപ്പ് കാലാവധി 2+5 വർഷത്തിൽനിന്ന് 2+8 വർഷമായി വർധിപ്പിച്ചു.

ഭക്ഷ്യധാന്യ സംഭരണത്തിനായുള്ള അടിസ്ഥാനസൗകര്യങ്ങളുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞ്, രാജ്യത്തിന്റെ ഭക്ഷ്യധാന്യ സംഭരണശേഷി വരുംദിവസങ്ങളിൽ ഏകദേശം മൂന്നിരട്ടിയായി വർധിപ്പിക്കേണ്ടതുണ്ടെന്നും അതിൽ രണ്ടിരട്ടി വിപുലീകരണം സഹകരണ മേഖല ഏറ്റെടുക്കണമെന്നും കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു. ഇത് എല്ലാവരുടെയും ഉത്തരവാദിത്വമാണെന്നും PACS-കളിൽ മാത്രം ഒതുങ്ങരുതെന്നും അദ്ദേഹം പറഞ്ഞു. താലൂക്ക് തലത്തിലുള്ള സഹകരണ ഡയറികൾ, സംസ്ഥാനതല വിപണന ഫെഡറേഷനുകൾ, ധനസഹായത്തിലൂടെ ജില്ലാ സഹകരണ ബാങ്കുകൾ, ജില്ലാ വില്പന-വാങ്ങൽ യൂണിയനുകൾ എന്നിവ വലിയ സംഭരണശാലകൾ നിർമിക്കണം. ഭക്ഷ്യധാന്യങ്ങളുടെ 70 ശതമാനവും ഉത്തരേന്ത്യ, പഞ്ചാബ്, ഹരിയാണ എന്നിവിടങ്ങളിൽനിന്നാണു സംഭരിക്കുന്നതെന്നും സംഭരണം, സംഭരണശാലകൾ, വിതരണം എന്നിവ പ്രാദേശികമായി ഏകോപിപ്പിച്ചാൽ ഗതാഗതച്ചെലവ്, കുറഞ്ഞത് 30-40 ശതമാനം വരെ ഒഴിവാക്കാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സെൻസസ് 2027
കവർ സ്റ്റോറി

## ഇന്ത്യയുടെ സെൻസസ്

# പുരോഗതിയുടെയും വികസനത്തിന്റെയും
## കരുത്തുറ്റ അടിത്തറ




*ഇന്ത്യയിൽ സെൻസസ് എന്നതു ജനസംഖ്യാ കണക്കെടുപ്പു മാത്രമല്ല; മറിച്ച്, രാജ്യത്തിന്റെ നയരൂപീകരണ ചട്ടക്കൂടിന്റെ നട്ടെല്ലായിക്കൂടി അതു വർത്തിക്കുന്നു. സാധാരണയായി ഓരോ പതിറ്റാണ്ടിന്റെയും തുടക്കത്തിൽ നടത്തിവരാറുള്ള ദശവർഷ സെൻസസ്, കോവിഡ്–19 കാരണം ഇത്തവണ വൈകുകയും 2026 ഏപ്രിലിൽ ആരംഭിക്കുകയും ചെയ്തെങ്കിലും, ഒരു 'വികസിത ഇന്ത്യ'യുടെ അടിത്തറ പാകാൻ ഇതിപ്പോൾ സജ്ജമായിരിക്കുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെയും ഡിജിറ്റൽ വിപ്ലവത്തിന്റെയും കരുത്തിൽ, സ്വയം വിവരശേഖരണവും ജാതി സെൻസസും ഉൾപ്പെടുന്ന ഈ പ്രക്രിയ രാജ്യത്തിന്റെ ഭാവിഗതി നിർണയിക്കും. 150 വർഷത്തെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന 2027–ലെ സെൻസസ്, ഈ 'അമൃതകാലത്ത്' ഓരോ പൗരന്റെയും വിവരങ്ങളും പങ്കാളിത്തവും പുരോഗതിയും രേഖപ്പെടുത്തി, രാഷ്ട്രത്തിന്റെ വിധിരൂപരേഖ നിശ്ചയിക്കും. ഇതും വെറും കണക്കെടുപ്പല്ല; മറിച്ച് 'സ്വയംപര്യാപ്ത ഇന്ത്യ'യുടെ പരിവർത്തനത്തിന്റേതായ പുതിയ വികസനഗാഥ രചിക്കാനൊരുങ്ങുന്ന ഒന്നാണ്.*

ഇന്ത്യയുടെ 2027-ലെ സെൻസസ് കേവലം സ്ഥിതിവിവരക്കണക്കു ശേഖരണമല്ല; മറിച്ച്, രാജ്യത്തിന്റെ ഭാവിഗതി നിർണയിക്കുന്ന സമഗ്രമായ ദേശീയ ഉദ്യമമാണ്. ഇതു രാജ്യത്തിന്റെ കണ്ണാടിയായി വർത്തിക്കുന്നു-ഇന്ത്യ സ്വയം നോക്കിക്കാണുന്ന മാധ്യമമാണത്. രാജ്യത്തിന്റെ ആത്മാവിനെ അടുത്തറിയാനും അതിന്റെ ഭാവി രൂപപ്പെടുത്താനും ലക്ഷ്യമിട്ടുള്ള മഹത്തായ പരിശ്രമമാണിത്. ഇന്ത്യയുടെ മനുഷ്യവിഭവശേഷി, വൈവിധ്യം, വെല്ലുവിളികൾ, അതിരുകളില്ലാത്ത സാധ്യതകൾ എന്നിവ പുതിയ വീക്ഷണകോണിലൂടെ വിലയിരുത്താനുള്ള അതുല്യമായ അവസരമാണ് ഇതു നൽകുന്നത്. അതിനാൽ, സെൻസസ് എന്നതു കേവലം ദശാംശ വിവരങ്ങളുടെ ശേഖരമോ പത്തു വർഷത്തിലൊരിക്കൽ നടത്തുന്ന ചടങ്ങോ മാത്രമല്ല; അതു രാജ്യത്തിന്റെ കരുത്തിന്റെയും കഴിവുകളുടെയും യഥാർഥ പ്രതിഫലനമാണ്. ഭാവിയുടെ അടിത്തറ പാകുന്നതിനുള്ള ശക്തമായ ഉപകരണം കൂടിയാണിത്. ഇന്ത്യ വികസനത്തിന്റെ പാതയിൽ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുകയും '2047-ഓടെ വികസിത ഇന്ത്യ' എന്ന ബൃഹത്തായ ലക്ഷ്യം നമ്മുടെ മുന്നിൽ നിൽക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ, 2027-ലെ സെൻസസിന്റെ പ്രാധാന്യം അതിലേറെ ആഴത്തിലുള്ളതാണ്. ചുരുക്കത്തിൽ, സെൻസസ് എന്നതു പരമപ്രധാനമായ ദേശീയ ദൗത്യമാണ്; അതു നൽകുന്ന വിവരങ്ങൾ വരുംവർഷങ്ങളിലെ ദേശീയ നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിനുള്ള നിർണായക അടിത്തറയായി വർത്തിക്കുന്നു. അതുവഴി വരുംദശകങ്ങളിലെ ആസൂത്രണത്തിനു പുതിയ മാനങ്ങളും രൂപവും നൽകുകയും ചെയ്യുന്നു.

**നയരൂപീകരണത്തിനായുള്ള കരുത്തുറ്റ അടിത്തറ**

1951-ൽ സ്വാതന്ത്ര്യത്തിനു ശേഷമുള്ള രാജ്യത്തെ ആദ്യത്തെ സെൻസസ് വേളയിൽ, ഇന്ത്യയുടെ പ്രഥമ ആഭ്യന്തര മന്ത്രി സർദാർ വല്ലഭായ് പട്ടേൽ ഒരു രാഷ്ട്രത്തിന്റെ ജീവദശയിൽ സെൻസസിന്റെ പ്രാധാന്യം വ്യക്തമാക്കി.



# സെൻസസ്: സുദീർഘവും സമ്പന്നവുമായ പാരമ്പര്യം

*ഇന്ത്യ 1881-ലാണ് അതിന്റെ ആദ്യത്തെ ഏകീകൃത സെൻസസ് നടത്തിയത്. എന്നിരുന്നാലും, രാജ്യത്തെ സെൻസസ് നടപടികളെക്കുറിച്ചുള്ള ഏറ്റവും ആദ്യകാല പരാമർശങ്ങൾ കൗടില്യന്റെ 'അർത്ഥശാസ്ത്രം', അബുൽ ഫസലിന്റെ 'ഐൻ-ഇ-അക്ബരി' തുടങ്ങിയ പുരാതന ഗ്രന്ഥങ്ങളിൽ കാണാം.*

- ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നതിൽ ഭാരതത്തിന് സുദീർഘവും സമ്പന്നവുമായ പാരമ്പര്യമുണ്ട്. സെൻസസിനെക്കുറിച്ചുള്ള ഏറ്റവും ആദ്യകാല പരാമർശം കൗടില്യന്റെ 'അർത്ഥശാസ്ത്രത്തിൽ' (ബി.സി.ഇ. 321-296) കാണാം.
- അക്ബർ ചക്രവർത്തിയുടെ ഭരണകാലത്ത്, അബുൽ ഫസലിന്റെ വിഖ്യാത കൃതിയായ 'ഐൻ-ഇ-അക്ബരി'യിലും സെൻസസിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.
- നിലവിലെ ശാസ്ത്രീയ രൂപത്തിലുള്ള ആദ്യത്തെ വ്യവസ്ഥാപിതവും ആധുനികവുമായ ജനസംഖ്യാ കണക്കെടുപ്പ്, 1865-നും 1872-നും ഇടയിലായി രാജ്യത്ത് വിവിധ സമയങ്ങളിലായാണ് നടത്തിയത്.

## സ്വാതന്ത്ര്യാനന്തര സെൻസസുകൾ (1951-2011)

ഇന്ത്യ സ്വതന്ത്രമായതിനുശേഷമുള്ള ആദ്യത്തെ സെൻസസ് **1951**ൽ നടന്നു.





തുടർന്ന്, **2011** വരെ ഓരോ 10 വർഷം കൂടുമ്പോഴും സെൻസസ് നടത്തുന്നത് തുടർന്നുപോന്നു.

കോവിഡ്-19 മഹാമാരി കാരണം, 2021-ൽ സെൻസസ് നടത്താൻ സാധിച്ചില്ല; അത് ഇപ്പോൾ നടന്നുവരികയാണ്.

ഇന്ത്യയുടെ പ്രഥമ ആഭ്യന്തര മന്ത്രി സർദാർ വല്ലഭായ് പട്ടേൽ, സ്വാതന്ത്ര്യാനന്തരമുള്ള രാജ്യത്തെ ആദ്യ സെൻസസ് വേളയിൽ (1951) ഇപ്രകാരം പ്രസ്താവിച്ചു: "ഒരു വ്യവസ്ഥ എന്ന നിലയിൽ ജനസംഖ്യാകണക്കെടുപ്പിന് വളരെ പഴക്കമുള്ള ഒരു ചരിത്രമുണ്ട്; ഇതിന്റെ ധർമ്മം കേവലം ജനങ്ങളെ എണ്ണുക എന്നത് മാത്രമല്ല, മറിച്ച് നമ്മുടെ പല ഭരണപരമായ നയങ്ങളും രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന വിവരങ്ങൾ ശേഖരിക്കുക എന്നതുകൂടിയാണ്. ഈ പ്രക്രിയയിലൂടെ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ വളരെയേറെ സാമൂഹിക പ്രാധാന്യമുള്ള വിലപ്പെട്ട ശാസ്ത്രീയ ഡാറ്റ നൽകുന്നു. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ മാത്രമല്ല, മറ്റ് വിഷയങ്ങളിലും സ്വാധീനം ചെലുത്തുന്ന ഉപകാരപ്രദമായ മാർഗനിർദ്ദേശങ്ങൾ പലപ്പോഴും ഇത് വാഗ്ദാനം ചെയ്യുന്നു. ജനസംഖ്യാ സിദ്ധാന്തം എന്നത് സാമ്പത്തിക ശാസ്ത്രത്തിലെ ആകർഷകമായ ഒരു വശമാണ്. ഈ സിദ്ധാന്തങ്ങൾ പരിശോധിക്കാനും അവയുമായി വസ്തുതാപരമായ ബന്ധം സ്ഥാപിക്കാനും സെൻസസ് നമ്മെ സഹായിക്കുന്നു."

തീർച്ചയായും, സെൻസസിൽ നിന്ന് ഉരുത്തിരിയുന്ന ഡാറ്റ, ഗവണ്മെന്റ് നയങ്ങളുടെ ആണിക്കല്ലായി വർത്തിക്കുന്നു. വിദ്യാഭ്യാസം, നൈപുണ്യ വികസനം, ആരോഗ്യ സംരക്ഷണം, തൊഴിൽ, ഗ്രാമ-നഗര വികസനം എന്നിവയുമായി ബന്ധപ്പെട്ട നയങ്ങൾ രൂപപ്പെടുത്തുന്നതിലും നടപ്പിലാക്കുന്നതിലും സെൻസസ് ഡാറ്റ കൃത്യതയുള്ളത് മാത്രമല്ല, അതീവ ഫലപ്രദവുമാണെന്ന് തെളിയുന്നു. സാമൂഹിക ഐക്യം ശക്തിപ്പെടുത്തുന്നതിനും നീതി നടപ്പാക്കുന്നതിനുമുള്ള സുപ്രധാനമായ ഉപകരണമായി സെൻസസ് പ്രവർത്തിക്കുന്നു. വികസന പ്രയാണത്തിൽ പിന്നിലായിപ്പോയ സമൂഹത്തിലെ വിഭാഗങ്ങളെ ഇത് തിരിച്ചറിയുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതാ ശാക്തീകരണം, ഗ്രാമവികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിവിധ ഗവണ്മെന്റ് പദ്ധതികൾ കൂടുതൽ ലക്ഷ്യാധിഷ്ഠിതവും ഫലപ്രദവുമാകുന്നത് അവ ഈ ഡാറ്റയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയതിനാലാണ്. വികസനത്തിന്റെ വെളിച്ചം സമൂഹത്തിലെ ഏറ്റവും അവസാനത്തെ വ്യക്തിയിലേക്കും എത്തുന്നുവെന്ന് ഈ പ്രക്രിയ ഉറപ്പാക്കുന്നു.

ആധുനിക യുഗത്തിൽ, സ്ഥിതിവിവരക്കണക്കുകളുടെ പ്രാധാന്യം സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏതൊരു രാജ്യത്തിന്റെയും നിലവിലെ യാഥാർത്ഥ്യത്തെയും ഭാവി ഭാഗധേയത്തെയും നിർവചിക്കുന്നതിൽ ഡാറ്റ നിർണ്ണായക പങ്കുവഹിക്കുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ ഡാറ്റയ്ക്കുള്ള യഥാർത്ഥ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കാൻ നാം അപൂർവ്വമായേ ശ്രമിക്കാറുള്ളൂ.

## സെൻസസിന്റെ ലക്ഷ്യങ്ങൾ, പ്രാധാന്യം, പ്രയോജനം

**ലക്ഷ്യങ്ങൾ**

ഗ്രാമം, പട്ടണം, വാർഡ് തലങ്ങളിലുള്ള പ്രാഥമിക വിവരങ്ങളുടെ ഏറ്റവും വലിയ സ്രോതസ്സായി സെൻസസ് വർത്തിക്കുന്നു. വരാനിരിക്കുന്ന പതിറ്റാണ്ടിലേക്കുള്ള ഭാരതത്തിന്റെ വികസന ആസൂത്രണത്തിന് അടിത്തറ പാകുന്ന ഭരണനിർവ്വഹണത്തിലെ സുപ്രധാനമായ ഉപകരണമാണിത്.

**പ്രാധാന്യം**

ജനസംഖ്യാശാസ്ത്രം, സാമ്പത്തികശാസ്ത്രം, നരവംശശാസ്ത്രം, സമൂഹ ശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങി വിവിധ മേഖലകളിലെ പണ്ഡിതർക്കും ഗവേഷകർക്കും സെൻസസ് കാലങ്ങളായി ഒഴിച്ചുകൂടാനാവാത്ത വിവരസ്രോതസ്സാണ്. ഭാരതത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനുമുള്ള നിർണ്ണായക ഉപകരണമായി ഇത് വർത്തിക്കുന്നു, കാരണം ഇവിടുത്തെ ജനങ്ങളുടെ വൈവിധ്യം കൃത്യമായി വെളിപ്പെടുന്നത് ഓരോ പത്ത് വർഷം കൂടുമ്പോഴുമുള്ള സെൻസസിലൂടെയാണ്.

**പ്രയോജനം**

ഭവനസാഹചര്യങ്ങൾ, സൗകര്യങ്ങളും ആസ്തികളും, ജനസംഖ്യാപരമായ വിവരങ്ങൾ, മതം, പട്ടികജാതി-പട്ടികവർഗവിഭാഗങ്ങൾ, ഭാഷ, സാക്ഷരതയും വിദ്യാഭ്യാസവും, സാമ്പത്തിക പ്രവർത്തനങ്ങൾ, കുടിയേറ്റം, പ്രജനന നിരക്ക് തുടങ്ങി വിവിധ മാനദണ്ഡങ്ങളിലൂന്നിയുള്ള വിശദമായ സ്ഥിതിവിവരക്കണക്കുകൾ ഇത് നൽകുന്നു. വികസന ആസൂത്രണം ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ആവശ്യങ്ങൾക്കായി ഈ സ്ഥിതിവിവരക്കണക്കുകൾ ഉപയോഗിക്കുന്നു.

## സെൻസസ് രണ്ട് ഘട്ടങ്ങളിലായി നടത്തും

### ഒന്നാം ഘട്ടം

വീടുകളുടെ പട്ടിക തയ്യാറാക്കലും ഭവന സെൻസസും (HLO): ഇത് 2026 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗകര്യപ്രദമായ സമയത്ത് 30 ദിവസത്തിനുള്ളിൽ പൂർത്തിയാക്കും. വീടുകളുടെ പട്ടിക തയ്യാറാക്കുന്നതിന് മുന്നോടിയായി, 'സ്വയം വിവരശേഖരണത്തിനായി' 15 ദിവസത്തെ സമയപരിധിയും ലഭ്യമാക്കും.

- ഈ ഘട്ടത്തിൽ, വീടുകളുടെ അവസ്ഥ, കുടുംബങ്ങൾക്ക് ലഭ്യമായ സൗകര്യങ്ങൾ, അവരുടെ പക്കലുള്ള ആസ്തികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കും. ഔദ്യോഗികമായി ഇതിനോടകം വിജ്ഞാപനം ചെയ്തിട്ടുള്ള 33 ചോദ്യങ്ങളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നത്.

### രണ്ടാം ഘട്ടം

ജനസംഖ്യാ കണക്കെടുപ്പ് : ഇത് 2027 ഫെബ്രുവരിയിൽ നടക്കും. എന്നിരുന്നാലും, കേന്ദ്രഭരണ പ്രദേശങ്ങളായ ലഡാക്ക്, ജമ്മു കശ്മീർ എന്നിവിടങ്ങളിലെയും ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെയും മഞ്ഞുമൂടിയതും എത്തിപ്പെടാൻ പ്രയാസമുള്ളതുമായ പ്രദേശങ്ങളിൽ ഈ നടപടി 2026 സെപ്റ്റംബറിൽ പൂർത്തിയാക്കും.

- ജാതി തിരിച്ചുള്ള വിവരശേഖരണവും ഇതിനൊപ്പം നടത്തും.
- ജനസംഖ്യാപരമായ വിവരങ്ങൾ, സാമൂഹിക-സാമ്പത്തിക സ്ഥിതി, വിദ്യാഭ്യാസം, കുടിയേറ്റം, പ്രജനനശേഷി തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഓരോ വ്യക്തിയിൽ നിന്നും ശേഖരിക്കും.



**രാജ്യത്തെ 16-ാമത്തെയും സ്വാതന്ത്ര്യത്തിനു ശേഷമുള്ള എട്ടാമത്തെയും സെൻസസാണ് ഇപ്പോൾ നടക്കുന്നത്**

എന്നിരുന്നാലും, ഗവണ്മെന്റിന്റെ നയരൂപീകരണം മുതൽ ദേശീയ വികസന സംരംഭങ്ങളും പൊതുജനക്ഷേമ പദ്ധതികളും വരെയുള്ളവയുടെ അടിസ്ഥാന ശിലയായി വർത്തിക്കുന്നത് ഈ ഡാറ്റയാണ്-ഗവേഷണങ്ങൾ സുഗമമാക്കുന്നതിനും സമ്പദ്‌വ്യവസ്ഥയുടെ സമഗ്രമായ ചിത്രം കെട്ടിപ്പടുക്കുന്നതിനും ഈ വിവരങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്. ഡാറ്റയുടെ ആഴത്തിലുള്ള പ്രാധാന്യവും ഉപയോഗവും പ്രശസ്ത അമേരിക്കൻ സ്റ്റാറ്റിസ്റ്റിഷ്യൻ വില്യം എഡ്വേർഡ്സ് ഡെമിംഗിന്റെ വാക്കുകളിലൂടെ മനസ്സിലാക്കാം: 'ഡാറ്റ കൈവശമില്ലെങ്കിൽ, നിങ്ങൾ സ്വന്തമായി അഭിപ്രായമുള്ള മറ്റൊരു വ്യക്തി മാത്രമാണ്.' ചുരുക്കത്തിൽ, ഏതൊരു ആശയത്തെയും നയത്തെയും പദ്ധതിയെയും ശക്തിപ്പെടുത്തുന്നതിനുള്ള അടിത്തറയായി ഡാറ്റ പ്രവർത്തിക്കുന്നു.

### കണക്കെടുപ്പിന്റെ മഹായാഗം

മതഗ്രന്ഥങ്ങൾ അനുസരിച്ച്, ആഗ്രഹിച്ച ഫലങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒരു യാഗം സംഘടിപ്പിക്കുന്നത്. പുരോഗതി കൈവരിക്കുന്നതിനും പ്രത്യേക ആഗ്രഹങ്ങളും ആവശ്യങ്ങളും നിറവേറ്റുന്നതിനുമുള്ള മാർഗമായും ഇത് കണക്കാക്കപ്പെടുന്നു. 2027-ലെ സെൻസസ് ഒരു മഹായാഗത്തിൽ കുറഞ്ഞ ഒന്നല്ല. രണ്ട് ഘട്ടങ്ങളിലായി നടത്തപ്പെടുന്ന 2027-ലെ സെൻസസ് ലോകത്തിലെ തന്നെ ഏറ്റവും വലിയ സെൻസസ് നടപടിയാണ്, ഇതിന്റെ തുടക്കം 2026 ഏപ്രിലിലായിരുന്നു. ഈ സെൻസസ് യഥാർത്ഥത്തിൽ 2021-ൽ നടത്താൻ നിശ്ചയിച്ചിരുന്നതാണെങ്കിലും, ആഗോളതലത്തിലുണ്ടായ കോവിഡ്-19 മഹാമാരി കാരണം മാറ്റിവയ്ക്കേണ്ടി വന്നു. പൂർണ്ണമായും ഡിജിറ്റൽ രൂപത്തിൽ നടക്കുന്ന ആദ്യ സെൻസസ് കൂടിയാണിത്; ആദ്യമായി മൊബൈൽ ആപ്പുകൾ ഉപയോഗിക്കുന്നതിനും ഓൺലൈൻ സ്വയം വിവരശേഖരണത്തിനും ഇതിൽ വ്യവസ്ഥകളുണ്ട്. എല്ലാ സമുദായങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജാതി തിരിച്ചുള്ള കണക്കെടുപ്പും ഈ സെൻസസിനൊപ്പം നടത്തും. ഇതിനായി ഭാരതത്തിലുടനീളം 3.1 ദശലക്ഷത്തിലധികം ഫീൽഡ് വർക്കർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2025 ജൂൺ 16-ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2027-ലെ സെൻസസിനായുള്ള ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചു. രാജ്യത്തെ ജനങ്ങളുടെ വിവിധ സവിശേഷതകളെക്കുറിച്ചുള്ള വൈവിധ്യമാർന്ന സ്ഥിതിവിവരക്കണക്കുകളുടെ ഏറ്റവും വലിയ ഏക സ്രോതസ്സായി ഇന്ത്യൻ സെൻസസ് നിലകൊള്ളുന്നു.

# ലോകത്തിലെ ഏറ്റവും വലിയ സെൻസസിനെക്കുറിച്ച്

## പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം



*എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,*

*നിലവിൽ നമ്മുടെ രാജ്യത്ത് വളരെ പ്രധാനപ്പെട്ട ഒരു പ്രചാരണം നടന്നുകൊണ്ടിരിക്കുകയാണ്, ഓരോ ഭാരതീയനും ഇതിനെക്കുറിച്ച് ബോധവാന്മാരായിരിക്കണം. ലോകത്തിലെ തന്നെ ഏറ്റവും വലിയ സെൻസസ് പ്രചാരണമാണിത്. ഇതിനുമുമ്പ് ഇത്തരം പ്രക്രിയകളിലൂടെ കടന്നുപോയിട്ടുള്ളവർക്ക് ഇത്തവണ വ്യത്യസ്തമായ അനുഭവമായിരിക്കും ഇത്.*

- *2027-ലെ സെൻസസ് ഡിജിറ്റൽ ആക്കിയിട്ടുണ്ട്. എല്ലാ വിവരങ്ങളും നേരിട്ട് ഡിജിറ്റൽ രൂപത്തിലാണ് രേഖപ്പെടുത്തുന്നത്. വീടുതോറും എത്തുന്ന എന്യൂമറേറ്റർമാരുടെ കൈവശം ഒരു മൊബൈൽ ആപ്പ് ഉണ്ട്. നിങ്ങളോട് സംസാരിച്ചതിന് ശേഷം അവർ അതിൽ വിവരങ്ങൾ രേഖപ്പെടുത്തും.*

- *ഇത്തവണ സെൻസസിലെ നിങ്ങളുടെ പങ്കാളിത്തവും എളുപ്പമാക്കിയിരിക്കുന്നു; നിങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താൻ സാധിക്കും. എന്യൂമറേറ്റർ എത്തുന്നതിന് 15 ദിവസം മുമ്പ് ഈ സൗകര്യം നിങ്ങൾക്കായി തുറന്നുനൽകും. നിങ്ങളുടെ സൗകര്യത്തിനനുസരിച്ച് വിവരങ്ങൾ നൽകാം. ഈ പ്രക്രിയ പൂർത്തിയാക്കുമ്പോൾ നിങ്ങൾക്ക് ഒരു പ്രത്യേക ഐഡി ലഭിക്കും. നിങ്ങളുടെ മൊബൈലിലോ ഇമെയിലിലോ ആണ് ഈ ഐഡി ലഭിക്കുക. പിന്നീട് എന്യൂമറേറ്റർ നിങ്ങളുടെ വീട് സന്ദർശിക്കുമ്പോൾ, ഈ ഐഡി കാണിച്ച് നിങ്ങൾക്ക് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താം. ഇത് വീണ്ടും വിവരങ്ങൾ നൽകേണ്ട സാഹചര്യം ഒഴിവാക്കുന്നു. ഇത് സമയം ലാഭിക്കുകയും പ്രക്രിയ ലളിതമാക്കുകയും ചെയ്യുന്നു.*

- *സ്വയം വിവരശേഖരണം പൂർത്തിയായ സംസ്ഥാനങ്ങളിൽ, സെൻസസ് ഉദ്യോഗസ്ഥർ വീടുകൾ സന്ദർശിച്ചുള്ള വിവരശേഖരണവും ആരംഭിച്ചിട്ടുണ്ട്. ഏകദേശം ഒരു കോടി ഇരുപത് ലക്ഷം കുടുംബങ്ങളുടെ വീടുകളുടെ പട്ടിക തയ്യാറാക്കൽ ഇതിനോടകം പൂർത്തിയായി.*


- *ദേശീയ സെൻസസ് എന്നത് കേവലം ഒരു ഗവണ്മെന്റ് പ്രവൃത്തി മാത്രമല്ല. അത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്. നിങ്ങളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. നിങ്ങൾ നൽകുന്ന വിവരങ്ങൾ പൂർണ്ണമായും സുരക്ഷിതമാണ്, അവ രഹസ്യമായി സൂക്ഷിക്കുകയും ഡിജിറ്റൽ സുരക്ഷയോടെ സംരക്ഷിക്കുകയും ചെയ്യുന്നു. വരൂ, നമുക്കെല്ലാവർക്കും ഈ പ്രക്രിയയിൽ പങ്കുചേരാം. സെൻസസ് – 2027 നമുക്ക് ഒരു വിജയമാക്കി മാറ്റാം.*

## ഒരു കോൾ, പൂർണ്ണ വിവരങ്ങൾ


ടോൾ ഫ്രീ നമ്പറിൽ വിളിക്കുക **1855**


2027–ലെ സെൻസസ് സംബന്ധിച്ച ഔദ്യോഗിക വിവരങ്ങൾക്കായി ഈ ക്യുആർ കോഡ് സ്കാൻ ചെയ്യുക


## സെൻസസ് - ഭരണപരമായ ഘടന




## കഴിഞ്ഞ നാല് സെൻസസുകളിലെ ജനസംഖ്യാ ചിത്രം




150 വർഷത്തിലേറെ നീളുന്ന ചരിത്രമുള്ള, വിശ്വസനീയവും കാലം തെളിയിച്ചതുമായ ഈ പ്രക്രിയ പത്ത് വർഷം കൂടുമ്പോൾ ജനസംഖ്യയെക്കുറിച്ചുള്ള ആധികാരിക വിവരങ്ങൾ നിരന്തരം നൽകി വരുന്നു. 2027-ലെ സെൻസസ് രാജ്യത്ത് നടത്തുന്ന പതിനാറാമത്തെ സെൻസസും സ്വാതന്ത്ര്യത്തിന് ശേഷമുള്ള എട്ടാമത്തെ സെൻസസും ആയിരിക്കും.

സെൻസസിന്റെ ലക്ഷ്യങ്ങളും പ്രാധാന്യവും പ്രയോജനവും യഥാർത്ഥത്തിൽ ഗ്രഹിക്കണമെങ്കിൽ, രാജ്യത്തിന്റെ അഞ്ചാമത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ഗോവിന്ദ് വല്ലഭ് പന്തിന്റെ വാക്കുകൾ പരിശോധിക്കണം. അദ്ദേഹം പറഞ്ഞു, 'തീർച്ചയായും, നിലവിലെ കാലഘട്ടത്തിൽ സെൻസസ് റിപ്പോർട്ടിനെ പരാമർശിക്കാതെ ആർക്കും പ്രധാനപ്പെട്ട ഭരണപരമായോ സാമ്പത്തികമായോ സാമൂഹികമായോ ആയ ഒരു സംരംഭവും ഏറ്റെടുക്കാൻ കഴിയില്ല-ഓരോ അന്വേഷണത്തിന്റെയും പഠനത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത ഘടകമാണത്.



ഇന്ന് 2027-ലെ സെൻസസിന്റെ ആദ്യ ഘട്ടത്തിന് തുടക്കം കുറിക്കുകയാണ്. വീടുകളുടെ പട്ടിക തയ്യാറാക്കുന്നതിനും ഭവന സംബന്ധമായ വിവരശേഖരണത്തിനുമുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. ഡിജിറ്റൽ സംവിധാനങ്ങളിലൂടെ വിവരശേഖരണം നടത്തുന്ന ആദ്യ സെൻസസാണിത്. സ്വന്തം കുടുംബത്തിന്റെ വിവരങ്ങൾ സ്വയം രേഖപ്പെടുത്താൻ ഭാരതത്തിലെ ജനങ്ങൾക്ക് ഇത് അധികാരം നൽകുന്നു. ജനങ്ങൾ സ്വന്തം കുടുംബവിവരങ്ങൾ സ്വയം രേഖപ്പെടുത്തണമെന്നും ഈ സെൻസസ് പ്രക്രിയയിൽ പങ്കുചേരണമെന്നും ഞാൻ രാജ്യത്തെ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

**- പ്രധാനമന്ത്രി നരേന്ദ്ര മോദി**

'വാസ്തവത്തിൽ, ചെറിയ പ്രശ്നങ്ങൾ പരിഹരിക്കാൻ പോലും പലപ്പോഴും സെൻസസ് റിപ്പോർട്ട് പരിശോധിക്കേണ്ടി വരാറുണ്ട്.' ഒരു നിശ്ചിത സമയത്ത് രാജ്യത്തിനുള്ളിലെ ഓരോ വ്യക്തിയെയും വീടിനെയും കെട്ടിടത്തെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന ചിട്ടയായതും ഔദ്യോഗികവുമായ പ്രക്രിയയാണ് സെൻസസ്. ഇത് ജനസംഖ്യയുടെ വലിപ്പം, വളർച്ച, വിതരണം എന്നിവ കണക്കാക്കുന്നു. കൂടാതെ, സാക്ഷരത, പാർപ്പിടം, കുടിയേറ്റം, പ്രജനന നിരക്ക്, തൊഴിൽ, വരുമാന നിലവാരം എന്നിവ സംബന്ധിച്ച വിവരങ്ങളും ഇത് രേഖപ്പെടുത്തുന്നു. ഐക്യരാഷ്ട്രസഭയുടെ രേഖയിൽ-പ്രത്യേകിച്ച്, ദേശീയ ജനസംഖ്യാ സെൻസസുകൾക്കായുള്ള തത്വങ്ങളും ശുപാർശകളും അനുസരിച്ച്-ജനസംഖ്യാ ഗണനയെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ഒരു നിശ്ചിത സമയത്തോ സമയങ്ങളിലോ ഒരു രാജ്യത്തിനുള്ളിലെ അല്ലെങ്കിൽ നിർദ്ദിഷ്ട അതിർത്തിയുള്ള പ്രദേശത്തെ എല്ലാ വ്യക്തികളുടെയും സാമൂഹികവും സാമ്പത്തികവും ജനസംഖ്യാപരവുമായ വിവരങ്ങൾ

## ഇനി പേനയും പേപ്പറും വേണ്ട...
## ഡിജിറ്റൽ സെൻസസ് 2027

*കഴിഞ്ഞ ദശകത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ വിപ്ലവത്തിന്റെ മുൻനിരക്കാരായി ഇന്ത്യ മാറിയിരിക്കുന്നു. 2047-ഓടെ വികസിത ഭാരതം എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിനുള്ള സുപ്രധാനവും ചരിത്രപരവുമായ മറ്റൊരു ചുവടുവെപ്പായാണ് ഡിജിറ്റൽ സെൻസസ് കണക്കാക്കപ്പെടുന്നത്. പരമ്പരാഗതമായ പേപ്പർ രീതികളിൽ നിന്ന് മാറി, 'ബ്രിംഗ് യുവർ ഓൺ ഡിവൈസ് (BYOD)' മാതൃകയിൽ പ്രത്യേക മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചാണ് എന്യൂമറേറ്റർമാർ വിവരങ്ങൾ ശേഖരിക്കുക.*

- "se.census.gov.in" എന്ന പ്രത്യേക പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ രേഖപ്പെടുത്താനുള്ള അവസരം നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന്, നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിനായി എന്യൂമറേറ്റർമാർ വീടുകൾ സന്ദർശിക്കും.







- **ഹൗസ് ലിസ്റ്റിംഗ് ബ്ലോക്ക് ക്രിയേറ്റർ (HLBC) വെബ് ആപ്ലിക്കേഷൻ:** സാറ്റലൈറ്റ് ഇമേജറി ഉപയോഗിച്ച് ഹൗസ് ലിസ്റ്റിംഗ് ബ്ലോക്കുകൾ ഡിജിറ്റലായി സൃഷ്ടിക്കാൻ ചാർജ് ഓഫീസർമാരെ പ്രാപ്തരാക്കുന്ന ഒരു വെബ്-മാപ്പ് ആപ്ലിക്കേഷനാണിത്. രാജ്യത്തുടനീളം ഏകീകൃതമായ ഭൂമിശാസ്ത്രപരമായ കവറേജ് ഇത് ഉറപ്പാക്കുന്നു.
- **HLO മൊബൈൽ ആപ്ലിക്കേഷൻ:** എന്യൂമറേറ്റർമാർക്ക് ഹൗസ്‌ലിസ്റ്റിംഗ് വിവരങ്ങൾ ശേഖരിക്കാനും അപ്‌ലോഡ് ചെയ്യാനുമുള്ള സുരക്ഷിതമായ ഓഫ്‌ലൈൻ മൊബൈൽ ആപ്ലിക്കേഷനാണിത്. CMMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എന്യൂമറേറ്റർമാർക്ക് മാത്രമേ ഈ ആപ്ലിക്കേഷൻ ഉപയോഗിക്കാൻ കഴിയൂ. പരമ്പരാഗത പേപ്പർ ജോലികൾ ഒഴിവാക്കിക്കൊണ്ട്, ഫീൽഡിൽ നിന്ന് നേരിട്ട് സെർവറിലേക്ക് വിവരങ്ങൾ കൈമാറാൻ ഈ ആപ്പ് സഹായിക്കുന്നു.



- എല്ലാ ഹൗസ്‌ലിസ്റ്റിംഗ് വിവരങ്ങളും ഈ ആപ്പ് വഴിയാണ് ശേഖരിക്കുന്നത്, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറുകൾ ഉപയോഗിച്ച് മാത്രമേ ഇത് പ്രവർത്തിപ്പിക്കാൻ കഴിയൂ. ആൻഡ്രോയിഡ്, ഐഒഎസ് (iOS) പ്ലാറ്റ്‌ഫോമുകളിൽ പ്രവർത്തിക്കുന്ന ഈ ആപ്ലിക്കേഷൻ 16 പ്രാദേശിക ഭാഷകളിൽ ലഭ്യമാണ്.
- **സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം പോർട്ടൽ:** എല്ലാ ഭരണതലങ്ങളിലും സെൻസസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നിയന്ത്രിക്കാനും നടപ്പിലാക്കാനും നിരീക്ഷിക്കാനും രൂപകൽപ്പന ചെയ്തിട്ടുള്ള കേന്ദ്രീകൃത വെബ് അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ്‌ഫോം.



# സെൻസസ് 2027: **ശക്തമായ ഡാറ്റ സുരക്ഷ**



*2027-ലെ സെൻസസ് സമയത്ത് പൊതുജനങ്ങളിൽ നിന്ന് ശേഖരിക്കുന്ന ഏതൊരു വിവരവും നിയമപരമായി പൂർണ്ണമായും രഹസ്യ സ്വഭാവമുള്ളതും സുരക്ഷിതവുമായിരിക്കും. യാതൊരു സാഹചര്യത്തിലും വ്യക്തിഗത വിവരങ്ങൾ പരസ്യപ്പെടുത്തുകയില്ല. കൂടാതെ, ഡാറ്റാ സുരക്ഷ ഉറപ്പാക്കുന്നതിനായി ബഹുതലങ്ങളിലുള്ള ഒരു 'സൈബർ കവചം' സജ്ജീകരിച്ചിട്ടുണ്ട്; ഇത് ഹാക്കിംഗിൽ നിന്നും അനധികൃതമായ കടന്നുകയറ്റങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുന്നു.*

- സാങ്കേതിക നവീകരണത്തിന് മുൻഗണന നൽകുന്നതിലൂടെയും എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം സ്വീകരിക്കുന്നതിലൂടെയും 2027-ലെ സെൻസസ് കൃത്യവും സുരക്ഷിതവും സമഗ്രവുമാണെന്ന് ഉറപ്പാക്കും.
- 2027-ലെ സെൻസസിനായി, സുരക്ഷിതമായ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വീടുതോറുമുള്ള സന്ദർശനങ്ങളിലൂടെയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഈ ആപ്ലിക്കേഷനിൽ ശക്തമായ സുരക്ഷാ സവിശേഷതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ ഡാറ്റാ സംരക്ഷണം ഉറപ്പാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.



- മൊബൈൽ ഉപകരണങ്ങളിലൂടെയുള്ള വിവരശേഖരണം മുതൽ അവ കൈമാറുന്നതും സെർവർ തലത്തിലുള്ള സംഭരണവും വരെയുള്ള മുഴുവൻ പ്രക്രിയയിലും ഡാറ്റാ സുരക്ഷ ഉറപ്പാക്കാൻ സമഗ്രമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- 2027-ലെ സെൻസസിനായി ഉപയോഗിക്കുന്ന ഡിജിറ്റൽ ഉപാധികളിൽ ഉയർന്ന നിലവാരത്തിലുള്ള ഡാറ്റാ സുരക്ഷ ഉറപ്പുനൽകുന്നതിനായി ശക്തമായ എൻക്രിപ്ഷനും മൾട്ടി-ഫാക്ടർ ഓതന്റിക്കേഷനും സജ്ജീകരിച്ചിരിക്കുന്നു.
- 1948-ലെ സെൻസസ് ആക്ടിലെയും 1990-ലെ സെൻസസ് റൂൾസിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാണ് സെൻസസിനായുള്ള വിവരശേഖരണം നടത്തുന്നത്. ഈ പ്രക്രിയയിൽ ശേഖരിക്കുന്ന എല്ലാ വ്യക്തിഗത വിവരങ്ങളും അതീവ രഹസ്യമായി സൂക്ഷിക്കുന്നു.
- ഡാറ്റാ സുരക്ഷയ്ക്ക് മറ്റെന്തിനേക്കാളും മുൻഗണന നൽകിക്കൊണ്ട്, വിവിധ ഭരണതലങ്ങളിൽ നിന്ന് ക്രോഡീകരിച്ച വിവരങ്ങൾ മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ.
- 2027-ലെ സെൻസസുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളുടെ നടത്തിപ്പും നിരീക്ഷണവും സുഗമമാക്കുന്നതിന് ഒരു സമർപ്പിത വെബ് പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്.



*'സ്വയം വിവരശേഖരണ' പ്രക്രിയ പൂർത്തിയാക്കിയവർ അവരുടെ സെൽഫ് എന്യൂമറേഷൻ ഐഡി തയ്യാറാക്കി വെക്കേണ്ടതും, എന്യൂമറേറ്റർ സന്ദർശിക്കുമ്പോൾ അത് കൈമാറേണ്ടതുമാണ്. സ്വയം വിവരശേഖരണത്തിന് താല്പര്യം കാണിക്കാത്ത വീടുകളിൽ, വീടുകളുടെ പട്ടിക തയ്യാറാക്കുന്നതിനും സെൻസസ് നടത്തുന്നതിനുമുള്ള ഘട്ടത്തിൽ എന്യൂമറേറ്റർമാർ നേരിട്ടെത്തി വിവരങ്ങൾ ശേഖരിക്കുന്നതാണ്.*

ശേഖരിക്കുകയും സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണിത്.

## സെൻസസിന്റെ ആഗോള പശ്ചാത്തലം

'സെൻസസ്' എന്ന വാക്ക് 'കണക്കാക്കുക' അല്ലെങ്കിൽ 'വിലയിരുത്തുക' എന്നർത്ഥം വരുന്ന 'സെൻസെറെ' (censere) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഉത്ഭവിച്ചത്. ഇതിന്റെ ചരിത്രം ബി.സി.ഇ. ഒന്നാം നൂറ്റാണ്ടിലോ രണ്ടാം നൂറ്റാണ്ടിലോ ആരംഭിക്കുന്നു; നികുതി ചുമത്തുന്നതിനും നിർബന്ധിത സൈനിക സേവനത്തിനായി പുരുഷന്മാരുടെ ലഭ്യത നിർണ്ണയിക്കുന്നതിനുമായി റോമിലെ മജിസ്ട്രേറ്റുമാർ ജനസംഖ്യാ രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതുണ്ടായിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ സ്ഥാപനത്തിന് മുമ്പ് തന്നെ, പുരാതന ബാബിലോണിയ, ചൈന, ഈജിപ്ത് എന്നിവിടങ്ങളിൽ ബി.സി.ഇ. 30-ാം നൂറ്റാണ്ടിൽ തന്നെ കാഡസ്ട്രൽ (ഭൂമിയുമായി ബന്ധപ്പെട്ട) സർവേകളുടെ രൂപത്തിൽ വിവിധങ്ങളായ പ്രാഥമിക സെൻസസുകൾ നടന്നതിന്റെ തെളിവുകൾ ലഭ്യമാണ്. നൈൽ താഴ്‌വരയിലും പുരാതന പേർഷ്യയിലും നടന്ന സമാനമായ പ്രവർത്തനങ്ങളെക്കുറിച്ച് ഹെറോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. പഴയ നിയമത്തിന്റെ ചില ഭാഗങ്ങളിലും സെൻസസ് രേഖകളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. പുറപ്പാട് കാലഘട്ടത്തിന് മുൻപ് (ഏകദേശം ബി.സി.ഇ. 1500), മോസസ് ഇസ്രായേലിലെ പോരാളികളുടെ എണ്ണമെടുത്തിരുന്നു. സമാനമായി, 12-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 13-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ചെങ്കിസ് ഖാൻ തന്റെ അധീനതയിലുള്ള പ്രദേശങ്ങളിലെ നികുതി ശേഷി വിലയിരുത്തുന്നതിനായി ജനസംഖ്യാ സെൻസസ് നടത്താൻ ഉത്തരവിട്ടു. ചൈനയിൽ 14-ാം നൂറ്റാണ്ട് മുതലുള്ള വിശദമായ സെൻസസ് ആസൂത്രണ പദ്ധതികളുടെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. എല്ലാ പ്രായത്തിലുമുള്ള താമസക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആദ്യകാല സമ്പൂർണ്ണ സെൻസസുകളിലൊന്ന് 1449-ൽ ജർമ്മൻ നഗരമായ ന്യൂറംബർഗിലാണ് നടന്നത്.



സെൻസസ് രണ്ട് വ്യത്യസ്ത ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്: ആദ്യം, വീടുകളുടെയും കുടുംബങ്ങളുടെയും വിവരശേഖരണം, അതിനുശേഷം വ്യക്തിഗത വിവരശേഖരണം. നിലവിൽ, ആദ്യ ഘട്ടമായ വീടുകളുടെ വിവരശേഖരണമാണ് നടക്കുന്നത്. വീടുകൾക്ക് ജാതി ഐഡന്റിറ്റി ഇല്ലാത്തതിനാൽ, ഈ ഘട്ടത്തിലെ സെൻസസ് ഷോമിൽ ജാതി വിവരങ്ങൾക്കായി പ്രത്യേകം കോളങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വ്യക്തിഗത സെൻസസ് നടത്തുമ്പോഴാണ് ജാതി സെൻസസ് എന്ന വിഷയം ഉയരുന്നത്.

*അമിത് ഷാ, കേന്ദ്ര ആഭ്യന്തര മന്ത്രി.*

15, 16 നൂറ്റാണ്ടുകളിൽ സ്വിറ്റ്സർലൻഡിൽ പ്രവിശ്യാ അഥവാ മുനിസിപ്പൽ സെൻസസുകൾ നടന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വടക്കേ അമേരിക്കയിൽ, സ്പാനിഷ് അധീനതയിലുള്ള പ്രദേശങ്ങളിലെ ആദ്യത്തെ സെൻസസ് 1576-ൽ സ്പെയിനിലെ ഫിലിപ്പ് രണ്ടാമൻ രാജാവാണ് നടപ്പാക്കിയത്. ഈ ദൗത്യം ആ പ്രദേശത്തെ തദ്ദേശവാസികളാണ് നിർവ്വഹിച്ചത്, അവർ തയ്യാറാക്കിയ റിപ്പോർട്ട് നിലവിൽ ടെക്സസ് സർവകലാശാലയിൽ സൂക്ഷിച്ചിട്ടുണ്ട്.

എന്നിരുന്നാലും, 'ആദ്യ സെൻസസ്' എന്ന് നിർവചിക്കാൻ കഴിയുന്ന ഒരു സംഭവവുമില്ലെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു; ആദ്യകാല കണക്കെടുപ്പുകളിൽ പലപ്പോഴും ആധുനിക സെൻസസുകളുടെ ഒന്നോ അതിലധികമോ സവിശേഷതകൾ ഉൾപ്പെട്ടിരുന്നുവെങ്കിലും, ഇവയെല്ലാം ഒരേസമയം ഉൾക്കൊള്ളിച്ചു എന്ന് ഒന്നിനും അവകാശപ്പെടാനാവില്ല.

## കോവിഡ് കാരണം സെൻസസിൽ കാലതാമസം



*2011-ലെ സെൻസസിന് ശേഷം, 2021-ലെ സെൻസസിനായുള്ള എല്ലാ ഒരുക്കങ്ങളും ഗവണ്മെന്റ് പൂർത്തിയാക്കിയിരുന്നു. ആ സമയത്താണ് നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരിയായ കോവിഡ് പടർന്നുപിടിച്ചത്, ഇത് സെൻസസ് അസാധ്യമാക്കി. കോവിഡ് പ്രതിസന്ധി ഒഴിഞ്ഞതിന് ശേഷവും രാജ്യത്തിന് പഴയ നിലയിലാകാൻ സമയം ആവശ്യമായിരുന്നു, ഇപ്പോൾ സെൻസസ് പ്രവർത്തനങ്ങൾ നടന്നുവരികയാണ്.*



- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭ, 2021-ലെ ഇന്ത്യൻ സെൻസസ് നടത്തുന്നതിനും നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ (NPR) പുതുക്കുന്നതിനുമുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകി.
- 2021-ലെ സെൻസസ് നടത്താനുള്ള ഗവണ്മെന്റിന്റെ തീരുമാനം 2019 മാർച്ച് 28-ന് ഇന്ത്യാ ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നു.
- കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന്, 2021-ലെ സെൻസസും അതുമായി ബന്ധപ്പെട്ട ഫീൽഡ് പ്രവർത്തനങ്ങളും അടുത്ത അറിയിപ്പ് ഉണ്ടാകുന്നത് വരെ മാറ്റിവെച്ചു.
- തൽഫലമായി, ഇന്ത്യയിൽ ഏറെ കാത്തിരുന്ന സെൻസസ് ഇപ്പോൾ 2027-ൽ ആരംഭിച്ചിരിക്കുകയാണ്.

### 2011 സെൻസസിലെ പ്രധാന ജനസംഖ്യാപരമായ കണ്ടെത്തലുകൾ

ആകെ ജനസംഖ്യ
**1.21** ബില്യൺ
2011 മാർച്ച് 1-ലെ കണക്കനുസരിച്ച്

പുരുഷന്മാർ
**62.32** കോടി

സ്ത്രീകൾ
**58.76** കോടി

2001-2011 ദശകത്തിലെ ജനസംഖ്യാ വളർച്ച
**18.20** കോടി

2011-ലെ ശിശു ലിംഗാനുപാതം (1,000 ആൺകുട്ടികൾക്ക്)
**918** പെൺകുട്ടികൾ

2011-ലെ ഇന്ത്യയുടെ ജനസാന്ദ്രത
**382** ചതുരശ്ര കിലോമീറ്ററിന്
പതിറ്റാണ്ടിലെ വളർച്ചാനിരക്ക് 17.7%

രാജ്യത്തെ സാക്ഷരതാ നിരക്ക്
**73.0%**
80.9% പുരുഷന്മാർ
64.6% സ്ത്രീകൾ

**93.91%**
സാക്ഷരതാ നിരക്കുമായി കേരളം ഒന്നാം സ്ഥാനം നിലനിർത്തി

തൊട്ടുപിന്നിൽ ലക്ഷദ്വീപ് (91.8%), മിസോറാം (91.3%)

# സെൻസസ് പ്രക്രിയ പൂർണ്ണമായും മനസ്സിലാക്കുക

*സെൻസസ് നടപടികൾ സുഗമമായി നടത്തുന്നതിൽ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നിർണ്ണായക പങ്കുവഹിക്കുന്നു. വിവരശേഖരണം, പരിശോധന, നിരീക്ഷണം, മേൽനോട്ടം, പുരോഗതി വിലയിരുത്തൽ എന്നിവയുൾപ്പെടെയുള്ള വിവിധ അടിസ്ഥാനതല പ്രവർത്തനങ്ങൾ 1948-ലെ സെൻസസ് നിയമത്തിലെയും 1990-ലെ സെൻസസ് ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി അതത് സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രഭരണ പ്രദേശങ്ങളും നിയമിക്കുന്ന സെൻസസ് ഉദ്യോഗസ്ഥരാണ് നിർവ്വഹിക്കുന്നത്.*

സെൻസസ് 2027 കവർ സ്റ്റോറി

**ആദ്യത്തെ** ഡിജിറ്റൽ സെൻസസ്

**ആദ്യത്തെ** ആദ്യത്തെ 'സ്വയം വിവരശേഖരണ' സൗകര്യം

### എന്തുകൊണ്ടാണ് ഇതിനെ 'സെൻസസ് -2027' എന്ന് വിളിക്കുന്നത്?

- 2025 ജൂൺ 16-ന് ഇന്ത്യാ ഗവൺമെന്റ് 'സെൻസസ് -2027' ഔദ്യോഗികമായി ഗസറ്റിൽ വിജ്ഞാപനം ചെയ്തു. രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന ഈ സെൻസസ് 2026 ഏപ്രിലിൽ ആരംഭിക്കുകയാണെങ്കിൽ, ഇതിന് 'സെൻസസ് 2027' എന്ന് പേര് നൽകിയത് എന്തുകൊണ്ട് എന്ന് ആരെങ്കിലും ചോദിച്ചേക്കാം.
- ജനസംഖ്യയുടെ അന്തിമ കണക്കെടുപ്പിനുള്ള റഫറൻസ് തീയതി 2027 മാർച്ച് 1-ന് പുലർച്ചെ 00:00 മണി ആയിരിക്കും എന്നതിലാണ് ഇതിനുള്ള ഉത്തരം അടങ്ങിയിരിക്കുന്നത്. അതായത്, ഫെബ്രുവരി 28 രാത്രി 12 മണി വരെ ജനിക്കുന്ന കുട്ടികളെ സെൻസസ് 2027-ലെ കണക്കെടുപ്പിൽ ഉൾപ്പെടുത്തും. അതുപോലെ, ഈ നിശ്ചിത തീയതിക്കും സമയത്തിനും മുമ്പായി മരണപ്പെടുന്നവരെ കണക്കെടുപ്പിൽ ഉൾപ്പെടുത്തില്ല.
- കേന്ദ്രഭരണ പ്രദേശങ്ങളായ ലഡാക്ക്, ജമ്മു കശ്മീർ എന്നിവടങ്ങളിലും ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മഞ്ഞ് മൂടിക്കിടക്കുന്നതും എത്തിപ്പെടാൻ പ്രയാസമുള്ളതുമായ പ്രദേശങ്ങളിലും ഈ റഫറൻസ് തീയതി 2026 ഒക്ടോബർ 1-ന് പുലർച്ചെ 00:00 മണി ആയിരിക്കും.



### ഭവന പട്ടികപ്പെടുത്തലിലും ഭവന സെൻസസിലും 33 ചോദ്യങ്ങൾ

- ഭവന പട്ടികപ്പെടുത്തൽ, ഭവന സെൻസസ് ഘട്ടം 2026 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ രാജ്യത്തുടനീളം നടക്കും.
- ഈ ആറുമാസക്കാലയളവിനുള്ളിൽ, ഓരോ സംസ്ഥാനവും കേന്ദ്രഭരണ പ്രദേശവും അതത് ഗവൺമെന്റുകൾ വിജ്ഞാപനം ചെയ്യുന്ന നിശ്ചിത 30 ദിവസത്തിനുള്ളിൽ ഫീൽഡ് വർക്ക് പൂർത്തിയാക്കും.
- ഭവന പട്ടികപ്പെടുത്തൽ, ഭവന സെൻസസ് ഘട്ടത്തിൽ വീടുകളുടെ അവസ്ഥ, വീട്ടിലെ സൗകര്യങ്ങൾ, ലഭ്യമായ ആസ്തികൾ എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കും.
- തെളിവ് അധിഷ്ഠിത ആസൂത്രണം, നയരൂപീകരണം, ലക്ഷ്യാധിഷ്ഠിത ക്ഷേമപദ്ധതികൾ എന്നിവയ്ക്ക് അടിത്തറയേകുന്ന പ്രധാന സൂചകങ്ങൾ മനസ്സിലാക്കുന്നതിനായി, ഒന്നാം ഘട്ടത്തിലേക്കുള്ള ആകെ 33 ചോദ്യങ്ങൾ 2026 ജനുവരിയിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.



ആധുനിക സെൻസസ് എന്ന ആശയം 17, 18 നൂറ്റാണ്ടുകളിലാണ് രൂപപ്പെട്ടത്. ഒരു രാജ്യത്തെ മുഴുവൻ ജനസംഖ്യയും സുപ്രധാനമായ ജനസംഖ്യാപരമായ സവിശേഷതകളും ഉൾക്കൊള്ളുന്ന ഒന്നായിരുന്നു ഇത്.

**1872-ന് മുമ്പുള്ള ഇന്ത്യയിലെ സെൻസസ് ചരിത്രം**

ഹാരപ്പയിലെയും മോഹൻജൊദാരോയിലെയും ഖനനങ്ങൾ വെളിപ്പെടുത്തുന്നത്, ബി.സി.ഇ മൂന്നാം അല്ലെങ്കിൽ നാലാം സഹസ്രാബ്ദത്തോടെ-ഒരുപക്ഷേ അതിനും വളരെ മുമ്പ്-ഭാരതത്തിന് ഉന്നതമായി വികസിതമയൊരു സംസ്കാരം ഉണ്ടായിരുന്നു എന്നാണ്. അക്കാലത്തെ മെസൊപ്പൊട്ടേമിയയിലെയും ഈജിപ്തിലെയും ജനങ്ങൾ ഉപയോഗിച്ചിരുന്നതിന് സമാനമായ വലിയ നഗരങ്ങൾ, ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ, മികച്ച രീതിയിൽ നിർമ്മിച്ച കെട്ടിടങ്ങൾ, ക്ഷേത്രങ്ങൾ, ഇഷ്ടികകൊണ്ട് നിർമ്മിച്ച പൊതുമരാമത്ത് സംവിധാനങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഈ സംസ്കാരത്തിന്റെ സവിശേഷതയായിരുന്നു. പുരാതന സാഹിത്യം, പ്രത്യേകിച്ച് ഋഗ്വേദം വ്യക്തമാക്കുന്നത് അക്കാലത്ത് ജനസംഖ്യ കുറവാണെന്നും വിശാലമായ പ്രദേശങ്ങളിൽ ചെറിയ ഗ്രാമങ്ങളിലായി ജനങ്ങൾ ചിതറിക്കിടക്കുകയായിരുന്നു എന്നുമാണ്. ബി.സി.ഇ 327-326 കാലഘട്ടത്തിൽ ഇന്ത്യ ആക്രമിച്ച അലക്സാണ്ടർ ചക്രവർത്തിയുടെ സൈന്യവും ഇവിടുത്തെ ഉയർന്ന ജനസാന്ദ്രതയ്ക്ക് കൂടുതൽ തെളിവുകൾ നൽകിയിട്ടുണ്ട്.

# ഓൺലൈനായി **സ്വയം വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള** സൗകര്യം ആദ്യമായി 16 ഭാഷകളിൽ ലഭ്യമാണ്.

*രാജ്യത്തെ 16-ാമത് സെൻസസും സ്വാതന്ത്ര്യാനന്തരമുള്ള എട്ടാമത് സെൻസസുമാണ് ഇത്. ചരിത്രപരമായി ഓരോ 10 വർഷം കൂടുമ്പോഴാണ് സെൻസസ് നടത്താറുള്ളതെങ്കിലും, ഇത്തവണ 16 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇത് നടക്കുന്നത്. ഈ സമയപരിധികളേക്കാൾ പ്രാധാന്യമർഹിക്കുന്നതും, 16 സെൻസസുകളുടെ ചരിത്രത്തിൽ ആദ്യമായി സംഭവിക്കുന്നതുമായ കാര്യം ഡിജിറ്റൽ സെൻസസിന്റെ വരവും പൗരന്മാർക്കായി 'സ്വയം വിവരങ്ങൾ സമർപ്പിക്കാൻ' സൗകര്യം ഏർപ്പെടുത്തിയതുമാണ്. സെൻസസ് (ഭേദഗതി) ചട്ടങ്ങൾ 2022-ലെ സെക്ഷൻ 6D പ്രകാരം, 16 പ്രാദേശിക ഭാഷകളിൽ ലഭ്യമായ സുരക്ഷിതമായ ഒരു വെബ് അധിഷ്ഠിത സംവിധാനമാണ് സ്വയം വിവര സമർപ്പണം അഥവാ സെൽഫ് എന്യൂമറേഷൻ.*

- ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ് അല്ലെങ്കിൽ മൊബൈൽ ഫോണുകൾ വഴി എളുപ്പത്തിൽ പ്രവേശിക്കാവുന്ന ഒരു പ്രത്യേക വെബ് പോർട്ടലാണ് se.census.gov.in. രാജ്യത്തിനകത്തെ ഏത് സ്ഥലത്തുനിന്നും, വിദൂര പ്രദേശങ്ങളിൽ നിന്നുപോലും ഓൺലൈനായി സെൽഫ് എന്യൂമറേഷൻ നടത്താവുന്നതാണ്.
- അതത് സംസ്ഥാനങ്ങളിലോ കേന്ദ്രഭരണ പ്രദേശങ്ങളിലോ വീടുവിവരപ്പട്ടിക തയ്യാറാക്കുന്ന ഘട്ടം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് ഈ സൗകര്യം പൊതുജനങ്ങൾക്ക് ലഭ്യമാകും. ഇത് കുടുംബാംഗങ്ങളുടെ വിവരങ്ങൾ മുൻകൂട്ടി രേഖപ്പെടുത്താൻ അവരെ അനുവദിക്കുന്നു.
- സെൻസസ് ഉദ്യോഗസ്ഥർ തങ്ങൾക്ക് അനുവദിക്കപ്പെട്ട ഓരോ ബ്ലോക്കുകളിലെയും വീടുകൾ സന്ദർശിക്കും. ഉദ്യോഗസ്ഥരുടെ സന്ദർശനത്തിന് മുന്നോടിയായി നൽകുന്ന ഒരു അധിക സൗകര്യമായിരിക്കും സ്വയം വിവരശേഖരണം.



## സെൽഫ് എന്യൂമറേഷനുള്ള സമ്പൂർണ്ണ പ്രക്രിയ ഇനി പറയുന്നു

*സെൽഫ് എന്യൂമറേഷനെക്കുറിച്ചുള്ള വീഡിയോ ഗൈഡിനായി ഈ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*



**സെക്ഷൻ 01**

**പോർട്ടൽ ലോഗിൻ, പ്രാരംഭ രജിസ്ട്രേഷൻ**

### 1 പോർട്ടൽ പ്രവേശനവും ലോഗിൻ ചെയ്യലും

സ്വയം വിവര സമർപ്പണത്തിൽ പങ്കുചേരുന്നതിനായി, ആദ്യം se.census.gov.in എന്ന പോർട്ടൽ സന്ദർശിക്കുക. നിങ്ങളുടെ സംസ്ഥാനമോ കേന്ദ്രഭരണ പ്രദേശമോ തിരഞ്ഞെടുത്ത് ക്യാപ്ച (CAPTCHA) കോഡ് നൽകുക.

### 2 കുടുംബ രജിസ്ട്രേഷൻ

ഗൃഹനാഥന്റെ പേര്, അവരുടെ മൊബൈൽ നമ്പർ, ഇമെയിൽ ഐഡി (ഓപ്ഷണൽ) എന്നിവ നൽകുക.

- കുടുംബനാഥന്റെ പേര് പിന്നീട് മാറ്റാൻ കഴിയില്ല.
- ഒരു കുടുംബത്തിന് ഒരു മൊബൈൽ നമ്പർ മാത്രമേ ഉപയോഗിക്കാൻ കഴിയൂ. ഒരു നമ്പർ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, അതേ മൊബൈൽ നമ്പർ മറ്റൊരു കുടുംബത്തിനും ഉപയോഗിക്കാൻ കഴിയില്ല.



**സെക്ഷൻ 02**

**സ്ഥിരീകരണവും സ്ഥല തിരിച്ചറിയലും**

### 3 ഭാഷ തിരഞ്ഞെടുക്കലും ഒ.ടി.പി പരിശോധനയും.

ഭാഷ തിരഞ്ഞെടുത്ത് നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ ലഭിച്ച OTP നൽകുക.

### 4 ലൊക്കേഷൻ വിശദാംശങ്ങൾ നൽകുക

ജില്ല തിരഞ്ഞെടുക്കുക, പിൻ കോഡ് നൽകുക, തുടർന്ന് ഗ്രാമം, പട്ടണം അല്ലെങ്കിൽ പ്രദേശം എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ പൂരിപ്പിക്കുക.

### 5 താമസസ്ഥലം മാപ്പിൽ അടയാളപ്പെടുത്തുക

ഭൂപടത്തിലെ ചുവന്ന അടയാളം നിങ്ങളുടെ വീടിന് മുകളിൽ കൃത്യമായി വരുംവിധം നീക്കി വെക്കുക, തുടർന്ന് സ്ഥലം സ്ഥിരീകരിക്കുക.

സെൽഫ് എന്യൂമറേഷനായി ഈ
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.



## സെക്ഷൻ 03

### വിവരങ്ങൾ രേഖപ്പെടുത്തലും അന്തിമ സ്ഥിരീകരണവും

**ചോദ്യാവലി പൂർത്തിയാക്കുക**

**6** വീടുപട്ടികപ്പെടുത്തൽ, ഭവന സെൻസസ് ചോദ്യാവലി പൂരിപ്പിക്കുക. ചോദ്യങ്ങൾ മനസ്സിലാക്കുന്നതിന് നിങ്ങളെ സഹായിക്കുന്നതിനായി ടൂൾടിപ്പുകൾ, സചേതനമായ ചോദ്യങ്ങൾ (FAQs), മറ്റ് അവശ്യ വിവരങ്ങൾ എന്നിവ ലഭ്യമാണ്.

**കാണുക, വിലയിരുത്തുക**

**7** പ്രിവ്യൂ സ്ക്രീൻ ഉപയോഗിച്ച് നിങ്ങൾ രേഖപ്പെടുത്തിയ എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തുക. നിങ്ങൾക്ക് താഴെ പറയുന്ന ഓപ്ഷനുകൾ ലഭ്യമാണ്: വിവരങ്ങളിൽ മാറ്റം വരുത്തുന്നതിനായി പിന്നിലേക്ക് പോവുക, പിന്നീട് സമർപ്പിക്കുന്നതിനായി വിവരങ്ങൾ ഡ്രാഫ്റ്റ് ആയി സേവ് ചെയ്യുക, അല്ലെങ്കിൽ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി സമർപ്പിക്കുക.

**അന്തിമ സമർപ്പണം**

**8** നിങ്ങളുടെ വിവരങ്ങൾ സമർപ്പിക്കുന്നത് പൂർത്തിയാക്കാൻ 'Confirm and Submit" ക്ലിക്ക് ചെയ്യുക; അന്തിമമായി സമർപ്പിച്ചു കഴിഞ്ഞാൽ പിന്നീട് മാറ്റങ്ങൾ വരുത്താൻ സാധ്യമല്ലെന്ന് ദയവായി ശ്രദ്ധിക്കുക.

**സെൽഫ് എന്യൂമറേഷൻ ഐഡി (SE ID) ലഭ്യമാക്കൽ**

ഫോം വിജയകരമായി സമർപ്പിച്ചു കഴിഞ്ഞാൽ, 'H' എന്ന അക്ഷരത്തിൽ തുടങ്ങുന്ന സവിശേഷമായ 11 അക്ക സെൽഫ് എന്യൂമറേഷൻ ഐഡി (SE ID) ലഭ്യമാകുന്നതാണ്. ഈ ഐഡി നിങ്ങൾക്ക് എസ്.എം.എസ്, ഇമെയിൽ എന്നിവ വഴി അയച്ചുതരും.

## സെക്ഷൻ 04

### ഫീൽഡ് പരിശോധന



**എന്യൂമറേറ്ററുടെ സന്ദർശനം**

**9** സെൻസസ് എന്യൂമറേറ്റർ നിങ്ങളുടെ വീട് സന്ദർശിക്കുമ്പോൾ, വിവരങ്ങൾ ഉറപ്പുവരുത്തുന്നതിനായി ദയവായി നിങ്ങളുടെ SE ID അവർക്ക് കൈമാറേണ്ടതാണ്.

**SE ID പൊരുത്തപ്പെടൽ ഫലം**

നിങ്ങളുടെ SE ID നിലവിലുള്ള രേഖകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിൽ, നിങ്ങളുടെ വിവരങ്ങൾ പരിശോധിച്ചുറപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യും. എന്നാൽ SE ID പൊരുത്തപ്പെടുന്നില്ലെങ്കിൽ, എന്യൂമറേറ്റർ നിങ്ങളിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും പുതിയ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യും.



> **ഈ ജാതി സെൻസസ് സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങളെയും ശാക്തീകരിക്കുകയും, എല്ലാവരെയും ഉൾക്കൊള്ളുന്ന സാഹചര്യം വളർത്തുകയും, അധഃസ്ഥിതരുടെ പുരോഗതിക്കായി പുതിയ പാതകൾ തുറക്കുകയും ചെയ്യും. 2026-ലെ സെൻസസ് ജാതി കണക്കെടുപ്പ് ഉൾപ്പെടുത്തിക്കൊണ്ട് നടത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തീരുമാനിച്ചിട്ടുണ്ട്.**
>
> *- അമിത് ഷാ, കേന്ദ്ര ആഭ്യന്തര മന്ത്രി*

ചന്ദ്രഗുപ്ത മൗര്യന്റെ ഭരണകാലത്തെ (ബി.സി.ഇ. 321-297) രേഖകൾ സൂചിപ്പിക്കുന്നത് 7,00,000 പുരുഷന്മാരടങ്ങുന്ന ഒരു സ്ഥിരം സൈന്യം അവിടെ നിലനിന്നിരുന്നു എന്നാണ്-ഇത്രയും വലിയൊരു സൈന്യത്തെ നിലനിർത്തുന്നതിന് ഗണ്യമായ ജനസംഖ്യ ആവശ്യമായിരുന്നു. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, പൊതുവർഷത്തിന് (Common Era) മുമ്പ് തന്നെ ഇന്ത്യയിൽ വലിയൊരു ജനസംഖ്യ ഉണ്ടായിരുന്നു എന്ന് വ്യക്തമായ നിഗമനത്തിലെത്താം. മാത്രമല്ല, ജനസംഖ്യയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമങ്ങൾ വളരെ പണ്ടുകാലം മുതൽക്കേ നടന്നിരുന്നു. മൗര്യ ഭരണകൂടത്തിലെ ഏറ്റവും മികച്ച ബുദ്ധിശാലികളിൽ ഒരാളായ കൗടില്യൻ ബി.സി.ഇ. മൂന്നാം നൂറ്റാണ്ടിൽ രചിച്ച വിഖ്യാതമായ "അർത്ഥശാസ്ത്രം", നികുതി ആവശ്യങ്ങൾക്കായി ജനസംഖ്യാ വിവരങ്ങൾ ശേഖരിക്കുന്നത് സംസ്ഥാന നയത്തിന്റെ അടിസ്ഥാന തത്വമായി സ്ഥാപിച്ചു. ജനസംഖ്യാ കണക്കെടുപ്പിനും അതുപോലെ സാമ്പത്തിക, കാർഷിക സെൻസസുകൾ നടത്തുന്നതിനും ഉപയോഗിക്കേണ്ട രീതികളെക്കുറിച്ച് ഈ ഗ്രന്ഥം വിശദമായ വിവരങ്ങൾ നൽകുന്നു.

പുരാതന കാലത്തെ കാര്യക്ഷമമായ ഭരണകൂടങ്ങൾ ജനസംഖ്യാ കണക്കെടുപ്പിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നു-എങ്കിലും, രാജ്യത്തിന്റെ ചരിത്രത്തിൽ രാഷ്ട്രീയ അസ്ഥിരത നിലനിന്നിരുന്ന മധ്യകാലഘട്ടത്തിൽ ഇത് വലിയതോതിൽ അവഗണിക്കപ്പെട്ടു. എന്നാൽ, പിന്നീട് ആധുനിക ഭരണസംവിധാനത്തിന്റെ വികാസത്തോടെ, കൃത്യമായ ജനസംഖ്യാ സ്ഥിതിവിവരക്കണക്കുകളുടെ ആവശ്യകത വീണ്ടും ശക്തമായി.



# ലോകത്തിലെ ഏറ്റവും വലിയ സെൻസസ്: 2027
# വികസിത ഭാരതത്തിനായുള്ള തയ്യാറെടുപ്പ്



### സെൻസസ് ചെലവ്

സെൻസസ് പ്രവർത്തനങ്ങൾ യൂണിയൻ ലിസ്റ്റിന്റെയും (എൻട്രി 246) 1948 ലെ സെൻസസ് നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്.

2027 ലെ സെൻസസിനായി ഇന്ത്യാ ഗവൺമെന്റ് **11,718.24** കോടി രൂപ അനുവദിച്ചു.



എന്യൂമറേറ്റർമാർക്കുള്ള ഓണറേറിയം, പരിശീലനം, ഐടി അടിസ്ഥാന സൗകര്യങ്ങൾ, ലോജിസ്റ്റിക്സ്, അനുബന്ധ ചിലവുകൾ എന്നിവ ഈ വിഹിതത്തിൽ ഉൾപ്പെടുന്നു. സെൻസസ് യൂണിയൻ ലിസ്റ്റിന് കീഴിൽ വരുന്നതിനാൽ, ഈ തുക കേന്ദ്ര ഗവൺമെന്റാണ് ചിലവഴിക്കുന്നത്; സംസ്ഥാന ഗവണ്മെന്റുകളുടെ സെൻസസ് സംവിധാനങ്ങൾ ഈ പ്രക്രിയയിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നു.

### ഭരണനിർവഹണ യൂണിറ്റുകൾ മരവിപ്പിച്ചു

- വിവരശേഖരണ പ്രവർത്തനങ്ങൾക്ക് സുസ്ഥിരമായ ചട്ടക്കൂട് ഒരുക്കുന്നതിനായി, ഭരണനിർവഹണ യൂണിറ്റുകൾ 2026 ജനുവരി 1 മുതൽ 2027 മാർച്ച് 31 വരെ മരവിപ്പിച്ചിരിക്കുന്നു.
- ഒന്നാം ഘട്ടത്തിനായുള്ള പ്രീ-ടെസ്റ്റുകൾ 2025 നവംബറിൽ തന്നെ വിജയകരമായി നടത്തി.




തയ്യാറെടുപ്പുമായി ബന്ധപ്പെട്ട്
**2026 ജനുവരി**
സംസ്ഥാന ചീഫ് സെക്രട്ടറിമാർ, സംസ്ഥാന നോഡൽ ഓഫീസർമാർ, സെൻസസ് പ്രവർത്തനങ്ങളുടെ ഡയറക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി സമ്മേളനം വിളിച്ചുകൂട്ടി.

- ഒന്നാം ഘട്ടത്തിനായുള്ള സമഗ്രമായ ഡയറക്ടറി മാനുവൽ 19 ഭാഷകളിൽ തയ്യാറാക്കിയിട്ടുണ്ട്.
- ഏകീകരണം ഉറപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും വേണ്ടി, മാനദണ്ഡമാക്കിയ നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തമാക്കുന്ന സർക്കുലറുകൾ ദേശീയ തലത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്.
- സെൻസസ് പ്രവർത്തനങ്ങൾ കൃത്യസമയത്ത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി, മുഴുവൻ പരിപാടിക്കുമുള്ള വിശദമായ ഒരു കലണ്ടർ രൂപീകരിക്കുകയും നിലവിൽ അത് കർശനമായ നിരീക്ഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

*1948-ലെ സെൻസസ് നിയമപ്രകാരം ശേഖരിക്കുന്ന എല്ലാ വിവരങ്ങളും അതീവ രഹസ്യമായി സൂക്ഷിക്കുന്നതാണ്; ഇവ സ്ഥിതിവിവരക്കണക്കുകൾക്കും വികസന ആസൂത്രണങ്ങൾക്കും വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. വീട് പട്ടികപ്പെടുത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എന്യൂമറേറ്റർമാർക്ക് പൂർണ്ണ സഹായം നൽകണമെന്നും ഈ പ്രധാനപ്പെട്ട ദേശീയ ഉദ്യമത്തിൽ സജീവമായി പങ്കുചേരണമെന്നും എല്ലാവരോടും അഭ്യർത്ഥിക്കുന്നു.*

ഇന്ത്യ മുഴുവൻ ഉൾപ്പെടുത്തി ഏകീകൃതമായ രീതിയിൽ ആദ്യമായി ഒരു സമഗ്ര സെൻസസ് നടത്തിയത് 1881-ലാണ്. അതിനുശേഷം എല്ലാ പത്തു വർഷം കൂടുമ്പോഴും കൃത്യമായി സെൻസസ് നടത്തിവരുന്നു. പ്രത്യേകിച്ച് 1901-ലെ സെൻസസിൽ ജാതികളെയും തൊഴിലുകളെയും കുറിച്ചുള്ള വിശദമായ വിശകലനവും വർഗ്ഗീകരണവും ഉൾപ്പെടുത്തിയിരുന്നു. സ്വാതന്ത്ര്യത്തിന് ശേഷമുള്ള ആദ്യ സെൻസസ് 1951-ലാണ് നടത്തിയത്. ഈ സെൻസസ് റിപ്പോർട്ട് മുൻപത്തെ സെൻസസ് റിപ്പോർട്ടുകളുടെ രീതിയിൽ നിന്നും പൂർണ്ണമായും വിഭിന്നമായിരുന്നു. ഇന്ത്യയിലെ ജനസംഖ്യയുടെ വലുപ്പത്തിലും ഘടനയിലും മുൻകാലങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ വിശദീകരിക്കാനും, അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരവും അതുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങളും എടുത്തുകാട്ടാനും ഇത് ശ്രമിച്ചു. രാജ്യത്തെ ജനനനിരക്കിലുണ്ടായ കുറവിനെക്കുറിച്ചുള്ള ഒരു വാദവും റിപ്പോർട്ടിലെ ഫലങ്ങൾ അവതരിപ്പിച്ചു.

ഏകദേശം **6.40** ലക്ഷം ഗ്രാമങ്ങൾ സെൻസസിൽ ഉൾപ്പെടും

**2027-ലെ സെൻസസ് നടത്തിപ്പ്**

**36** സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണ പ്രദേശങ്ങൾ

**7,092** ഉപജില്ലകൾ

**5,128** സ്റ്റാറ്റ്യൂട്ടറിപട്ടണങ്ങൾ

**4,580** സെൻസസ് പട്ടണങ്ങൾ

സെൻസസ് - 2027ഏകദേശം **6,39,902** ഗ്രാമങ്ങളിലാണ് നടത്തുക

**80,000** ബാച്ചുകളിലായി പരിശീലനം

*ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ സെൻസസ് പ്രവർത്തനത്തിനായി നിയമിക്കപ്പെട്ട എന്യൂമറേറ്റർമാർ, സൂപ്പർവൈസർമാർ എന്നിവരുൾപ്പെടെ എല്ലാ ഫീൽഡ് സ്റ്റാഫുകൾക്കും സമഗ്ര പരിശീലനം നൽകുന്നു.*



**100** ദേശീയ പരിശീലകർക്ക് വിദഗ്ദ്ധർ പരിശീലനം നൽകി.

ഈ ദേശീയ പരിശീലകർ ഏകദേശം **2,000** മാസ്റ്റർ പരിശീലകരെ പരിശീലിപ്പിച്ചിട്ടുണ്ട്.

ഏകദേശം **45,000** ഫീൽഡ് ട്രെയിനർമാരെ പരിശീലിപ്പിക്കുക എന്നതാണ് ഈ മാസ്റ്റർ ട്രെയിനർമാരുടെ ചുമതല.

**ഈ ഫീൽഡ് പരിശീലകർ നിലവിൽ**

- **80,000** ബാച്ചുകൾക്ക് പരിശീലനം നൽകുന്നു.
- **31** ലക്ഷം എന്യൂമറേറ്റർമാർക്കും സൂപ്പർവൈസർമാർക്കും പരിശീലനം നൽകുന്നു.

താഴെത്തട്ടിൽ പ്രവർത്തിക്കുന്ന എന്യൂമറേറ്റർമാർക്കും സൂപ്പർവൈസർമാർക്കും ഉയർന്ന നിലവാരമുള്ള ഡാറ്റ കൃത്യസമയത്ത് ശേഖരിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ എല്ലാ പരിശീലന സാമഗ്രികളും പ്രാദേശിക ഭാഷകളിലാണ് തയ്യാറാക്കിയിരിക്കുന്നത്.



ഇന്ത്യൻ സെൻസസ് ചരിത്രത്തിൽ ആദ്യമായി, 1951-ലെ സെൻസസ് ഫീൽഡ് തലത്തിലുള്ള പുനപരിശോധനയിലൂടെ ജനസംഖ്യാ കണക്കെടുപ്പിന്റെ കൃത്യത വിലയിരുത്താൻ ശ്രമിച്ചു. 1971 മുതൽ പത്തു വർഷത്തെ ഇടവേളകളിൽ നാല് സെൻസസുകൾ നടന്നു, അത് 2011-ലെ സെൻസസിൽ അവസാനിച്ചു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സെൻസസിന് തൊട്ടുമുൻപത്തേത് 2011-ലെ സെൻസസ് ആയിരുന്നു. 2021-ഓടെ രാജ്യം അടുത്ത സെൻസസിനായി തയ്യാറെടുത്തിരുന്നു. 1872 മുതലുള്ള തടസ്സമില്ലാത്ത ദശാബ്ദ സെൻസസ് പരമ്പര തുടർന്നുകൊണ്ട്, ഇന്ത്യയുടെ പതിനാറാമത് സെൻസസ്-ഇത്തവണ ഒരു ഡിജിറ്റൽ സംരംഭമായി-ആരംഭിക്കുന്നതിനുള്ള പരിശീലന സെഷനുകളിൽ എന്യൂമറേറ്റർമാരും സൂപ്പർവൈസർമാരും ആവേശത്തോടെ പങ്കെടുത്തു. എന്നിരുന്നാലും, സെൻസസ് നടപടികൾ ആരംഭിക്കാൻ നിശ്ചയിച്ചിരുന്നതിന് ഒരാഴ്ച മുമ്പ്, മാരകമായ കോവിഡ്-19 മഹാമാരി കാരണം ഇന്ത്യാ ഗവണ്മെന്റ് രാജ്യവ്യാപകമായി ലോക്ക്ഡൗൺ പ്രഖ്യാപിക്കാൻ നിർബന്ധിതരായി.

**ഡിജിറ്റൽ സെൻസസ്: സാങ്കേതിക വിപ്ലവത്തിന്റെ പ്രതീകം**

ഉപനിഷത്തുകൾ പറയുന്നു, “तमसो मा ज्योतिर्गमय, मृत्योर्मामृतं गमय’ - അതായത്, ‘ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് ഞങ്ങളെ നയിക്കണമേ; മരണത്തിൽ നിന്നും പ്രതിസന്ധികളിൽ നിന്നും ഞങ്ങളെ അമർത്യതയിലേക്ക്

നയിക്കേണമേ’ എന്നാണ് ഇത് അർത്ഥമാക്കുന്നത്. അമൃതകാലത്തിലൂടെയുള്ള കടന്നുപോകൽ അറിവ് കൂടാതെ പ്രകാശപൂരിതമാക്കാൻ കഴിയില്ല. അതിനാൽ, ഈ കാലഘട്ടം അതായത് അമൃതകാലം, അറിവിനും ഗവേഷണത്തിനും നൂതനാശയങ്ങൾക്കുമായി സമർപ്പിക്കപ്പെട്ട കാലമാണ്. പുരാതന പാരമ്പര്യങ്ങളിലും പൈതൃകത്തിലും വേരുകൾ ഉറപ്പിച്ചു നിർത്തുന്നതോടൊപ്പം തന്നെ, ആധുനികതയുടെ അതിരുകളില്ലാത്ത ആകാശത്തേക്ക് അനന്തമായി വ്യാപിച്ചുകിടക്കുന്ന ഒരു ഇന്ത്യയെ കെട്ടിപ്പടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. നമ്മുടെ സംസ്കാരവും നാഗരികതയും മൂല്യങ്ങളും ജീവന്തമായി നിലനിർത്തുന്നതോടൊപ്പം തന്നെ നമ്മുടെ ആത്മീയതയേയും വൈവിധ്യത്തേയും സംരക്ഷിക്കുകയും സമ്പന്നമാക്കുകയും വേണം. അതോടൊപ്പം സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നിവയിലുടനീളമുള്ള നമ്മുടെ സംവിധാനങ്ങളെ നാം നിരന്തരം ആധുനികവൽക്കരിക്കുകയും വേണം. കഴിഞ്ഞ 12 വർഷമായി ഈ കാഴ്ചപ്പാടോടെ പ്രവർത്തിച്ചുവരുന്ന കേന്ദ്ര ഗവൺമെന്റ് , 2027-ലെ സെൻസസിനെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സെൻസസ് എന്ന വിപ്ലവകരമായ സംരംഭമായി മാറ്റിയിരിക്കുകയാണ്. കൃത്യമായ ആസൂത്രണവും ലക്ഷ്യബദ്ധമായ പ്രവർത്തനങ്ങളും സുഗമമാക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം. 2027-ലെ സെൻസസ് ഒന്നിലധികം വീക്ഷണകോണുകളിൽ നിന്നുള്ള ഒരു ചരിത്ര നാഴികക്കല്ലായി വിശേഷിപ്പിക്കപ്പെടുന്നു. സാങ്കേതിക നവീകരണം, ഡിജിറ്റൽ വിവരശേഖരണം, മെച്ചപ്പെട്ട കൃത്യത എന്നിവയ്ക്ക് ഇത് പ്രത്യേക ഊന്നൽ നല്കുന്നു. കൂടാതെ, വിവരശേഖരണ പ്രക്രിയ വേഗത്തിലുള്ളതും സുതാര്യവും പിശകുകളില്ലാത്തതുമാണെന്ന് ഇത് ഉറപ്പാക്കുന്നു. മൊബൈൽ ആപ്ലിക്കേഷനുകൾ, ഓൺലൈൻ ഫോമുകൾ, തത്സമയ ഡാറ്റ പ്രോസസ്സിംഗ് തുടങ്ങിയ സവിശേഷതകൾ ഈ സംരംഭത്തിന് സവിശേഷമായ ഒരു ആധുനിക സ്വഭാവം നല്കുന്നു. സെൻസസ് ഇനി കേവലം കടലാസ് രേഖകളിൽ മാത്രമായി ഒതുങ്ങില്ല, പകരം എല്ലാ വിവരങ്ങളും ഡിജിറ്റൽ മാധ്യമങ്ങളിലൂടെ സുരക്ഷിതമായും തൽക്ഷണമായും ലഭ്യമാകും. ഇത് ഗണ്യമായ സമയം ലാഭിക്കാൻ സഹായിക്കുമെന്ന് മാത്രമല്ല, കൂടുതൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുകയും ചെയ്യും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് ഭരണ സംവിധാനത്തെ ‘ഡാറ്റ അധിഷ്ഠിത ഭരണം’ എന്ന മാതൃകയിലേക്ക് നയിച്ചു. ‘എല്ലാവർക്കുമൊപ്പം, എല്ലാവരുടേയും വികസനം, എല്ലാവരുടേയും വിശ്വാസം,എല്ലാവരുടേയും പരിശ്രമം’, ‘കുറഞ്ഞ ഭരണകൂട ഇടപെടലും പരമാവധി ഭരണനിർവ്വഹണവും’ എന്നീ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് കൃത്യവും ആധികാരികവുമായ വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. ഇവ ഇനി വെറും മുദ്രാവാക്യങ്ങൾ മാത്രമല്ല, നയരൂപീകരണത്തിന്റെ അടിസ്ഥാന ശിലകളായി ഇവ മാറിക്കഴിഞ്ഞു....

## സമഗ്ര വികസനം ഉറപ്പാക്കാൻ **ജാതി സെൻസസ്**

*സാമൂഹിക നീതി നടപ്പിലാക്കുന്നതിനും പദ്ധതികൾ താഴെത്തട്ടിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജാതി സെൻസസ് നിർണ്ണായകമാണ്. ഇത് യഥാർത്ഥ സാമൂഹിക-സാമ്പത്തിക സാഹചര്യം മനസ്സിലാക്കാൻ സഹായിക്കുക മാത്രമല്ല, എല്ലാവരേയും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കുകയും ചെയ്യും. കൂടാതെ, തുല്യ അവസരങ്ങൾ നല്കുന്നതിനായുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാനും ഇതിലൂടെ സാധിക്കും...*

### 2025 ഏപ്രിൽ 30


പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന ക്യാബിനറ്റ് കമ്മിറ്റി ഓൺ പൊളിറ്റിക്കൽ അഫയേഴ്സ് (സിസിപിഎ), വരാനിരിക്കുന്ന സെൻസസിൽ ജാതി കണക്കെടുപ്പ് ഉൾപ്പെടുത്താൻ തീരുമാനിച്ചു.

### 2025 ജൂൺ 16

ആഭ്യന്തര മന്ത്രാലയം 2027-ലെ സെൻസസിനായുള്ള വിജ്ഞാപനം ഔദ്യോഗികമായി പുറപ്പെടുവിച്ചു.

- സ്വാതന്ത്ര്യലബ്ധിക്കുശേഷം ആദ്യമായി, 2027-ലെ സെൻസസിൽ എല്ലാ സമുദായങ്ങളുടേയും ജാതി കണക്കെടുപ്പ് ഉൾപ്പെടുത്തും.
- സാമൂഹിക സൗഹാർദ്ദം സംരക്ഷിക്കുന്നതിനായി, ജാതി കണക്കെടുപ്പ് ഒരു പ്രത്യേക സർവേയായി നടത്തുന്നതിന് പകരം പ്രധാന സെൻസസിന്റെ ഭാഗമായിത്തന്നെ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
- ഓരോ കുടുംബാംഗത്തിന്റേയും ജാതി സംബന്ധിച്ച വിശദമായ വിവരങ്ങൾ അവസാനമായി ശേഖരിച്ച് പ്രസിദ്ധീകരിച്ചത് 1931-ലാണ്.

2011-ലെ സാമൂഹിക, സാമ്പത്തിക ജാതി സെൻസസ് (SECC) നടത്തിയതിന് ശേഷം, ജാതി സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ ഒഴികെയുള്ള മറ്റെല്ലാ വിവരങ്ങളും പ്രസിദ്ധീകരിച്ചിരുന്നു.













**രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ് നടത്തുന്നത് - ആദ്യ ഘട്ടത്തിൽ വീടുകളുടെ കണക്കെടുപ്പും, തുടർന്ന് വ്യക്തികളുടെ വിവരശേഖരണവുമാണ് നടക്കുന്നത്. ഒന്നാം ഘട്ടം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ വീടുകളാണ് എണ്ണുന്നത് എന്നതിനാലും വീടുകൾക്ക് ജാതി ഇല്ലാത്തതിനാലും ഈ ഘട്ടത്തിലെ ഫോമിൽ ജാതി രേഖപ്പെടുത്താനുള്ള കോളമില്ല. വ്യക്തികളുടെ വിവരങ്ങൾ ശേഖരിക്കുന്ന അടുത്ത ഘട്ടത്തിലായിരിക്കും ജാതി കണക്കെടുപ്പ് സംബന്ധിച്ച ചോദ്യങ്ങൾ ഉണ്ടാവുന്നത്.**

*അമിത് ഷാ, കേന്ദ്ര ആഭ്യന്തര മന്ത്രി*

....2027-ലെ സെൻസസ് ഈ ദിശയിലുള്ള നിർണ്ണായകമായ ഒരു ചുവടുവെയ്പ്പാണ്. ഏതെല്ലാം മേഖലകളാണ് വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചതെന്നും ഏതെല്ലാം മേഖലകളിലാണ് ഇനിയും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും കൃത്യമായി തിരിച്ചറിയാൻ ഇത് സർക്കാരിനെ പ്രാപ്തമാക്കുന്നു. 2011-ലെ സെൻസസിനെത്തുടർന്ന് ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം നടത്തുന്ന 2027-ലെ സെൻസസ് ഒരു പുതിയ യുഗത്തിന്റെ ഉദയത്തെ അടയാളപ്പെടുത്തുന്നു. ഇത് കേവലമൊരു താൽക്കാലിക വിടവ് നികത്തുക മാത്രമല്ല ചെയ്യുന്നത്; മറിച്ച്, സ്വയംപര്യാപ്തവും ശാക്തീകരിക്കപ്പെട്ടതും ഡിജിറ്റൽ യുഗത്തിൽ നേതൃസ്ഥാനത്തേക്ക് മുന്നേറുന്നതുമായ ഒരു പുതിയ ഇന്ത്യയുടെ നേർകാഴ്ചയാണ് നല്കുന്നത്. ഇനി ഡാറ്റ എന്നത് കേവലം സ്ഥിതിവിവരക്കണക്കുകൾ മാത്രമല്ല, വികസനത്തിന്റെ പാത നിർണ്ണയിക്കുന്ന മാർഗ്ഗനിർദ്ദേശക തത്വങ്ങളായി അവ പരിണമിച്ചിരിക്കുന്നു...

....അതുകൊണ്ടുതന്നെ, ഡിജിറ്റൽ വിപ്ലവത്തിന്റേയും സെൻസസ് പ്രവർത്തനങ്ങളുടെ മാറിയ സ്വഭാവത്തിന്റേയും പശ്ചാത്തലത്തിൽ, 2027-ലെ സെൻസസ് 'ഡിജിറ്റൽ ഇന്ത്യ' യുഗത്തിലെ സാങ്കേതിക വിപ്ലവത്തിന്റെ പ്രതീകമായി ഉയർന്നുവരുന്നു. ഈ സെൻസസിൽ ഉപയോഗിക്കുന്ന ഡിജിറ്റൽ സംവിധാനങ്ങളിൽ വിവരങ്ങളുടെ ഉയർന്ന തലത്തിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനായി ശക്തമായ എൻക്രിപ്ഷനും വിവിധ തലങ്ങളിലുള്ള പ്രാമാണീകരണ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. മുഴുവൻ സെൻസസ് പ്രക്രിയയും തത്സമയ അടിസ്ഥാനത്തിൽ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം എന്ന പേരിൽ ഒരു സമർപ്പിത പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാറ്റസുരക്ഷയ്ക്കും അതീവ പ്രാധാന്യമാണ് നല്കിയിരിക്കുന്നത്.

**സാമൂഹിക സൗഹാർദ്ദം: ചരിത്രത്തിലാദ്യമായി ജാതി സെൻസസ്**

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി, 2027-ലെ സെൻസസിൽ എല്ലാ സമുദായങ്ങളുടേയും ജാതി കണക്കെടുപ്പ് ഉൾപ്പെടുത്തും. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നുവരെ നടന്ന ഒരു സെൻസസിലും ജാതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനിടയിൽ ചില സംസ്ഥാനങ്ങൾ സ്വന്തം നിലയിൽ ജാതി സർവേകൾ നടത്തിയിരുന്നെങ്കിലും, അവയുടെ സുതാര്യതയേയും ഉദ്ദേശ്യങ്ങളേയും കുറിച്ച് ആശങ്കകൾ ഉയരുകയും അത് രാഷ്ട്രീയവൽക്കരിക്കപ്പെടുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ, സാമൂഹിക സൗഹാർദ്ദം സംരക്ഷിക്കുന്നതിനായി, ജാതി കണക്കെടുപ്പ് ഒരു പ്രത്യേക സർവേയായി നടത്തുന്നതിന് പകരം പ്രധാന സെൻസസിന്റെ ഭാഗമായിത്തന്നെ ഉൾപ്പെടുത്താൻ തീരുമാനിച്ചു. എല്ലാ സമുദായങ്ങളുടേയും ജാതി കണക്കെടുപ്പ് ഈ സെൻസസിനോടൊപ്പം തന്നെ നടത്തും. ഇതിന്റെ ഭാഗമായി 2025 ഏപ്രിൽ 30-ന് ചേർന്ന ക്യാബിനറ്റ് കമ്മിറ്റി ഓൺ പൊളിറ്റിക്കൽ അഫയേഴ്സ്, വരാനിരിക്കുന്ന 2027-ലെ സെൻസസിൽ ജാതി സംബന്ധിച്ച വിവരശേഖരണം കൂടി ഉൾപ്പെടുത്താൻ തീരുമാനമെടുത്തു. രാജ്യത്തെ വിപുലമായ സാമൂഹികവും ജനസംഖ്യാപരവുമായ വൈവിധ്യവും അതുയർത്തുന്ന വെല്ലുവിളികളും കണക്കിലെടുത്ത്, 2027-ലെ സെൻസസിന്റെ രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് വേളയിൽ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിച്ചാകും ജാതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക. രണ്ടാം ഘട്ടത്തിനായി പുറത്തിറക്കുന്ന ചോദ്യാവലിയിലായിരിക്കും ജാതിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തുക.

## 2027-ലെ സെൻസസിൽ സംയോജിപ്പിച്ചിരിക്കുന്നു:

എല്ലാവർക്കുമൊപ്പം, എല്ലാവരുടേയും വികസനം, എല്ലാവരുടേയും വിശ്വാസം,എല്ലാവരുടേയും പരിശ്രമം എന്ന തത്വത്തിന്റെ ആത്മാവ്..



**എല്ലാവർക്കുമൊപ്പം**

സെൻസസ് എന്നത് യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്ന ഒരു വിഷയമാണ്. ഇതിൽ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും മുഴുവൻ ഭരണസംവിധാനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു. കുറ്റമറ്റ വിവരശേഖരണം ഉറപ്പാക്കുന്നതിനായി ഈ പ്രവർത്തനത്തിലുടനീളം 'ടീം ഇന്ത്യ' എല്ലാവർക്കുമൊപ്പം എന്ന മനോഭാവത്തോടെയാണ് പ്രവർത്തിക്കുന്നത്.

**എല്ലാവരുടേയും വികസനം**

ഇത്തവണ സെൻസസിനോടൊപ്പം ജാതി കണക്കെടുപ്പും ഉൾപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിലെ പിന്നാക്കം നിൽക്കുന്നതോ പാർശ്വവൽക്കരിക്കപ്പെട്ടതോ ആയ വിഭാഗങ്ങളെക്കുറിച്ചുള്ള കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ വെളിച്ചത്തുകൊണ്ടുവരാൻ ഈ സംരംഭം ലക്ഷ്യമിടുന്നു. ഇതിലൂടെ എല്ലാവർക്കും പ്രയോജനപ്പെടുന്ന രീതിയിൽ വികസന പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിക്കുന്നു.

**എല്ലാവരുടേയും വിശ്വാസം**

സാധാരണ പൗരന്മാരുടെ വിശ്വാസം ഒട്ടും ചോർന്നുപോകാത്ത രീതിയിലാണ് സെൻസസ് സംവിധാനത്തിനുള്ളിലെ വിവര സുരക്ഷ ഉറപ്പാക്കിയിരിക്കുന്നത്. ഈ ക്യാമ്പയിനിനിടെ പൊതുജനങ്ങൾ നല്കുന്ന ഏതൊരു വിവരവും വിശ്വാസത്തോടെ സ്വീകരിക്കുകയും അത് പൂർണ്ണ സത്യമായി പരിഗണിക്കുകയും ചെയ്യുന്നു. ഇത് എല്ലാവരുടേയും വിശ്വാസം എന്ന മനോഭാവത്തെ ഉയർത്തിപ്പിടിക്കുന്നു. കൂടാതെ, ഇത്തവണ ഡിജിറ്റൽ സെൻസസ് അവതരിപ്പിച്ചതിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ കൂടുതൽ കൃത്യതയുള്ളതും അതിവേഗം ലഭ്യമാകുന്നതുമായിരിക്കും.

**എല്ലാവരുടേയും പരിശ്രമം**

സെൻസസ് ഇപ്പോൾ ഒരു രാജ്യവ്യാപക പ്രസ്ഥാനമായി പരിണമിച്ചുകൊണ്ടിരിക്കുകയാണ്. ചരിത്രത്തിലാദ്യമായി പൗരന്മാർക്ക് 'സ്വയം വിവരശേഖരണത്തിന്' അവസരം നല്കിയിരിക്കുന്നു. അതുപോലെതന്നെ വിപുലമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. എല്ലാവരുടേയും പരിശ്രമം എന്ന ഈ കൂട്ടായ പരിശ്രമമാണ് വികസിത ഭാരതത്തിന്റെ അടിത്തറയായി മാറുന്നത്.

ആശങ്കപ്പെടേണ്ടതില്ല
സത്യം മനസ്സിലാക്കാം



**നമുക്ക് നമ്മുടെ ഉത്തരവാദിത്തം നിറവേറ്റാം; സെൻസസിൽ പങ്കാളികളാകാം.**

**തെറ്റായ വിവരം :** വിവരശേഖരണത്തിന് എത്തുന്നവർ ഒ.ടി.പി-യോ ബാങ്ക് വിവരങ്ങളോ ആവശ്യപ്പെടും

**വസ്തുത :** ഒരു സെൻസസ് ഉദ്യോഗസ്ഥനും നിങ്ങൾ ഒ.ടി.പി നല്കുകയോ രേഖകൾ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല

**തെറ്റായ വിവരം :** തെറ്റായ വിവരം: നിങ്ങളുടെ വിവരങ്ങൾ നികുതി ആവശ്യങ്ങൾക്കോ അന്വേഷണങ്ങൾക്കോ വേണ്ടി ഉപയോഗിക്കും

**വസ്തുത :** നിങ്ങളുടെ വിവരങ്ങൾ തികച്ചും രഹസ്യമായിരിക്കും. ഇത് ആസൂത്രണത്തിനും നയരൂപീകരണത്തിനും വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്

**തെറ്റായ വിവരം :** സെൻസസ് നിങ്ങളുടെ സർക്കാർ ആനുകൂല്യങ്ങളെ ദോഷകരമായി ബാധിച്ചേക്കാം

**വസ്തുത :** നിങ്ങളുടെ ആനുകൂല്യങ്ങളെ ഇത് ഒരു തരത്തിലും ബാധിക്കില്ല

**തെറ്റായ വിവരം :** സെൻസസിനായി നിങ്ങൾ ഫീസ് നൽകേണ്ടി വന്നേക്കാം

**വസ്തുത :** സെൻസസ് പൂർണ്ണമായും സൗജന്യമാണ്. വീട് പട്ടികപ്പെടുത്തുന്നതിനോ, സ്വയം വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ യാതൊരു ഫീസും ഈടാക്കുന്നില്ല

**തെറ്റായ വിവരം :** ആർക്കും സെൻസസ് ഉദ്യോഗസ്ഥൻ ചമയാം

**വസ്തുത :** ഉദ്യോഗസ്ഥരുടെ തിരിച്ചറിയൽ കാർഡ് പരിശോധിച്ചുകൊണ്ട് നിങ്ങൾക്ക് അവരുടെ ഔദ്യോഗിക പദവി ഉറപ്പാക്കാം. തിരിച്ചറിയൽ കാർഡിലെ QR കോഡ് ഉപയോഗിച്ച് നിങ്ങൾക്ക് അത് സ്ഥിരീകരിക്കാവുന്നതാണ്



**സെൻസസ് വേളയിൽ നല്കുന്ന വ്യക്തിഗത വിവരങ്ങൾ തികച്ചും രഹസ്യമായി സൂക്ഷിക്കപ്പെടും. വിവരാവകാശ നിയമപ്രകാരം ഈ വിവരങ്ങൾ പങ്കിടാനോ കോടതിയിൽ തെളിവായി ഉപയോഗിക്കാനോ കഴിയില്ല. കൂടാതെ, ഒരു അധികാരസ്ഥാപനത്തിനും ഈ വ്യക്തിഗത വിവരങ്ങൾ വ്യക്തിനിഷ്ഠ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ അനുവാദമില്ല, ഇത് സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കാൻ മാത്രമാണ് ഉപയോഗിക്കുന്നത്.**

*മൃത്യുഞ്ജയ് കുമാർ നരേൻ*
*(രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ)*

*2027-ലെ സെൻസസിനെക്കുറിച്ചുള്ള പത്രസമ്മേളനം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക*

## വികസിത ഭാരതത്തിലേക്കുള്ള പ്രയാണത്തിന്റെ അടിത്തറ

2027-ലെ സെൻസസിന്റെ ഭാഗമായി 'പ്രഗതി' (സ്ത്രീ ഉദ്യോഗസ്ഥ), 'വികാസ്' (പുരുഷ ഉദ്യോഗസ്ഥൻ) എന്നീ മാസ്കോട്ടുകളെ സൗഹൃദപരവും എളുപ്പത്തിൽ സമീപിക്കാവുന്നതുമായ പ്രതീകങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. 2047-ഓടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള ദൃഢനിശ്ചയം നിറവേറ്റുന്നതിൽ സ്ത്രീകളുടേയും പുരുഷന്മാരുടേയും തുല്യ പങ്കാളിത്തത്തെയാണ് 'പ്രഗതിയും' 'വികാസും' പ്രതീകപ്പെടുത്തുന്നത്. 2047-ൽ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം സ്വാതന്ത്ര്യത്തിന്റെ 100 വർഷം പൂർത്തിയാകുന്നതോടൊപ്പമാണ് വരുന്നത്. അമൃത മഹോത്സവ വർഷത്തിൽ ആരംഭിച്ച ഈ യാത്രയെ അമൃതകാലം എന്നാണ് വിശേഷിപ്പിക്കുന്നത്. അതിനാൽ, 2027-ലെ സെൻസസ് കേവലം പൗരന്മാരെ എണ്ണുന്ന ഒരു പ്രക്രിയ മാത്രമല്ല; മറിച്ച്, ഒരു വികസിത ഭാരതത്തിലേക്കുള്ള പാത രൂപപ്പെടുത്തുന്നതിനുള്ള ശക്തമായ അടിത്തറ കൂടിയാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കൃത്യമായ വിവരങ്ങളും വ്യക്തമായ നയങ്ങളും അനിവാര്യമാണ്. ഇത് കൃത്യമായ ആസൂത്രണത്തിനും നയരൂപീകരണത്തിനും സൗകര്യമൊരുക്കുക മാത്രമല്ല, വിഭവങ്ങളുടെ തുല്യമായ വിതരണം, അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക-സാമ്പത്തിക സമത്വം എന്നിവയിൽ സുപ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു.



> സാമൂഹിക നീതി ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമായ മോദി ഗവൺമെൻറ് ചരിത്രപരമായ ഒരു തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നത്. പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ 2025 ഏപ്രിൽ 30-ന് ചേർന്ന സിസിപിഎ യോഗത്തിൽ, വരാനിരിക്കുന്ന സെൻസസിൽ ജാതി കണക്കെടുപ്പ് ഉൾപ്പെടുത്താൻ എടുത്ത തീരുമാനം സാമൂഹിക സമത്വത്തോടും സമൂഹത്തിലെ ഓരോ വിഭാഗത്തിന്റേയും അവകാശങ്ങളോടുമുള്ള ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധതയുടെ ശക്തമായ സന്ദേശമാണ് നല്കുന്നത്.
>
> *അമിത് ഷാ, കേന്ദ്ര ആഭ്യന്തര മന്ത്രി*

'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സാങ്കേതികവിദ്യ നിർണ്ണായക പങ്ക് വഹിക്കുന്നു. ഈ പശ്ചാത്തലത്തിൽ, ഡിജിറ്റൽ സെൻസസിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ കൂടുതൽ വേഗത്തിലുള്ളതും കൃത്യതയുള്ളതുമായിരിക്കും. ഇത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ കേന്ദ്ര ഗവൺമെന്റിനെ സഹായിക്കും. അതിനാൽ, വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ 2027-ലെ സെൻസസ് ഒരു അടിസ്ഥാനശിലയായി മാറുമെന്ന് വ്യക്തമാണ്. പൗരന്മാരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള തന്ത്രപരമായ ഒരു ചുവടുവെപ്പായി ഇത് മാറും.

വരാനിരിക്കുന്ന ദശകത്തിൽ ഇന്ത്യയുടെ വികസന രൂപരേഖ തയ്യാറാക്കുന്നതിനുള്ള അടിത്തറ ഒരുക്കുന്ന ഭരണനിർവ്വഹണത്തിലെ സുപ്രധാനമായ ഒരു ഉപാധിയാണ് സെൻസസ് എന്നതിൽ സംശയമില്ല. അതിനാൽ, 2027-ലെ സെൻസസ് കേവലം സ്ഥിതിവിവരക്കണക്കുകളുടെ സമാഹാരമല്ല, മറിച്ച് രാഷ്ട്രനിർമ്മാണ പ്രക്രിയയിലെ നിർണ്ണായക സ്തംഭമാണ്. ഇത് സർക്കാരിനും സമൂഹത്തിനും ഇടയിലുള്ള ഒരു പാലമായി വർത്തിക്കുന്നു. തൽഫലമായി, 2027-ലെ സെൻസസിനെ കേവലമൊരു ഭരണപരമായ നടപടിയായി വിശേഷിപ്പിക്കാനാവില്ല; മറിച്ച്, ഇത് ഒരു ബഹുജന പ്രസ്ഥാനമാണ് - ഓരോ പൗരന്റേയും പങ്കാളിത്തം അനിവാര്യമായ ഒരു പ്രചാരണ പ്രവർത്തനം. അതിനാൽ, കൃത്യമായ വിവരങ്ങൾ നല്കിക്കൊണ്ടും അവബോധം വളർത്തിക്കൊണ്ടും ഈ ദേശീയ ശ്രമത്തിൽ പങ്കുചേരുക എന്നത് പൗരന്മാരുടെ കടമയാണ്. ഇതിലൂടെ പൊതുജനപങ്കാളിത്തം തന്നെ ശാക്തീകരിക്കപ്പെട്ടതും സമൃദ്ധവും സ്വയംപര്യാപ്തവുമായ ഒരു ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിനുള്ള ആധാരശിലയായി മാറുന്നു.




# ഗംഗാ എക്സ്പ്രസ് വേ

## നവ സ്വപ്നങ്ങളിലേക്കും അവസരങ്ങളിലേക്കുമുള്ള ഒരു കവാടം

***പ്രധാനമന്ത്രി നരേന്ദ്ര മോദി ഏപ്രിൽ 28, 29 തീയതികളിൽ നടത്തിയ ഉത്തർപ്രദേശ് സന്ദർശനം സാംസ്കാരിക, ആത്മീയ, വികസന പ്രതിജ്ഞാബദ്ധതകളുടെ ഊർജ്ജസ്വലമായ പ്രതീകമായി നിലകൊണ്ടു. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന നഗരങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്ന വാരണാസി ഇപ്പോൾ ആധുനിക വികസനവും പരമ്പരാഗത പൈതൃകവും സവിശേഷമായി സംഗമിക്കുന്ന ഇടമായി മുന്നേറുകയാണ്. 'വികസനവും പൈതൃകവും' എന്ന ദർശനത്തോടെ, പ്രധാനമന്ത്രി മോദി ശ്രീ കാശി വിശ്വനാഥ ക്ഷേത്രത്തിൽ പ്രാർത്ഥനയും ദർശനവും നടത്തി. അതോടൊപ്പം ഗംഗാ എക്സ്പ്രസ് വേ ഉൾപ്പെടെ ആയിരക്കണക്കിന് കോടി രൂപയുടെ വികസന പദ്ധതികൾ സമർപ്പിക്കുകയും തറക്കല്ലിടുകയും ചെയ്തു.***

ഉത്തർപ്രദേശിനെ 'പിന്നോക്ക സംസ്ഥാനം' ആയി കണക്കാക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു; എന്നാൽ , അതേ ഉത്തർപ്രദേശ് ഇന്ന് ഒരു ട്രില്യൺ ഡോളർ സമ്പദ്വ്യവസ്ഥയായി മാറുക എന്ന ലക്ഷ്യത്തോടെ മുന്നോട്ട് നീങ്ങുന്നു. ഇതൊരു വലിയ ലക്ഷ്യമാണ്. പക്ഷേ അത് നേടാനുള്ള സഹജമായ ശേഷി യുപിക്കുണ്ട്. അടിസ്ഥാന സൗകര്യ വികസനം മുതൽ നിർമ്മാണ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നത് വരെ ഇവിടെ ഗണ്യമായ മുന്നേറ്റങ്ങൾ നടക്കുന്നുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്താൻ പ്രധാന കോർപ്പറേറ്റ് സ്ഥാപനങ്ങൾ വരുന്നു. ഇത് പുരോഗതിയുടെ വേഗത ത്വരിതപ്പെടുത്തുകയും യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ തുറക്കുകയും ചെയ്യും. ആധുനിക പുരോഗതിയുടെ ഈ കാലഘട്ടത്തിൽ, ഗംഗാ എക്സ്പ്രസ് വേ ഉത്തർപ്രദേശിന്റെ വികസനത്തിന്റെ പുതിയ ജീവനാഡിയായി മാറാൻ ഒരുങ്ങുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇങ്ങനെ അഭിപ്രായപ്പെട്ടു, 'യുപി ഗവണ്മെന്റ് ഈ എക്സ്പ്രസ് വേയ്ക്ക് മാ ഗംഗയുടെ പേര് നൽകിയതിൽ എനിക്ക് സന്തോഷമുണ്ട്. വികസനത്തിനായുള്ള ദർശനവും പൈതൃകത്തോടുള്ള ആദരവും ഈ പേര് പ്രതിഫലിപ്പിക്കുന്നു.'

തന്റെ ഗവണ്മെന്റ് തറക്കല്ലിടുന്ന പദ്ധതികൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പലപ്പോഴും പറയാറുണ്ട്. ഗംഗാ എക്സ്പ്രസ് വേ ഇതിന് ഒരു ഉദാഹരണമാണ്. 2021 ഡിസംബറിൽ, ഷാജഹാൻപൂരിൽ പ്രധാനമന്ത്രി മോദി ഈ എക്സ്പ്രസ് വേയ്ക്ക് തറക്കല്ലിട്ടു. അഞ്ച് വർഷത്തിനുള്ളിൽ, 2026 ഏപ്രിൽ 29 ന്, ഇത് ഹർദോയിയിൽ ഉദ്ഘാടനം ചെയ്തു. ഗംഗാ എക്സ്പ്രസ് വേയുടെ നിർമ്മാണം പൂർത്തിയായപ്പോൾ, അതിന്റെ വിപുലീകരണത്തിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. ഗംഗാ എക്സ്പ്രസ് വേ ഉടൻ തന്നെ, മീററ്റിനപ്പുറം ഹരിദ്വാർ വരെ നീളും. അതിന്റെ കൂടുതൽ ഉപയോഗത്തിനായി, മറ്റ് എക്സ്പ്രസ് വേകളുമായി ബന്ധിപ്പിക്കുന്ന ഫറൂഖാബാദ് ലിങ്ക് എക്സ്പ്രസ് വേ നിർമ്മിക്കും.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*




> കാശിയുടെ എംപി എന്ന നിലയിൽ... രാജ്യത്തിന്റെ പ്രധാനമന്ത്രി എന്ന നിലയിൽ... ഒരു പ്രധാന ദേശീയ ലക്ഷ്യം കൈവരിക്കുന്നതിന് ഞാൻ നിങ്ങളുടെ അനുഗ്രഹം തേടുന്നു... ആ പ്രധാന ലക്ഷ്യം - ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് സംവരണം നടപ്പിലാക്കുക എന്നതാണ്. – *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

# നാരി ശക്തി : വികസിത ഇന്ത്യയുടെ ഏറ്റവും ശക്തമായ സ്തംഭം

വാരണാസിയിൽ നടന്ന ഒരു സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ത്രീകളുടെ വലിയ ഒരു സമൂഹത്തെ അഭിസംബോധന ചെയ്തു. രാഷ്ട്രനിർമ്മാണത്തിൽ സ്ത്രീകൾ വഹിക്കുന്ന നിർണായക പങ്ക് ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി, 'വികസിത ഇന്ത്യയുടെ' ഏറ്റവും ശക്തമായ സ്തംഭമായി 'നാരി ശക്തി'യെ വിശേഷിപ്പിച്ചു. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് സംവരണം നടപ്പിലാക്കുക എന്ന പ്രധാന ദേശീയ ലക്ഷ്യം കൈവരിക്കുന്നതിന് പ്രധാനമന്ത്രി മോദി പരിപാടിയിൽ സന്നിഹിതരായിരുന്നവരുടെ അനുഗ്രഹം തേടി. സംവരണത്തിനുള്ള ഈ അവകാശം യാഥാർത്ഥ്യമാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുമെന്ന് അവർക്ക് ഉറപ്പ് നൽകി.

വനിതാ സമ്മേളന വേദിയിൽ നിന്ന് തന്നെ, പ്രധാനമന്ത്രി മോദി ഏകദേശം 6,350 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു. ഒരു കുടുംബത്തിലെ ഒരു സ്ത്രീ ശാക്തീകരിക്കപ്പെടുമ്പോൾ, കുടുംബമാകെ കരുത്ത് നേടുമെന്നും, തൽഫലമായി, സമൂഹവും രാഷ്ട്രവും ശക്തിപ്പെടുമെന്നും ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി പറഞ്ഞു. 25 വർഷങ്ങൾക്ക് മുമ്പ്, ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ, പെൺകുട്ടികൾക്കായി രണ്ട് മുൻനിര പദ്ധതികൾ ആരംഭിച്ചതായി പ്രധാനമന്ത്രി മോദി അനുസ്മരിച്ചു: ഒന്നാമതായി, പരമാവധി പെൺകുട്ടികൾ സ്കൂളിൽ പോകുകയും വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ 'ശാല പ്രവേശനോത്സവ്'; രണ്ടാമതായി, അവരുടെ സ്കൂൾ ഫീസിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി 'മുഖ്യമന്ത്രി കന്യ കളവാണി നിധി'. 'അന്നുമുതൽ ഇന്നുവരെ സ്ഥിരമായി, നമ്മുടെ ഗവൺമെന്റിന്റെ നയങ്ങളിൽ സ്ത്രീകളുടെ ക്ഷേമത്തിന് ഉയർന്ന മുൻഗണന നൽകിയിട്ടുണ്ട്' എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാമ്പത്തിക ശാക്തീകരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി മോദി, സ്ത്രീകളുടെ സാമ്പത്തിക ശക്തി വളരുന്നതിനനുസരിച്ച്, കുടുംബത്തിലും വീട്ടിലും അവരുടെ ശബ്ദവും ശക്തമാകുമെന്ന് ഉറപ്പിച്ചു പറഞ്ഞു. കഴിഞ്ഞ 11 വർഷത്തിനിടയിൽ, കാശിയിൽ നിന്നുള്ള ഏകദേശം 125,000 സഹോദരിമാർ ഉൾപ്പെടെ ഏകദേശം 100 ദശലക്ഷം സ്ത്രീകൾ സ്വയം സഹായ സംഘങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ശ്രമങ്ങളിലൂടെ, വാരണാസിയിൽ നിന്നുള്ള ആയിരക്കണക്കിന് സഹോദരിമാർ ഉൾപ്പെടെ 30 ദശലക്ഷം സഹോദരിമാർ ഇതുവരെ 'ലഖ്പതി ദീദികൾ' ആയി മാറിയിരിക്കുന്നു.

## ബനാറസിനുള്ള സമ്മാനം

**1,050** കോടിയിലധികം രൂപയുടെ 48 പദ്ധതികൾ രാഷ്ട്രത്തിനായി സമർപ്പിച്ചു.

- വാരണാസി അസംഗഢ് റോഡിന്റെ വീതികൂട്ടൽ
- കസാക്പുരയിലും കാദിപൂരിലും റെയിൽ ഓവർബ്രിഡ്ജുകൾ.
- ഭഗവൻപൂരിൽ 55 എംഎൽഡി മലിനജല സംസ്കരണ പ്ലാന്റ്.

## രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു.

- രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു: ബനാറസ് പൂനെ (ഹഡപ്സർ), അയോധ്യ-മുംബൈ (ലോകമാന്യ തിലക് ടെർമിനസ്) എന്നിവയാണവ. ഇത് ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കും.
- ബനാറസ്-പൂനെ സർവീസ് കാശി വിശ്വനാഥ ധാമിലേക്കുള്ള എളുപ്പത്തിലുള്ള പ്രവേശനം സാധ്യമാക്കും. അതേസമയം അയോധ്യ-മുംബൈ സർവീസ് ശ്രീരാമ മന്ദിർ തീർത്ഥ ക്ഷേത്രത്തിലേക്കുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തുകയും പ്രധാന മതകേന്ദ്രങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യും.

**ശിലാസ്ഥാപനം :** വാരണാസി ജംഗ്ഷൻ-പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ ജംഗ്ഷൻ മൂന്നാമത്തെയും നാലാമത്തെയും റെയിൽവേ പാതപദ്ധതി. ഗംഗാ നദിക്ക് കുറുകെ ഒരു റെയിൽ-കം-റോഡ് പാലത്തിന്റെ നിർമ്മാണം. ഇത് കാശി വിശ്വനാഥ് ധാം, രാംനഗർ, ദേശീയപാത-19 എന്നിവയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും കിഴക്കൻ യുപി, ബീഹാർ എന്നിവയുമായുള്ള റെയിൽ ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യും.


പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീ കാശി വിശ്വനാഥ ക്ഷേത്രത്തിൽ

ഈ എക്സ്പ്രസ് വേ കേവലമൊരു അതിവേഗ പാതയല്ലെന്നും പുതിയ സാധ്യതകളിലേക്കും പുതിയ സ്വപ്നങ്ങളിലേക്കും പുതിയ അവസരങ്ങളിലേക്കുമുള്ള കവാടമാണെന്നും മോദി പറഞ്ഞു.

ഗംഗാ എക്സ്പ്രസ് വേ ഉത്തർപ്രദേശിന്റെ ഒരു അറ്റത്തെ മറ്റേ അറ്റവുമായി ബന്ധിപ്പിക്കുക മാത്രമല്ല, എൻസിആറിന്റെ അപാരമായ സാധ്യതകളെ കൂടുതൽ അടുപ്പിക്കുകയും ചെയ്യും. ഗംഗാ എക്സ്പ്രസ് വേയിൽ വാഹനങ്ങൾ സഞ്ചരിക്കുക മാത്രമല്ല, അതിന്റെ തീരങ്ങളിൽ പുതിയ വ്യാവസായിക അവസരങ്ങളും ഉയർന്നുവരും. ഇതിനായി, ഹർദോയ് പോലുള്ള മറ്റ് ജില്ലകളിലും വ്യാവസായിക ഇടനാഴികൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത് ഹർദോയ്, ഷാജഹാൻപൂർ, ഉന്നാവോ എന്നിവയുൾപ്പെടെ 12 ജില്ലകളിലും പുതിയ വ്യവസായങ്ങൾ കൊണ്ടുവരും. ഫാർമസ്യൂട്ടിക്കൽസ്, ടെക്സ്റ്റൈൽസ് തുടങ്ങിയ വിവിധ മേഖലകളിലെ ക്ലസ്റ്ററുകൾ വികസിക്കും.

### വ്യാവസായിക വികസനം


ഉത്തർപ്രദേശിന്റെ വ്യാവസായിക വികസനവും ഇന്ത്യയുടെ തന്ത്രപരമായ ശക്തിയായി മാറുകയാണ്. രാജ്യത്തെ രണ്ട് പ്രതിരോധ ഇടനാഴികളിൽ ഒന്ന് യുപിയിലാണ്. പ്രധാന പ്രതിരോധ കമ്പനികൾ ഇവിടെ ഫാക്ടറികൾ സ്ഥാപിക്കുന്നു. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ബ്രഹ്മോസ് പോലുള്ള മിസൈലുകൾ ഉത്തർപ്രദേശിലാണ് നിർമ്മിക്കുന്നത്. പ്രതിരോധ ഉപകരണങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ ചെറിയ ഭാഗങ്ങൾ എംഎസ്എംഇകൾ വിതരണം ചെയ്യുന്നു. ●

## വികസനത്തിന്റെ ഹൈവേ

**കർഷകരെ ശാക്തീകരിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗംഗാ എക്സ്പ്രസ് വേ സജ്ജമാകുന്നു**

**36,230** കോടി രൂപ ഹർദോയി ജില്ലയിൽ ഗംഗ എക്സ്പ്രസ് വേ ഉദ്ഘാടനം ചെയ്തു

- 594 കിലോമീറ്റർ നീളമുള്ള ഈ 6-വരി എക്സ്പ്രസ് വേ 8-വരികളായി വികസിപ്പിക്കാൻ കഴിയും.
- മീററ്റ്, ബുലന്ദ്ഷഹർ, ഹാപൂർ, അംരോഹ, സംഭാൽ, ബദൗൺ, ഷാജഹാൻപൂർ, ഹർദോയ്, ഉന്നാവോ, റായ്ബറേലി, പ്രതാപ്ഗഢ്, പ്രയാഗ്‌രാജ് എന്നീ 12 ജില്ലകളിലൂടെയാണ് എക്സ്പ്രസ് വേ കടന്നുപോകുന്നത്.
- ഈ 12 ജില്ലകളിലായി ഏകദേശം 2,635 ഹെക്ടർ സ്ഥലത്ത് ഒരു സംയോജിത നിർമ്മാണ, ലോജിസ്റ്റിക്സ് ഇടനാഴി വികസിപ്പിക്കും.
- കർഷകർക്ക് നഗര, കയറ്റുമതി വിപണികളിലേക്ക് നേരിട്ട് പ്രവേശനം ലഭിക്കും. കൂടാതെ അവരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കും.
- മുഴുവൻ മേഖലയിലും നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പുതിയ സാമ്പത്തിക അവസരങ്ങൾ.
- എക്സ്പ്രസ് വേ കമ്മീഷൻ ചെയ്യുന്നതോടെ, മീററ്റിനും പ്രയാഗ്‌രാജിനും ഇടയിലുള്ള നിലവിലെ യാത്രാ സമയം 10-12 മണിക്കൂറിൽ നിന്ന് ഏകദേശം 6 മണിക്കൂറായി കുറയും.
- ഷാജഹാൻപൂർ ജില്ലയിലെ ഈ എക്സ്പ്രസ് വേയിൽ 3.5 കിലോമീറ്റർ നീളമുള്ള ഒരു അടിയന്തര ലാൻഡിംഗ് സൗകര്യം (എയർസ്ട്രിപ്പ്) നിർമ്മിച്ചിട്ടുണ്ട്.



## 5,300 കോടി രൂപയുടെ 112-ലധികം പദ്ധതികൾക്ക് തറക്കല്ലിട്ടു.

- അമൃത് 2.0 പ്രകാരം 13 മലിനജല സംസ്കരണ , ജലവിതരണ പദ്ധതികൾ.
- ശ്രീ ശിവ് പ്രസാദ് ഗുപ്ത ഡിവിഷണൽ ജില്ലാ ആശുപത്രിയിൽ 500 കിടക്കകളുള്ള ഒരു മൾട്ടി-സ്പെഷ്യാലിറ്റി ആശുപത്രി.
- ഭോജുവീറിലും സിഗ്രയിലും മാർക്കറ്റ് സമുച്ചയങ്ങളുടെയും ഓഫീസുകളുടെയും നിർമ്മാണം. കുളങ്ങളുടെ നവീകരണം.
- 198 കിടക്കകളുള്ള ഒരു ആശുപത്രിയുടെ പുനർനിർമ്മാണവും 100 കിടക്കകളുള്ള ഒരു ഐസിയു ബ്ലോക്കിന്റെ നിർമ്മാണവും.
- അസി ഘട്ട്, ദശാശ്വമേധ് ഘട്ട്, നമോ ഘട്ട് എന്നിവയുൾപ്പെടെയുള്ള പ്രധാന ഘട്ടുകളിലെ ടൂറിസം സൗകര്യങ്ങളുടെ വികസനം ഇതിൽ ഉൾപ്പെടുന്നു. മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ് കെട്ടിടം, ഗവൺമെന്റ് ചിൽഡ്രൻസ് ഷെൽട്ടർ ഹോം, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയുടെ ശിലാസ്ഥാപനം.

**സാമൂഹ്യ പദ്ധതികളുടെ ഉദ്ഘാടനം**

ജൽ ജീവൻ മിഷന്റെ കീഴിൽ 30 ഗ്രാമീണ കുടിവെള്ള പദ്ധതികൾ. ചന്ദ്രാവതി ഘട്ടിന്റെ പുനർവികസനം; സാരാനാഥിനടുത്തുള്ള സാരംഗ്നാഥ് ക്ഷേത്രത്തിന്റെ ടൂറിസം വികസനം. സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ടിബറ്റൻ സ്റ്റഡീസിലെ സോവ റിഗ്പ കെട്ടിടത്തിന്റെയും ആശുപത്രിയുടെയും ഉദ്ഘാടനം.



# ആഗോള ടൂറിസത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രമായി വടക്കു കിഴക്കൻ മേഖല ഉയർന്നുവരുന്നു

***വർത്തമാനകാലത്ത്, വടക്കുകിഴക്കൻ മേഖല 'ശാക്തീകരിക്കപ്പെട്ടതും, ബന്ധിപ്പിച്ചതും, ഭാവി സജ്ജവുമായ' 'നവ ഇന്ത്യ'യുടെ ആത്മാവിനെ ഉൾക്കൊള്ളുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദർശനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ഈ മേഖല ഒരു അതിർത്തി മേഖല എന്നതിൽ നിന്ന് ആത്മവിശ്വാസത്തിന്റെയും മത്സരശേഷിയുടെയും പ്രതീകമായി ഒരു പ്രധാന വളർച്ചാ എഞ്ചിനായി മാറിയിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ, നിക്ഷേപം, ഭരണം, യുവാക്കളുടെ ഇടപെടൽ എന്നീ പ്രധാന മേഖലകളിൽ ഇത് റെക്കോർഡ് വളർച്ച കൈവരിച്ചു. ഇതിന് ആക്കം കൂട്ടിക്കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഏപ്രിൽ 27, 28 തീയതികളിൽ സിക്കിം സന്ദർശിച്ചത്. സന്ദർശന വേളയിൽ, 4,000 കോടിരൂപയിലധികം രൂപയുടെ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു...***

'കിഴക്കിന്റെ പറുദീസ'യും 'ഓർക്കിഡുകളുടെ ഉദ്യാന'വുമായ സിക്കിം - അതിന്റെ സമാനതകളില്ലാത്ത പ്രകൃതി സൗന്ദര്യം, ശാന്തമായ അന്തരീക്ഷം, ആത്മീയ ശാന്തത എന്നിവയാൽ, രാജ്യത്തുടനീളമുള്ള പ്രകൃതി സ്നേഹികളായ വിനോദസഞ്ചാരികൾക്ക് ഒരു പ്രധാന ലക്ഷ്യസ്ഥാനമായി വർത്തിക്കുന്നു. ഒരുകാലത്ത് രാഷ്ട്രീയ സ്വാർത്ഥതാൽപ്പര്യത്താൽ വിഭജന ശക്തികൾ ഭാഷാപരമായ അധീശത്വം , പ്രാദേശികവാദം, സാമൂഹിക ശ്രേണി, വിവേചനം എന്നിവയിലൂടെ ഭിന്നത വിതയ്ക്കാൻ ശ്രമിച്ച സമയത്ത്, 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' എന്ന തത്ത്വചിന്തയുടെ ജീവസുറ്റ രൂപമായി സിക്കിം നിലകൊണ്ടു . പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ സിക്കിം സന്ദർശനം സംസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തോട് - അതിന്റെ സംസ്ഥാന രൂപീകരണത്തിന്റെ 50-ാം വാർഷികത്തോട് - അനുബന്ധിച്ചുള്ള സുപ്രധാന നാഴികക്കല്ലാണ്. സിക്കിമിന്റെയും വടക്കുകിഴക്കൻ മേഖലയുടെയും മൊത്തത്തിലുള്ള ദ്രുതവും സുസ്ഥിരവുമായ വികസനത്തിനായുള്ള നിലവിലെ കേന്ദ്ര ഗവണ്മെന്റിന്റെ അചഞ്ചലമായ പ്രതിജ്ഞാബദ്ധതയെ ഈ സന്ദർശനം അടിവരയിടുന്നു. പ്രധാനമന്ത്രി മോദി പറഞ്ഞതുപോലെ, സിക്കിം - തീർച്ചയായും മുഴുവൻ വടക്കുകിഴക്കൻ മേഖലയും - രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ ഒരു ഭാഗം മാത്രമല്ല; അത് ഇന്ത്യയുടെ 'അഷ്ട ലക്ഷ്മി'യെ പ്രതിനിധീകരിക്കുന്നു. തൽഫലമായി, കേന്ദ്ര ഗവൺമെന്റ് 'ആക്ട് ഈസ്റ്റ്' നയം നടപ്പിലാക്കുന്നതിൽ ഉറച്ചുനിൽക്കുമ്പോൾ തന്നെ, വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിനായി 'ആക്ട് ഫാസ്റ്റ്' എന്ന ദൃഢ തീരുമാനവും സ്വീകരിച്ചിട്ടുണ്ട്. ഈ ദൃഢനിശ്ചയം മുന്നോട്ട് കൊണ്ടുപോകുന്നതിനായി, സിക്കിം സംസ്ഥാന രൂപീകരണത്തിന്റെ 50-ാം വാർഷികാഘോഷങ്ങളുടെ സമാപന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. ഉദ്ഘാടനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, നഗരവികസനം, പരിസ്ഥിതി, ടൂറിസം എന്നിവയുൾപ്പെടെ 30-ലധികം പദ്ധതികൾക്ക് തറക്കല്ലിടലും നടത്തി. രാജ്യത്തിന്റെ മൊത്തം ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് സിക്കിമിന്റെ ഭൂപ്രദേശമെങ്കിലും , രാജ്യത്തിന്റെ പുഷ്പ വൈവിധ്യത്തിന്റെ 25 ശതമാനത്തിലധികവും ഇവിടെയാണ്. ഏകദേശം 500 ഇനം പക്ഷികൾ ഈ സംസ്ഥാനത്തിലുണ്ട്.

## സിക്കിമിലെ ജനങ്ങൾക്ക് ജീവിതം കൂടുതൽ എളുപ്പമാകുന്നു

**30** കിടക്കകളുള്ള സൊവ ഋഗ്പ ആശുപത്രി എൻ ഐ റ്റി ഡിയോറാലിയിൽ ഉദ്ഘാടനം ചെയ്തു

- യാങ്കാങ്ങിൽ സിക്കിം സർവകലാശാലയുടെ സ്ഥിരം കാമ്പസ് ഉദ്ഘാടനം.
- ചകുങ്ങിൽ നേതാജി സുഭാഷ് ചന്ദ്രബോസ് യൂണിവേഴ്സിറ്റി ഓഫ് എക്സലൻസിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഉദ്ഘാടനം.
- ഗാങ്ടോക്കിലെ സോച്ചെയ്ഗാങ്ങിൽ ഹെലൻ ലെപ്ച മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനം.
- ഗ്യാൽഷിംഗിലെ ഡെന്റമിൽ വൊക്കേഷണൽ കോളേജ്.
- ഗ്യാത്താങ്ങിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ.
- മംഗൻ ജില്ലയിലെ മംഗ്ഷില്ലയിൽ മോഡൽ ഡിഗ്രി കോളേജ്.

സിക്കിമിലെ **160** സ്കൂളുകൾക്ക് ഐടി അധിഷ്ഠിത വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

- കിച്ചുഡുംറ വഴി ബേർഡ്ഹാങ്ങിനെ നാംചിയുമായി ബന്ധിപ്പിക്കുന്ന റോഡ് വീതികൂട്ടുകയും ശക്തിപ്പെടുത്തുകയും ചെയ്യൽ.
- ഗാങ്ടോക്കിലെ ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ (ടി & ഡി) ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ നവീകരണം.
- ലംസിയിലെ ജൻ സേവാ സച്ചിവലയ (മിനി സെക്രട്ടേറിയറ്റ്), ഗാങ്ടോക്കിലെ സിവിൽ സർവീസ് ഓഫീസേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്.
- ലിങ്ഡിംഗിൽ സിക്കിം അർബൻ ഗരീബ് ആവാസ് യോജന. പോലീസ് ഉദ്യോഗസ്ഥർക്കുള്ള താമസം, എസ്എപി പങ്താങ്ങിൽ ഗ്രേഡ് 'സി' ക്വാർട്ടേഴ്സുകൾ എന്നിവയുടെ ഉദ്ഘാടനം.
- ഗാങ്ടോക്കിലെ സോൺ III ലെ റോറോ ചു നദിയിലൂടെ റാണി ചു നദിയിലെ മലിനീകരണ ലഘൂകരണ പദ്ധതിയുടെ ഉദ്ഘാടനം.
- ഗാങ്ടോക്കിലെ റിഡ്ജ് പ്രിസിങ്ക്റ്റിന്റെ പുനർവികസനത്തിന്റെ ഉദ്ഘാടനം; സോറെങ്ങിലെ ദോഡക്കിൽ ഇക്കോ-ടൂറിസവും തീർത്ഥാടന അടിസ്ഥാന സൗകര്യങ്ങൾ ; കൈലാഷ് മാനസസരോവർ യാത്രയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ; നാംഫിംഗിലെ കൃഷ്ണ പ്രണാമി മംഗൾധാമിൽ ഒരു തീർത്ഥാടക ഗസ്റ്റ് ഹൗസ് (യാത്രി നിവാസ്).
- കാർഷിക സംസ്കരണ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്ന ഇഫ്കോ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം.
- പാക്യോങ് ജില്ലയിലെ രംഗ്പോയിലെ മൈനിംഗിൽ ഇൻഡോർ ക്രിക്കറ്റ് സൗകര്യങ്ങളുടെ ഉദ്ഘാടനം.



*സിക്കിമിലെ യുവാക്കളുമായി പ്രധാനമന്ത്രി ഫുട്ബോൾ കളിക്കുന്നു*

## ശക്തമായ അടിത്തറപാകുന്നു

നംചിയിൽ **100** കിടക്കകളുള്ള ആയുർവേദ ആശുപത്രിക്ക് തറക്കല്ലിട്ടു

- നാംചി, ഗാങ്ടോക്ക് ജില്ലകളെ ബന്ധിപ്പിക്കുന്ന സിർവാനി, ലോവർ സാംഡോങ് എന്നിവിടങ്ങളിൽ ടീസ്റ്റ നദിക്ക് കുറുകെയുള്ള രണ്ട് ഹിഞ്ച്ഡ് ഇരട്ടപ്പാത ഉരുക്ക് കമാന പാലങ്ങൾക്ക് തറക്കല്ലിട്ടു.
- സദ്ഭാവ് മണ്ഡപത്തിന് തറക്കല്ലിട്ടു.
- നദീ മലിനീകരണ ലഘൂകരണ സംരംഭങ്ങളുടെ ഭാഗമായി സിംഗ്ടം പട്ടണത്തിലെ മലിനജല സംവിധാന പുനരുദ്ധാരണത്തിന്റെ പുനർനിർമ്മാണത്തിന് തറക്കല്ലിട്ടു.
- ഗയാൽഷിംഗ് ജില്ലയിലെ സിൽനോണിൽ ഒരു പരിസ്ഥിതി തീർത്ഥാടന സമുച്ചയത്തിന് തറക്കല്ലിട്ടു.

ഏകദേശം 700 ഇനം ചിത്രശലഭങ്ങൾ, സമൃദ്ധമായ വനപ്രദേശം, മനോഹരമായ കാഞ്ചൻജംഗ എന്നിവ ഇവിടെയുണ്ട്. അതുകൊണ്ടാണ് എല്ലാവരും സിക്കിം സന്ദർശിക്കാൻ വീണ്ടും വീണ്ടും ആഗ്രഹിക്കുന്നത്.

സിക്കിമിന്റെ ഏറ്റവും വലിയ ശക്തി അതിന്റെ ടൂറിസം സമ്പദ്‌വ്യവസ്ഥയിലാണ്. ഒരു സംസ്ഥാനത്തിന് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉള്ളപ്പോൾ മാത്രമേ ടൂറിസം അഭിവൃദ്ധി പ്രാപിക്കൂ; അതുകൊണ്ടാണ്, സിക്കിമിന്റെ കണക്റ്റിവിറ്റിയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നിലവിൽ ഗണ്യമായ ഊന്നൽ നൽകുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി, നൂറുകണക്കിന് കിലോമീറ്റർ ഹൈവേകൾ ഈ മേഖലയിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ഗ്രാമങ്ങളിലേക്കും റോഡ് ശൃംഖലകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിൽ പുരോഗമിക്കുന്നു. ബാഗ്ദോഗ്രയെ ഗാങ്ടോക്കുമായി ബന്ധിപ്പിക്കുന്ന എക്സ്പ്രസ് വേയുടെ നിർമ്മാണമായാലും സെവോക്ക്-റാങ്പോ റെയിൽവേ പാതയായാലും , സിക്കിമിനെ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന മാധ്യമമായി ഈ പദ്ധതികൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തിനുള്ളിൽ പുതിയ ദേശീയ പാതകളും നിർമ്മിക്കപ്പെടുന്നു. ഗവണ്മെന്റിന്റെ ഈ സംരംഭങ്ങൾ സിക്കിം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണം കൂടുതൽ വർദ്ധിപ്പിക്കുമെന്നും തൽഫലമായി, പ്രാദേശിക ജനസംഖ്യയുടെ വരുമാനം വർദ്ധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ●



ഇന്ത്യ–ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ

# തീരുവരഹിത കയറ്റുമതിക്ക് വഴിതുറന്ന്
# ഇന്ത്യ-ന്യൂസിലൻഡ് വ്യാപാര കരാർ

***ഇന്ത്യയും ന്യൂസിലൻഡും ഏറെക്കാലമായി സൗഹൃദം പങ്കിടുന്ന രാജ്യങ്ങളാണ്. കോമൺവെൽത്ത് പൈതൃകം, ജനാധിപത്യ പാരമ്പര്യങ്ങൾ, നിയമവ്യവസ്ഥകൾ, കായികരംഗത്തെ താല്പര്യം എന്നിവ ഇരുരാജ്യങ്ങളെയും ഒന്നിപ്പിക്കുന്നു. രാഷ്ട്രീയം, വ്യാപാരം, പ്രതിരോധം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, സംസ്കാരം, കായികം എന്നീ മേഖലകളിലെ സഹകരണം നിരന്തരം വിപുലീകരിക്കപ്പെടുകയാണ്. ഈ ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കാൻ ഇരുരാജ്യങ്ങളും 2026 ഏപ്രിൽ 27–ന് ന്യൂഡൽഹിയിൽ 'ഇന്ത്യ–ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാറി'ൽ ഒപ്പുവെച്ചു. ചരിത്രത്തിൽ ഏറ്റവും വേഗം പൂർത്തീകരിച്ച സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒന്നാണിത്. ഇന്ത്യൻ കയറ്റുമതിയിലെ കസ്റ്റംസ് തീരുവകൾ ഈ കരാർ ഒഴിവാക്കും. ഏകദേശം 20 ബില്യൺ ഡോളറിന്റെ നിക്ഷേപം ആകർഷിക്കാനും വിദ്യാർത്ഥികൾക്കും വിദഗ്ധരായ പ്രൊഫഷണലുകൾക്കും വലിയ അവസരങ്ങൾ നൽകാനും കരാറിലൂടെ സാധിക്കും.***

ഇന്ത്യൻ സമ്പദ് വ്യവസ്ഥ തുടർച്ചയായി പുതിയ ഉയരങ്ങൾ കീഴടക്കുകയാണ്. കയറ്റുമതിയിൽ രാജ്യം നിരന്തരം പുതിയ റെക്കോഡുകൾ സൃഷ്ടിക്കുന്നു. 2025-26 സാമ്പത്തിക വർഷം ഇന്ത്യയുടെ ചരക്കുസേവന കയറ്റുമതി റെക്കോഡ് നേട്ടമായ 860.09 ബില്യൺ യുഎസ് ഡോളറിലെത്തി. മുൻവർഷത്തെ അപേക്ഷിച്ച് 4.22 ശതമാനം വർധനയാണിത്. ആഗോളതലത്തിലെ തടസ്സങ്ങൾക്കിടയിലും എൻജിനീയറിങ് ഉല്പന്നങ്ങൾ, ഇലക്ട്രോണിക്സ്, ഔഷധ നിർമാണം, രാസവസ്തുക്കൾ, രത്നങ്ങളും ആഭരണങ്ങളും, കൃഷി അധിഷ്ഠിത ഉല്പന്നങ്ങൾ തുടങ്ങിയ മേഖലകൾ മികച്ച കയറ്റുമതി മുന്നേറ്റം നിലനിർത്തി. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഒപ്പുവെച്ച വിവിധ സ്വതന്ത്ര വ്യാപാര കരാറുകളിലൂടെ ഇന്ത്യൻ വിപണി ആഗോളതലത്തിൽ വിപുലീകരിക്കപ്പെട്ടതാണ് ഈ വിജയത്തിന് പ്രധാന കാരണം. ഏപ്രിൽ 27-ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വെച്ചാണ് ഇന്ത്യയും ന്യൂസിലൻഡും കരാറിൽ ഒപ്പുവെച്ചത്. വികസിത രാജ്യങ്ങളുമായി കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ ഇന്ത്യ ഒപ്പുവെക്കുന്ന ഒൻപതാമത് കരാറാണിത്.

> **ആധുനികവും സന്തുലിതവുമായ ഈ കരാർ ഇരുരാജ്യങ്ങളുടെയും കരുത്ത് പ്രയോജനപ്പെടുത്തി കൂട്ടായ വളർച്ചയ്ക്ക് വഴിയൊരുക്കും. കർഷകർ, കരകൗശല തൊഴിലാളികൾ, യുവാക്കൾ, സംരംഭകർ, സ്ത്രീകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ എന്നിവർക്ക് ഇത് പുതിയ അവസരങ്ങൾ നൽകും. കൃഷി, നിർമാണം, സാങ്കേതികവിദ്യ, വിദ്യാഭ്യാസം, സേവനം തുടങ്ങി വിവിധ മേഖലകളിൽ ആഗോള വിപണി പ്രവേശനം ഇതോടെ വിപുലമാകും.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ശക്തമായ സാമ്പത്തിക പങ്കാളിത്തം വളർത്താനും നിക്ഷേപം ഉത്തേജിപ്പിക്കാനും കരാർ ലക്ഷ്യമിടുന്നു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും ന്യൂസിലൻഡ് വ്യാപാര നിക്ഷേപ മന്ത്രി ടോഡ് മക്ലേയും ചേർന്നാണ് ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെച്ചത്. ഇന്ത്യൻ കയറ്റുമതിയുടെ തീരുവകൾ ഒഴിവാക്കുന്ന ഈ കരാർ തൊഴിലധിഷ്ഠിത മേഖലകൾക്ക് വലിയ കരുത്തേകും. ഒപ്പം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ കരാർ ശക്തിപ്പെടുത്തും. അതേസമയം, കാർഷിക, ക്ഷീരമേഖലകൾക്ക് പൂർണ സംരക്ഷണവും കരാർ ഉറപ്പാക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കും വിദഗ്ധരായ പ്രൊഫഷണലുകൾക്കും കൂടുതൽ അവസരങ്ങൾ കരാർ വാഗ്ദാനം ചെയ്യുന്നു. കാർഷിക ഉല്പാദനക്ഷമതയ്ക്കും നിക്ഷേപ വാഗ്ദാനങ്ങൾക്കും ഇത് പിന്തുണ നൽകും. തീരുവ ഇതര തടസ്സങ്ങൾ ഇല്ലാതാക്കുന്നതിലൂടെ ഇൻഡോ-പസഫിക് മേഖലയിൽ ഇന്ത്യയുടെ തന്ത്രപരമായ സാമ്പത്തിക സാന്നിധ്യം ശക്തമാക്കാൻ കരാറിന് സാധിക്കും. കൂടാതെ, 2047-ഓടെ 'വികസിത ഇന്ത്യ' എന്ന ലക്ഷ്യത്തിലേക്ക് നടത്തുന്ന ദീർഘവീക്ഷണ സമീപനത്തിന്റെ നേർസാക്ഷ്യം കൂടിയാണിത്. ആഭ്യന്തര നടപടികളും ഇരുരാജ്യങ്ങളുടെയും അംഗീകാരവും പൂർത്തിയാകുന്നതോടെ കരാർ പ്രാബല്യത്തിൽ വരും.

**തുറക്കാനിരിക്കുന്ന പുതിയ അവസരങ്ങൾ**

ഇന്ത്യയും ന്യൂസിലൻഡും തമ്മിൽ വ്യാപാര കരാറിൽ ഒപ്പുവെച്ചതിന് പിന്നാലെ ഇന്ത്യയുടെ ആഗോള ഇടപെടലിലും പൊതു അഭിവൃദ്ധിയിലും ചരിത്രപ്രധാന ദിനമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ രാജ്യത്തിന്റെ കരുത്താർജിക്കുന്ന സാമ്പത്തിക ബന്ധത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പൊതു ലക്ഷ്യങ്ങളുടെയും പ്രതീകമാണ്. ഇരുരാജ്യങ്ങളിലെയും ജനങ്ങളെ, പ്രത്യേകിച്ച് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ കരുത്തായ യുവാക്കളെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ആധുനികവും സന്തുലിതവുമായ ഈ കരാർ ഇരുരാജ്യങ്ങളുടെയും കരുത്ത് പ്രയോജനപ്പെടുത്തി കൂട്ടായ വളർച്ചയ്ക്ക് വഴിയൊരുക്കും. കർഷകർ, കരകൗശല തൊഴിലാളികൾ, യുവജനങ്ങൾ, സംരംഭകർ, സ്ത്രീകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ എന്നിവർക്ക് പുതിയ അവസരങ്ങൾ നൽകും. കൃഷി, നിർമാണം, സാങ്കേതികവിദ്യ, വിദ്യാഭ്യാസം, സേവനം തുടങ്ങി വിവിധ മേഖലകളിൽ ആഗോള വിപണി പ്രവേശം വിപുലമാക്കും. കാർഷിക ഉല്പാദനക്ഷമതയിലും മികവുകേന്ദ്രങ്ങളിലും പങ്കാളിത്തം ഉറപ്പാക്കി ന്യൂസിലൻഡിന്റെ ആധുനിക കാർഷിക വൈദഗ്ധ്യം ഇന്ത്യയുടെ മുൻഗണനാ മേഖലകളുമായി സംയോജിപ്പിക്കും. ഇത് ഉല്പാദനക്ഷമതയിലും അടിസ്ഥാന സൗകര്യങ്ങളിലും കർഷക വരുമാനത്തിലും പുരോഗതി കൈവരിക്കാൻ സഹായിക്കും. കഴിഞ്ഞ പതിറ്റാണ്ടിലുടനീളം ആഗോള ഉല്പാദന-വിതരണ ശൃംഖലയിലെ സുപ്രധാന കേന്ദ്രമായി മാറാൻ സജീവമായി പരിശ്രമിക്കുകയാണ് ഇന്ത്യ. നൈപുണ്യം, പ്രതിഭ, തൊഴിൽപരമായ ചലനാത്മകത എന്നിവയുടെ നിർണായക പ്രാധാന്യം കരാർ അംഗീകരിക്കുന്നു. ഇതിന്റെ ഫലമായി വിദഗ്ധരായ പ്രൊഫഷണലുകൾക്കും യുവാക്കൾക്കും വിദ്യാർത്ഥികൾക്കും വലിയ അവസരങ്ങൾ ലഭിക്കും. കൂടാതെ ജൈവോല്പന്നങ്ങൾ, ആയുഷ്, യോഗ തുടങ്ങി ഇരുരാജ്യങ്ങളുടെയും പരമ്പരാഗത വൈജ്ഞാനിക വ്യവസ്ഥകൾക്ക് ആഗോള അംഗീകാരം നൽകാൻ കരാർ വഴിയൊരുക്കും. അങ്ങനെ രാജ്യത്തിന്റെ സമ്പന്ന പാരമ്പര്യങ്ങളെ ഭാവി അവസരങ്ങളുമായി ബന്ധിപ്പിക്കാനാവും. കുറഞ്ഞ ചെലവിൽ മത്സരക്ഷമതയാർന്ന ഉല്പന്നങ്ങളും സേവനങ്ങളും നിർമിക്കാനും ശക്തമായ വിതരണ ശൃംഖലകൾ കെട്ടിപ്പടുക്കാനും ഇരുരാജ്യങ്ങളും കൈകോർക്കും. ഇത് വളർച്ചയുടെ പുതിയ പാതകൾ തുറക്കുമെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു.

## മെച്ചപ്പെട്ട വ്യാപാര കരാർ

ഇന്ത്യയും ന്യൂസിലൻഡും തമ്മിലെ ചരക്കുസേവന വ്യാപാരം 2024-ൽ **2.4** ബില്യൺ യുഎസ് ഡോളറിലെത്തി.

2024-25 സാമ്പത്തിക വർഷം ഇരുരാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി ചരക്ക് വ്യാപാരം 1.3 ബില്യൺ യുഎസ് ഡോളറായിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 49 ശതമാനം വർധനയാണിത്. സ്വതന്ത്ര വ്യാപാര കരാർ നിലവിൽ വരുന്നതോടെ വ്യാപാരം ഇനിയും വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.



**ജൈവ ഉല്പന്നങ്ങളുടെ വ്യാപാരത്തിൽ വർധന**

മ്യൂച്വൽ റെക്കഗ്നിഷൻ അഗ്രിമെന്റ് (MRA) വഴി ജൈവോല്പന്നങ്ങളുടെ വ്യാപാരത്തിന് വലിയ ഉത്തേജനം ലഭിക്കും. കരാറിന്റെ പ്രാരംഭ ഘട്ടത്തിൽ ഒരു പരസ്പര അംഗീകാര വ്യവസ്ഥ നടപ്പാക്കും. ഇതോടെ ബസുമതി അരി, ചെറുചണവിത്ത്, അരേബിക്ക ചെറി, ഈസബ്ഗോൾ, സോയാബീൻ പിണ്ണാക്ക്, ഓർഗാനിക് ബ്ലാക്ക് ടീ തുടങ്ങിയ ഉല്പന്നങ്ങൾക്ക് വലിയ ആവശ്യകതയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

# 6 വർഷത്തിൽ 9 സ്വതന്ത്ര വ്യാപാര കരാറുകൾ പൂർത്തിയാക്കി ഇന്ത്യ





**ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ - ഏപ്രിൽ 2026**

ഏറ്റവും വേഗം ചർച്ചകൾ പൂർത്തിയാക്കിയ കരാർ; വെറും 9 മാസത്തിനകം പൂർത്തിയായി.



**ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര ചട്ടക്കൂട് - ഫെബ്രുവരി 2026**

ഇന്ത്യയും അമേരിക്കയും തമ്മിലെ സമഗ്ര വ്യാപാര കരാറിലേക്കുള്ള സുപ്രധാന ചുവടുവെപ്പ്



**ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ - ജനുവരി 2026**

യൂറോപ്യൻ യൂണിയനിലെ 27 അംഗരാജ്യങ്ങൾ ഉൾപ്പെടുന്ന ഏറ്റവും വലിയ വ്യാപാര കരാർ



**ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ - ഡിസംബർ 2025**

ജിസിസി രാജ്യങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ ഉല്പന്നങ്ങൾക്ക് തീരുവ ഇളവ് നൽകുന്ന കരാർ



**ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക-വ്യാപാര കരാർ - ജൂലൈ 2025**

ഇന്ത്യൻ കയറ്റുമതിയുടെ 99 ശതമാനത്തിനും നികുതിരഹിത പ്രവേശനം




**ഇന്ത്യ-ഇഎഫ്ടിഎ വ്യാപാര സാമ്പത്തിക പങ്കാളിത്ത കരാർ - മാർച്ച് 2024 മുതൽ ഒക്ടോബർ 2025 വരെ**

100 ബില്യൺ ഡോളറിന്റെ വിദേശ നിക്ഷേപ വാഗ്ദാനത്തോടു കൂടിയ ചരിത്രപരമായ കരാർ



**ഇന്ത്യ-ഓസ്ട്രേലിയ സാമ്പത്തിക സഹകരണ വ്യാപാര കരാർ - ഡിസംബർ 2022**

നൂറ് ശതമാനം ഉല്പന്നങ്ങൾക്കും തീരുവ ഒഴിവാക്കുന്ന ഇന്ത്യയുടെ ആദ്യ കരാർ



**ഇന്ത്യ-യുഎഇ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ - മെയ് 2022**

2024-25 സാമ്പത്തിക വർഷം ഉഭയകക്ഷി വ്യാപാരം 100 ബില്യൺ ഡോളർ പിന്നിട്ടു



**ഇന്ത്യ-മൗറീഷ്യസ് സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ 2021**

ഒരു ആഫ്രിക്കൻ രാജ്യവുമായി ഇന്ത്യ ഒപ്പുവെക്കുന്ന ആദ്യ വ്യാപാര കരാർ

### ജനങ്ങൾ തമ്മിൽ ശക്തമായ ബന്ധം ഉറപ്പാക്കാൻ പ്രതിബദ്ധത

കരാർ ഒപ്പുവെച്ചതിന് പിന്നാലെ നൽകിയ സന്ദേശത്തിൽ 'തലമുറയിലൊരിക്കൽ മാത്രം സംഭവിക്കുന്ന കരാർ' എന്നാണ് ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഇതിനെ വിശേഷിപ്പിച്ചത്. കരാർ ന്യൂസിലൻഡ് കയറ്റുമതിക്കാർക്ക് 140 കോടി ജനങ്ങളുടെ ഇന്ത്യൻ വിപണിയിലേക്ക് വിപുലമായ പ്രവേശനം നൽകും. വിപണി ലഭ്യത വർധിപ്പിക്കാനും കയറ്റുമതി വളർച്ചയ്ക്കും കൃഷി ഉൾപ്പെടെ മേഖലകളിൽ സഹകരണത്തിനും ഇത് വഴിയൊരുക്കും. അതേസമയം ന്യൂസിലൻഡിലെ ജനസംഖ്യയുടെ ഏകദേശം 6 ശതമാനത്തോളം പേർ ഇന്ത്യൻ വംശജരാണെന്ന് ന്യൂസിലൻഡ് വ്യാപാര നിക്ഷേപ മന്ത്രി ടോഡ് മക്ലേ പറഞ്ഞു. ഇന്ത്യൻ പ്രവാസികൾ വിവിധ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്നുണ്ട്. ആഗോളതലത്തിലും പ്രാദേശികമായും വലിയ മാറ്റങ്ങൾ സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വസ്ത പങ്കാളിത്തത്തിന് ഏറെ പ്രാധാന്യമുണ്ട്. മേഖലയുടെ സ്ഥിരത, സാമ്പത്തിക കരുത്ത്, പൊതു അഭിവൃദ്ധി എന്നിവയിൽ ഇന്ത്യയെ സുപ്രധാന പങ്കാളിയായാണ് ന്യൂസിലൻഡ് കാണുന്നത്.

### ഒൻപത് മാസത്തിനകം പൂർത്തീകരിച്ച ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും തമ്മിലെ ഉഭയകക്ഷി കൂടിക്കാഴ്ചയുടെ മുന്നോടിയായി 2025 മാർച്ച് 16-നാണ് കരാർ സംബന്ധിച്ച ഔദ്യോഗിക ചർച്ചകൾ ആരംഭിച്ചത്.

# കരാറിലെ പ്രധാന സവിശേഷതകൾ



## 20 ബില്യൺ യുഎസ് ഡോളർ

കൃഷി, നിർമാണ മേഖല, അടിസ്ഥാന സൗകര്യ വികസനം, സ്റ്റാർട്ടപ്പുകൾ, നൂതനാശയങ്ങൾ, വളർന്നുവരുന്ന സാങ്കേതികവിദ്യകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ന്യൂസിലൻഡ് ഇന്ത്യയിൽ നിക്ഷേപം നടത്തും.

- ന്യൂസിലൻഡ് ഇതുവരെ നൽകിയതിൽ ഏറ്റവും സമഗ്രമായ വിപണി പ്രവേശനവും സേവന പാക്കേജുമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. വിദഗ്ധരായ പ്രൊഫഷണലുകൾക്കും സ്റ്റാർട്ടപ്പുകൾക്കും സേവന മേഖലയിലെ സംരംഭങ്ങൾക്കും ഇത് വലിയ അവസരങ്ങൾ തുറന്നു നൽകും. 118 സേവന മേഖലകളിൽ വിപണി പ്രവേശവും 139 ഉപമേഖലകളിൽ 'മോസ്റ്റ് ഫേവേർഡ് നേഷൻ' പദവിയും അനുവദിച്ചിട്ടുണ്ട്.

- ഇന്ത്യയുടെ നൂറു ശതമാനം കയറ്റുമതിക്കും ന്യൂസിലൻഡിൽ നികുതിരഹിത പ്രവേശനം ലഭിക്കും. എല്ലാ ഉല്പന്ന വിഭാഗങ്ങളും ഇതിലുൾപ്പെടുന്നു. തുണിത്തരങ്ങൾ, തുകൽ, പാദരക്ഷകൾ, എൻജിനീയറിങ് ഉല്പന്നങ്ങൾ, സംസ്കരിച്ച ഭക്ഷണങ്ങൾ തുടങ്ങിയ തൊഴിലധിഷ്ഠിത മേഖലകൾക്ക് ഇത് വലിയ കരുത്തേകും.

- ന്യൂസിലൻഡിന്റെ മറ്റ് വ്യാപാര പങ്കാളികൾക്ക് ലഭിക്കുന്ന അതേ പരിഗണന ഇന്ത്യൻ ഉല്പന്നങ്ങൾക്കും ലഭിക്കും. വിപണിയിൽ പ്രവേശിക്കുന്ന നിമിഷം മുതൽ നികുതി രഹിത ആനുകൂല്യം ലഭിക്കുന്നതിലൂടെ ന്യൂസിലൻഡ് വിപണിയിൽ മറ്റ് വിദേശ ഉല്പന്നങ്ങളുമായി തുല്യനിലയിൽ മത്സരിക്കാൻ ഇന്ത്യയ്ക്ക് സാധിക്കും.

- 2047-ഓടെ 'വികസിത ഇന്ത്യ' എന്ന ലക്ഷ്യത്തെ പിന്തുണയ്ക്കാൻ രൂപകല്പന ചെയ്ത 'പുതുതലമുറ വ്യാപാര കരാറാ'ണിത്. നികുതി ഇളവുകൾ, പ്രതിഭാ കൈമാറ്റം, നിക്ഷേപം, കാർഷിക ഉല്പാദനക്ഷമത എന്നിവയിലൂടെ യുവജനങ്ങളെയും കർഷകരെയും സ്ത്രീകളെയും കരകൗശല തൊഴിലാളികളെയും ചെറുകിട ഇടത്തരം സംരംഭങ്ങളെയും കരാർ ശാക്തീകരിക്കും.

- ഉഭയകക്ഷി വ്യാപാര മൂല്യത്തിന്റെ 95 ശതമാനം വരുന്ന 70.03 ശതമാനം ഉല്പന്ന വിഭാഗങ്ങളിൽ ഇന്ത്യ നികുതി ഇളവ് നൽകിയിട്ടുണ്ട്. അതേസമയം, ഇന്ത്യയിലെ തന്ത്രപ്രധാന മേഖലകളെ സംരക്ഷിക്കുന്നതിന് 29.97 ശതമാനം വിഭാഗങ്ങളെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

- **സംരക്ഷണത്തിനായി ഒഴിവാക്കിയ ഉല്പന്നങ്ങൾ:** കർഷകർ, ഗ്രാമീണ സമ്പദ് വ്യവസ്ഥ, ആഭ്യന്തര വ്യവസായങ്ങൾ എന്നിവയെ സംരക്ഷിക്കുന്നതിന് ചില ഉല്പന്നങ്ങളെ കരാറിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. പാലുൽപ്പന്നങ്ങൾ, ആട്ടിറച്ചി ഒഴികെ ജന്തുജന്യ ഉല്പന്നങ്ങൾ, കാർഷികോല്പന്നങ്ങൾ (ഉള്ളി, കടല, പയറുവർഗങ്ങൾ, ചോളം, ബദാം തുടങ്ങിയവ), പഞ്ചസാര, കൃത്രിമ തേൻ, സസ്യ/മൃഗ എണ്ണകൾ എന്നിവ ഇതിലുൾപ്പെടുന്നു. കൂടാതെ ആയുധങ്ങൾ, വെടിക്കോപ്പുകൾ, രത്നങ്ങൾ, ആഭരണങ്ങൾ, ചെമ്പ്, അലുമിനിയം അധിഷ്ഠിത ഉല്പന്നങ്ങൾ എന്നിവയും പട്ടികയിലുണ്ട്.




നിശ്ചിത ഉല്പന്ന നികുതി വ്യവസ്ഥകളും ഉടനടി ഒഴിവാക്കും. തടി, കമ്പിളി, ആട്ടിറച്ചി, തുകൽ, അസംസ്കൃത തോലുകൾ തുടങ്ങിയ ഉല്പന്നങ്ങൾ ഇതിലുൾപ്പെടുന്നു.

- പെട്രോളിയം ഓയിൽ, മാൾട്ട് എക്സ്ട്രാക്റ്റുകൾ, സസ്യ എണ്ണകൾ, തിരഞ്ഞെടുത്ത ഇലക്ട്രിക്കൽ-മെക്കാനിക്കൽ യന്ത്രങ്ങൾ, പെപ്റ്റോണുകൾ തുടങ്ങി 35.6% ഉല്പന്നങ്ങളുടെ നികുതി മൂന്നാമത്തെയും അഞ്ചാമത്തെയും ഏഴാമത്തെയും പത്താമത്തെയും വർഷങ്ങളിൽ ഘട്ടം ഘട്ടമായി ഒഴിവാക്കും.

- പഠനാനന്തര തൊഴിൽ വിസ: ന്യൂസിലൻഡിലെ വിദ്യാർത്ഥികൾക്ക് പഠനശേഷം ജോലി ചെയ്യാൻ വിസകൾ പ്രോത്സാഹിപ്പിക്കും. ഇതിന് എണ്ണത്തിൽ പരിധിയില്ല. ശാസ്ത്ര സാങ്കേതിക എൻജിനീയറിങ് ഗണിത മേഖലകളിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർക്ക് മൂന്ന് വർഷം വരെയും ഡോക്ടറൽ ഗവേഷകർക്ക് നാലുവർഷം വരെയും ജോലി ചെയ്യാൻ അനുമതി ലഭിക്കും.

ഇന്ത്യൻ പ്രൊഫഷണലുകൾക്ക് 5,000 'താൽക്കാലിക തൊഴിൽ പ്രവേശന വിസകൾ' എന്ന പ്രത്യേക വിഹിതം അനുവദിക്കും.

- ആപ്പിൾ, കിവിഫ്രൂട്ട്, മനുക്ക തേൻ എന്നിവയ്ക്കായി 'മികവു കേന്ദ്ര'ങ്ങളും കാർഷിക പങ്കാളിത്തവും ആരംഭിക്കും. ഇത് കർഷകരുടെ വരുമാനം വർധിപ്പിക്കാനും അറിവ് പങ്കുവെക്കാനും സഹായിക്കും.

- കാർഷിക ഉല്പാദനക്ഷമതയിലെ സഹകരണത്തിലൂടെയും ക്വാട്ടകൾ, കുറഞ്ഞ ഇറക്കുമതി വില എന്നിവയുൾപ്പെടെ നിയന്ത്രിത വിപണി പ്രവേശന സംവിധാനങ്ങളിലൂടെയും ആഭ്യന്തര ഉല്പാദകർക്ക് സംരക്ഷണമുറപ്പാക്കും.

**ഗുണനിലവാര പരിശോധന അംഗീകാരം:** കുറഞ്ഞ ചെലവിൽ മരുന്നുകൾ വിതരണം ചെയ്യുന്ന രാജ്യമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനമുറപ്പിക്കാൻ മരുന്നുകൾക്കും മെഡിക്കൽ ഉപകരണങ്ങൾക്കും നികുതി ഒഴിവാക്കുന്നതും അതിവേഗ അനുമതിയും കരാറിലുണ്ട്. കൂടാതെ യുഎസ്, യൂറോപ്യൻ യൂണിയൻ, യുകെ, കാനഡ എന്നിവിടങ്ങളിലെ വിപണി നിയന്ത്രണ സമിതികൾ നടത്തുന്ന പരിശോധനകൾക്ക് അംഗീകാരവും ലഭിക്കും.



അഞ്ച് ഔദ്യോഗിക ചർച്ചകൾക്കും നിരവധി ഇടക്കാല കൂടിക്കാഴ്ചകൾക്കും ശേഷം 2025 ഡിസംബർ 22-ന് ഇരുരാജ്യങ്ങളും കരാറിൽ ധാരണയിലെത്തി. വെറും ഒൻപത് മാസത്തിനകമാണ് ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ പൂർത്തിയാക്കിയതെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു. വികസിത രാജ്യങ്ങളുമായി ഇന്ത്യ ഒപ്പുവെക്കുന്ന ഏറ്റവും വേഗമേറിയ കരാറുകളിൽ ഒന്നാണിത്. കഴിഞ്ഞ മൂന്നര വർഷത്തിനിടെ ഇന്ത്യ പൂർത്തിയാക്കുന്ന ഏഴാമത്തെ കരാറാണിത്. ആകെ 9 സ്വതന്ത്ര വ്യാപാര കരാറുകൾ പൂർത്തിയാക്കിയതിലൂടെ 38 വികസിത രാജ്യങ്ങളെ ഇന്ത്യ വ്യാപാര ശൃംഖലയിൽ ഉൾപ്പെടുത്തി. ആഗോള ജിഡിപിയുടെ ഏകദേശം 65 മുതൽ 70 ശതമാനം വരെ ഈ കരാറുകൾക്ക് കീഴിൽ വരും.



# ഇന്ത്യ

## ആഗോള സമ്പദ് വ്യവസ്ഥയുടെ സുപ്രധാന സ്തംഭം


***ഇന്ത്യയും കൊറിയയും തമ്മിൽ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള സാംസ്കാരിക ബന്ധങ്ങളുണ്ട്. ബന്ധം ശക്തിപ്പെടുത്തുന്നതിനും പുതുക്കുന്നതിനുമായി, കൊറിയൻ പ്രസിഡന്റ് ലീ ജെയ്-മ്യുങ് ഏപ്രിൽ 19 മുതൽ 21 വരെ ഇന്ത്യ സന്ദർശിച്ചു. സന്ദർശന വേളയിൽ, കപ്പൽ നിർമ്മാണം, സമുദ്രമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം, പരിസ്ഥിതി തുടങ്ങി ഒട്ടേറെ സുപ്രധാന മേഖലകളെക്കുറിച്ച് ഇരു രാജ്യങ്ങളും ചർച്ച നടത്തുകയും കരാറുകളിലെത്തുകയും ചെയ്തു. ഉഭയകക്ഷി ബന്ധങ്ങളും പരസ്പര പങ്കാളിത്തവും കൂടുതൽ ആഴത്തിലാക്കാൻ ഇരുരാജ്യങ്ങളും തീരുമാനിച്ചു.***

എട്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷമുള്ള ഒരു കൊറിയൻ പ്രസിഡന്റിന്റെ ഇന്ത്യാ സന്ദർശനം, പ്രസിഡന്റ് ലീ ജെയ്-മ്യുങ്ങിന്റെ ആദ്യ സന്ദർശനം കൂടിയായിരുന്നു. ജനാധിപത്യ മൂല്യങ്ങൾ, വിപണി സമ്പദ് വ്യവസ്ഥ, നിയമവാഴ്ചയോടുള്ള ആദരവ് എന്നിവ ഇരു രാജ്യങ്ങളുടെയും ഡിഎൻഎയിൽ ഉൾച്ചേർന്നിട്ടുണ്ടെന്ന് സന്ദർശന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസ്താവിച്ചു. ഇന്തോ-പസഫിക് മേഖലയിൽ ഇരു രാജ്യങ്ങളും സമാന താത്പര്യങ്ങൾ പങ്കിടുന്നു. ഈ ഉറച്ച അടിത്തറയിലൂന്നി ഉഭയകക്ഷി ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെ, കഴിഞ്ഞ ദശകത്തിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം കൂടുതൽ ചലനാത്മകവും സമഗ്രവുമായി മാറിയിരിക്കുന്നു. കൊറിയൻ പ്രസിഡന്റിന്റെ സന്ദർശനത്തിലൂടെ, ഈ വിശ്വസനീയ പങ്കാളിത്തം ഇപ്പോൾ ഭാവിസജ്ജമായ പങ്കാളിത്തമായി പരിണമിക്കാൻ ഒരുങ്ങുകയാണ്. ചിപ്പുകൾ മുതൽ കപ്പലുകൾ വരെ, പ്രതിഭ മുതൽ സാങ്കേതികവിദ്യ വരെ, പരിസ്ഥിതി മുതൽ ഊർജ്ജം വരെ, സമസ്ത മേഖലകളിലും സഹകരണത്തിനുള്ള പുതിയ അവസരങ്ങൾ തുറക്കപ്പെടും.

ലോകത്തിലെ നാലാമത്തെ വലിയ സമ്പദ് വ്യവസ്ഥയും 140 കോടി ജനസംഖ്യയുമുള്ള ഇന്ത്യ ആഗോള സമ്പദ് വ്യവസ്ഥയുടെ സുപ്രധാന സ്തംഭമായി നിലകൊള്ളുന്നുവെന്ന് കൊറിയൻ പ്രസിഡന്റ് ലീ ജെയ്-മ്യുങ് അഭിപ്രായപ്പെട്ടു.

## ധാരണാപത്രങ്ങൾ

- തുറമുഖ മേഖലയിലെ സഹകരണം
- ഒരു വ്യാവസായിക സഹകരണ സമിതിയുടെ സ്ഥാപനം.
- ഉരുക്ക് വിതരണ ശൃംഖലയ്ക്കായി സാങ്കേതികവിദ്യ, വ്യാപാരം എന്നീ മേഖലകളിലെ സഹകരണം.
- ചെറുകിട, ഇടത്തരം സംരംഭ (എസ്എംഇ) മേഖലയിലെ സഹകരണം.
- സമുദ്ര പൈതൃക മേഖലയിലെ സഹകരണം.
- എൻപിസിഐ ഇന്റർനാഷണൽ പേയ്മെന്റ്സ് ലിമിറ്റഡും കൊറിയ ഫിനാൻഷ്യൽ ടെലികമ്മ്യൂണിക്കേഷൻസ് ആൻഡ് ക്ലിയറിങ് ഇൻസ്റ്റിറ്റ്യൂട്ടും (കെടിഎഫ്സി) തമ്മിലുള്ള കരാർ.
- ശാസ്ത്ര സാങ്കേതിക മേഖലകളിലെ സഹകരണം.
- ഇന്ത്യ-കൊറിയ ഡിജിറ്റൽ പങ്കാളിത്തത്തിനുള്ള ചട്ടക്കൂട്.
- കാലാവസ്ഥ, പരിസ്ഥിതി മേഖലകളിലെ സഹകരണം.
- ഇന്ത്യയും ദക്ഷിണ കൊറിയയും തമ്മിൽ 2026-2030 കാലയളവിലേക്കുള്ള സാംസ്കാരിക വിനിമയം.
- സാംസ്കാരിക മേഖലയിലെയും സർഗ്ഗാത്മക വ്യവസായങ്ങളിലെയും സഹകരണം.
- കായിക മേഖലയിലെ സഹകരണം.




## പ്രഖ്യാപനങ്ങൾ...

- സാമ്പത്തിക സുരക്ഷാ സംഭാഷണത്തിന് തുടക്കം.
- വിശിഷ്ട സന്ദർശക പരിപാടിയുടെ (ഡിവിപി) ആരംഭം.
- കാലാവസ്ഥാ വ്യതിയാനം, ആർട്ടിക്, സമുദ്ര സഹകരണം എന്നിവയുൾപ്പെടെ ആഗോള വിഷയങ്ങളിൽ ഇരുവിദേശകാര്യ മന്ത്രാലയങ്ങളും തമ്മിലുള്ള സംഭാഷണത്തിന് തുടക്കം.
- ഇന്തോ-പസഫിക് സമുദ്ര സംരംഭത്തിൽ (IPOI) ദക്ഷിണ കൊറിയയുടെ പങ്കാളിത്തം.
- അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിൽ ദക്ഷിണ കൊറിയയുടെ പങ്കാളിത്തവും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ (GGGI) ഇന്ത്യയുടെ അംഗത്വവും.
- 2028-29 വർഷം ഇന്ത്യ-ദക്ഷിണ കൊറിയ സൗഹൃദ വർഷമായി ആചരിക്കുന്നു.

## പ്രധാന സവിശേഷതകൾ...

- വ്യാപാര സഹകരണം സാധ്യമാക്കുന്നതിനായി ഒരു വ്യാവസായിക സഹകരണ സമിതി രൂപീകരിച്ചു.
- കൊറിയൻ കമ്പനികൾക്ക്, പ്രത്യേകിച്ച് ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എസ്എംഇ) ഇന്ത്യയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനായി കൊറിയൻ വ്യാവസായിക ടൗൺഷിപ്പുകൾ സ്ഥാപിക്കും.
- ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര കരാർ അടുത്ത ഒരു വർഷത്തിനുള്ളിൽ പുതുക്കും.
- 2028 ൽ ഇന്ത്യയിൽ ഒരു ഇന്ത്യ-കൊറിയ സൗഹൃദ ഉത്സവം സംഘടിപ്പിക്കും.
- ജനങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് വിദ്യാഭ്യാസം, ഗവേഷണ സഹകരണം, വിനോദസഞ്ചാരം എന്നിവ പ്രോത്സാഹിപ്പിക്കും.



ഇന്ത്യയും കൊറിയയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം നിലവിൽ 27 ബില്യൺ ഡോളറിലെത്തിയിട്ടുണ്ട്, 2030 ആകുമ്പോഴേക്കും ഇത് 50 ബില്യൺ ഡോളറിലധികം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം സുഗമമാക്കുന്നതിനായി ഇന്ത്യ-കൊറിയ സാമ്പത്തിക ഫോറത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.●

# കഥകിന് പുതിയ മാനങ്ങൾ നൽകിയ പ്രതിഭ



*കഥകിന്റെ പരമ്പരാഗത അതിർവരമ്പുകൾക്കപ്പുറം, ആ കലാരൂപത്തിന് ഒരു പുതിയ രൂപവും ദിശയും കുമുദിനി ലഖിയ പകർന്ന് നൽകി, അതിനായി സ്വജീവിതം സമർപ്പിച്ചു. അവർ കഥക് പഠിക്കുക മാത്രമല്ല, പഠിപ്പിക്കുകയും ചെയ്തു. അതുകൊണ്ടാണ് അവരുടെ നാമം ഇപ്പോൾ കഥകിന്റെ പര്യായമായി കണക്കാക്കപ്പെടുന്നത്. ഭാവനയിലൂടെയും നൂതനമായ അവതരണങ്ങളിലൂടെയും, അവർ കഥക് നൃത്തത്തിന് പുതിയ മാനങ്ങൾ നൽകി, ഇന്ത്യൻ ശാസ്ത്രീയ നൃത്തത്തിന്റെ മഹത്തായ വക്താക്കളിൽ ഒരാളായി അവർ കണക്കാക്കപ്പെടുന്നു, സമ്പന്നവും ശാശ്വതവുമായ ഒരു പൈതൃകം കുമുദിനി ലഖിയ അവശേഷിപ്പിച്ചു...*

**ജനനം: 1930 മെയ് 17 | മരണം: 2025 ഏപ്രിൽ 12**

ഇന്ത്യയിലെ പ്രശസ്ത നർത്തകിയും കഥകിന് പുതിയ ദിശാബോധവും മാനങ്ങളും നൽകിയ ദാർശനിക പ്രതിഭയുമായ കുമുദിനി ലഖിയ 1930 മെയ് 17 ന് ഗുജറാത്തിലെ അഹമ്മദാബാദിൽ ജനിച്ചു. കുട്ടിക്കാലം മുതൽ തന്നെ അവർക്ക് കലകളോട് സ്വാഭാവികമായ ഒരു അഭിനിവേശം ഉണ്ടായിരുന്നു. തത്ഫലമായി, ഏഴാം വയസ്സിൽ കഥകിൽ പരിശീലനം ആരംഭിച്ച അവർ, ആ മേഖലയിലെ ഒരു മുൻനിര കലാകാരിയായി പരിണമിച്ചു. കഥകിനെ പരിവർത്തനം ചെയ്തതിന്റെ ബഹുമതി അവർക്ക് അവകാശപ്പെട്ടതാണ്. 1960 കളിൽ ഏകാംഗ നൃത്ത വിഭാഗത്തിന്റെ പരിധിക്കപ്പുറത്തേക്ക് കഥകിനെ ഒരു സംഘ നൃത്തരൂപമാക്കി അവർ പരിണമിപ്പിച്ചു. കൂടാതെ, സമകാലിക ആഖ്യാനങ്ങൾ നൃത്ത പ്രകടനങ്ങളിൽ ഉൾപ്പെടുത്തുന്നത് പോലുള്ള നൂതനാശയങ്ങൾ അവതരിപ്പിച്ചുകൊണ്ട് അവർ കഥകിനെ പുനർജ്ജീവിപ്പിച്ചു.

വേദികളിൽ, കഥകിന് ഒരു പുതിയ രൂപം, ദർശനം, സൗന്ദര്യശാസ്ത്രം എന്നിവ നൽകിയ കുമുദിനി ലഖിയ, 1964 ൽ അഹമ്മദാബാദിൽ കദംബ് സ്കൂൾ ഓഫ് ഡാൻസ് ആൻഡ് മ്യൂസിക് സ്ഥാപിച്ചു. ഇന്ത്യൻ നൃത്തത്തിനും സംഗീതത്തിനും വേണ്ടി സമർപ്പിച്ച ഒരു സ്ഥാപനമാണിത്. കഥകിന്റെ സാങ്കേതികത, പദാവലി, അവതരണം എന്നിവയുടെ വികസനത്തിനായി ഈ സ്ഥാപനം അതിന്റെ മുഴുവൻ ശ്രദ്ധയും വീക്ഷണവും സമർപ്പിച്ചു. ഈ സ്ഥാപനത്തിലൂടെ അവർ എണ്ണമറ്റ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും അവർക്ക് മാർഗനിർദേശം നൽകുകയും ചെയ്തു. നൂതനമായ സമകാലിക വ്യാഖ്യാനങ്ങളിലൂടെ കഥക് പ്രകടനങ്ങൾക്ക് അവർ ഒരു പുതിയ കാഴ്ചപ്പാട് നൽകി. ഇക്കാരണത്താൽ, കഥകിൽ നൂതനമായ പരീക്ഷണങ്ങൾക്ക് തുടക്കമിട്ടതിന്റെ ബഹുമതി അവർക്കാണ്. മാത്രമല്ല, 'ഉംറാവു ജാൻ' എന്ന ഹിന്ദി ചിത്രത്തിനായി അവർ നൃത്തസംവിധാനം ചെയ്തു.

1987ൽ, ഇന്ത്യാ ഗവൺമെന്റ് അവരെ പത്മശ്രീ നൽകി ആദരിച്ചു, തുടർന്ന് 2010 ൽ പത്മഭൂഷൺ നൽകി. 2025 ൽ, കലാ മേഖലയ്ക്ക് നൽകിയ സംഭാവനകൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമു അവർക്ക് മരണാനന്തരം പത്മവിഭൂഷൺ നൽകി ആദരിച്ചു. അവർക്ക് വേണ്ടി അവരുടെ ചെറുമകൻ പുരസ്ക്കാരം സ്വീകരിച്ചു. ഏകദേശം എഴുപത്തിയഞ്ച് വർഷം നീണ്ടുനിന്ന സുദീർഘവും വിജയകരവുമായ നൃത്ത ജീവിതത്തിനിടെ, അമ്പതിലധികം രാജ്യങ്ങളിൽ അവർ പ്രകടനങ്ങൾ നടത്തി.

2025 ഏപ്രിൽ 12 പ്രഭാതത്തിൽ 94 വയസ്സുള്ളപ്പോൾ അവർ അന്തരിച്ചു. അഹമ്മദാബാദിലെ വീട്ടിൽ വെച്ചാണ് അവർ അന്ത്യശ്വാസം വലിച്ചത്. അവരുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു, 'ഒരു മഹത്തായ സാംസ്കാരിക പ്രതീകമായി വ്യക്തിമുദ്ര പതിപ്പിച്ച കുമുദിനി ലഖിയ ജിയുടെ വിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. കഥക് എന്ന ഇന്ത്യൻ ശാസ്ത്രീയ നൃത്തത്തോടുള്ള അഭിനിവേശം കാലങ്ങളോളം അവരുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ പ്രതിഫലിച്ചു. ഒരു യഥാർത്ഥ അഗ്രഗാമിയെന്ന് വിശേഷിപ്പിക്കാവുന്ന അവർ തലമുറകളെ സ്വാധീനിച്ച നർത്തകരെ വളർത്തിയെടുത്തു. അവരുടെ സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടും.'



PMO India
@PMOIndia

भारत को विकसित बनाने का मिशन अनवरत चल रहा है।

और जब मैं विकसित भारत की बात करता हूं... तो उसका सबसे मजबूत स्तंभ भारत की नारीशक्ति है: PM @narendramodi



Rajnath Singh
@rajnathsingh

हमें AI का सिर्फ उपयोग ही नहीं, बल्कि उसे सही दिशा भी देनी है। सामूहिक प्रयासों और अंतरराष्ट्रीय सहयोग से ही इसकी शक्ति का सार्थक उपयोग संभव है। भारत इस दिशा में तेज़ी से आगे बढ़ रहा है। भारतीय अब केवल नए मॉडल ही नहीं बना रहे, बल्कि वैश्विक स्तर पर प्रतिस्पर्धी और कई मामलों में बेहतर मॉडल विकसित कर रहे हैं।



Amit Shah
@AmitShah

मोदी जी के नेतृत्व में केंद्रीय कैबिनेट ने प्रधानमंत्री ग्राम सड़क योजना-III को ₹83,977 करोड़ की लागत से जारी रखने की स्वीकृति दी है। इसमें ग्रामीण कृषि बाजारों (GrAMs), स्कूलों और अस्पतालों को कनेक्टिविटी से जोड़ने को प्राथमिकता दी गई है। इससे ग्रामीण अर्थव्यवस्था को मजबूती मिलेगी, रोजगार के अवसर बढ़ेंगे और यातायात भी अधिक सुगम होगा।
#CabinetDecisions



Nitin Gadkari
@nitin_gadkari

🇮🇳 आयुष्मान भारत संकल्पना स्वस्थ और सेहतमंद भारत की नींव है। प्रधानमंत्री श्री @narendramodi जी के नेतृत्व में 🇮🇳 देश में कार्यान्वित प्रधानमंत्री जन स्वास्थ्य योजना आर्थिक रूप से कमजोर लोगों के लिए वरदान साबित हो रही है।🩺💊💉🩸

#AyushmanBharatDiwas
#आयुष्मान_भारत_दिवस



Dharmendra Pradhan
@dpradhanbjp

माननीय प्रधानमंत्री श्री @NarendraModi जी के मार्गदर्शन में देश आज अपनी विरासत को नए आत्मविश्वास के साथ पुनर्स्थापित कर रहा है और कारीगरों की प्रतिभा को वैश्विक पहचान दिलाने का संकल्प निरंतर सशक्त हो रहा है।

इस प्रेरक पहल के लिए आयोजकों को बहुत-बहुत बधाई, जो हमारे बुनकरों और कारीगरों को एक सशक्त मंच प्रदान करते हुए सराहनीय कार्य कर रहे हैं। ऐसे प्रयास 'विकसित भारत 2047' को नई ऊर्जा देते हैं।




Dr Mansukh Mandaviya
@mansukhmandviya

'अंत्योदय' के मंत्र और मोदी सरकार के संकल्प से, आज कश्मीर के श्रमिकों को मिला उनका पहला ESIC अस्पताल।

📍 ओमपोरा, बडगाम

ON THE DAY VOTING ENDED IN BENGAL, MODI SHOWCASED GANGA EXPRESSWAY AS UP'S DOUBLE-ENGINE GOVT

## Modi: New eway will be lifeline of UP's development



UP'S LONGEST EXPRESSWAY TO BOOST SPEED AND CONNECTIVITY

## Modi urges citizens to actively participate in Census exercise

HT Correspondent



Narendra Modi

## Census 2027: PM assures citizens of data security, urges keen participation

Our Bureau
New Delhi



PM Narendra Modi

The PM said Census is a very important campaign currently underway in the country and every Indian must be aware of it.

## Modi highlights farm benefits as India, NZ sign free trade deal

Rajeev Jayaswal



Commerce minister Piyush Goyal with his New Zealand counterpart Todd McClay in Delhi on Monday.

## 'Working on details of special visa for Indian skilled workers'

Rezaul H Laskar


## On a boat ride, Modi says Ganga flows 'through the soul of Bengal'



PM Narendra Modi tries his hand at photography during a boat ride on the Hooghly river in Kolkata on Friday



BATTLEGROUND WEST BENGAL



# അഞ്ച് പ്രതിജ്ഞകളുമായി ചാർധാം യാത്ര

अग्निष्टोमादिभिर्यज्ञैरिष्ट्वा विपुलदक्षिणैः।

न तत्फलमवाप्नोति तीर्थाभिगमनेन यत् ॥

*ഇതിന്റെ അർത്ഥം... **വലിയ യജ്ഞങ്ങളിൽ നിന്നും ദാനങ്ങളിൽ നിന്നും നമുക്ക് മഹത്തായ പുണ്യം ലഭിക്കുന്നു. എന്നാൽ, തീർത്ഥാടനങ്ങളിൽ നിന്ന് നമുക്ക് അതിലധികം പുണ്യം ലഭിക്കുന്നു.***

*ഉത്തരാഖണ്ഡിലെ പുണ്യഭൂമിയായ ദേവഭൂമിയിൽ ചാർ ധാം യാത്ര ആരംഭിച്ചു. ബാബ കേദാറിന്റെ ദർശനം ഉൾപ്പെടെ നാല് പുണ്യസ്ഥലങ്ങളിലേക്കുള്ള ഈ തീർത്ഥാടനം ഇന്ത്യയുടെ ശാശ്വത സാംസ്കാരിക അവബോധത്തിന്റെ ആഘോഷമായി നിലകൊള്ളുന്നു. ഈ തീർത്ഥാടനത്തിന്റെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ പൗരന്മാർക്ക് പ്രചോദനാത്മകമായ ഒരു കത്ത് എഴുതി, 'ഒരു ഡിജിറ്റൽ ഉപവാസം ആചരിക്കാനും' 'പ്രകൃതി സൗന്ദര്യം യഥാർത്ഥത്തിൽ അനുഭവിക്കാൻ ശ്രമിക്കാനും' അവരെ ഉദ്ബോധിപ്പിച്ചു. താഴെപ്പറയുന്ന അഞ്ച് പ്രതിജ്ഞകൾ സ്വീകരിക്കാൻ അദ്ദേഹം അവരോട് ആഹ്വാനം ചെയ്തു:*

1. **ശുചിത്വം പരമ പ്രധാനം:** തീർത്ഥാടന കേന്ദ്രങ്ങളിലും പരിസര പ്രദേശങ്ങളിലും ശുചിത്വം പാലിക്കുക. നദികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് പരിശ്രമം നടത്തുക.
2. **പ്രകൃതിയോടും പരിസ്ഥിതിയോടും സംവേദനക്ഷമത പുലർത്തുക:** പവിത്രമായ ഹിമാലയത്തോട് സംവേദനക്ഷമത പുലർത്തുക. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിന് സംഭാവന നൽകുക.
3. **സേവനം, സഹകരണം, ഐക്യം:** തീർത്ഥാടകർ എല്ലാ ദിവസവും ഏതെങ്കിലും രൂപത്തിൽ മറ്റുള്ളവർക്കായി കുറഞ്ഞത് ഒരു സേവന പ്രവർത്തനമെങ്കിലും ലക്ഷ്യമാക്കണം.
4. **'വോക്കൽ ഫോർ ലോക്കൽ' ആശയത്തെ പ്രോത്സാഹിപ്പിക്കുക:** യാത്രയ്ക്കിടെ നിങ്ങളുടെ മൊത്തം ചെലവിന്റെ അഞ്ച് ശതമാനം പ്രാദേശിക ഉത്പന്നങ്ങൾ വാങ്ങുന്നതിനായി നീക്കിവയ്ക്കുക.
5. **അച്ചടക്കം, സുരക്ഷ, നിയന്ത്രണം എന്നിവ പാലിക്കുക:** സുരക്ഷിതവും സുഗമവുമായ യാത്ര ഉറപ്പാക്കാൻ തീർത്ഥാടന ചട്ടങ്ങളും ഗതാഗത മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കുക.


ന്യൂ ഇന്ത്യ **സമാചാർ** ദ്വൈവാരിക

**RNI NO.: DELENG/2020/78811 MAY 16-31, 2026**

RNI Registered No DELENG/2020/78811 (Publishing Date: April 30,2026 Pages: 42)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003